# ജാമക്കാരൻ

WATCHMAN

കാവൽക്കാരൻ




(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com




**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ വായനക്കാർ ഏവർക്കും എന്റെ ആശംസകൾ,

ഈ മാസിക നിങ്ങളുടെ കൈകളിൽ ലഭിക്കുന്ന 2014 സെപ്റ്റംബർ മാസത്തിൽ എന്റെ ദൈവവേല ആരംഭിച്ചിട്ട് 50 വർഷം പൂർത്തിയാകുന്ന വിവരം വളരെ സന്തോഷത്തോടെ ഞാൻ നിങ്ങളെ അറിയിക്കുന്നു.

നേരത്തേ എന്റെ പ്രസംഗത്തിലും മാസികയിലും പലപ്പോഴും അറിയിച്ചിരുന്ന കാര്യങ്ങൾ ഒരുമിച്ചു ചേർത്തു എല്ലാവരുടെ അറിവിലേക്കുമായും ദൈവത്തെ സ്തുതിക്കാനുമായി **'ശുശ്രൂഷയിൽ എന്റെ 50 വർഷ അനുഭവങ്ങൾ'** എന്ന തലക്കെട്ടിൽ അടുത്ത പേജിൽ നിങ്ങൾക്ക് വായിക്കാവുന്നതാണ്. 50 വർഷം ദൈവവേല പൂർത്തിയായ എന്റെ മലയാള 'ജാമക്കാരൻ' (കാവൽക്കാരൻ) വായനക്കാർ ചേർന്നു കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ വെച്ച് ഒരു സ്തോത്രപ്രാർത്ഥന നടത്താൻ ആഗ്രഹിച്ചു. അങ്ങനെയുള്ള ആഘോഷങ്ങളോ, പരസ്യങ്ങളോ ഞാൻ ഇഷ്ടപ്പെടാത്തതുകൊണ്ട് ആ ഏർപ്പാടുകൾ വേണ്ട എന്ന് തീരുമാനിച്ചു. ആ വിവരം അതിനു തയ്യാറെടുത്തവരെ ഞാൻ നന്ദിയോടെ അറിയിച്ചിട്ടുണ്ട്. എന്നെ സ്നേഹിക്കുന്നവരും, എന്റെ വായനക്കാരും ഈ ദിവസങ്ങളിൽ എന്നോട് ചേർന്ന് അവരവരുടെ സ്ഥലത്തുവെച്ച് പ്രാർത്ഥിച്ചു സ്തുതിച്ചാൽ മതി എന്നു അഭ്യർത്ഥിക്കുന്നു.

തുടർന്നും നിങ്ങൾ എല്ലാവർക്കുമായി പതിവുപോലെ പ്രാർത്ഥിക്കും. തുടർന്നു ദൈവവേല തുടരും എന്നു കർത്താവിൽ വിശ്വസിക്കുന്നു.

**ഡോ.പുഷ്പരാജ്**


SEPTEMBER 2014

# ശുശ്രൂഷയിൽ എന്റെ 50 വർഷ അനുഭവങ്ങൾ

ഈ സെപ്റ്റംബർ മാസത്തോടെ ദൈവവേലയിൽ 50 വർഷം തികച്ചു 51-ാം വർഷത്തിലേക്ക് പ്രവേശിക്കുവാൻ ദൈവകൃപയാൽ എനിക്ക് സാധിച്ചു. ആഘോഷങ്ങളോ, ആർഭാടങ്ങളോ, പരസ്യങ്ങളോ ഇല്ലാതെ, എന്റെ വ്യക്തിപരമായ പ്രാർത്ഥനയിൽ, ദൈവത്തിന് നന്ദി അർപ്പിക്കുവാൻ ദൈവം സഹായിച്ചു. യാതൊരു യോഗ്യതയും ഇല്ലാത്ത എന്നെ, ഈ വ്യത്യസ്തമായ ശുശ്രൂഷക്കായി തെരഞ്ഞെടുത്ത്, കർത്താവായ യേശുക്രിസ്തുവിന്റെ കൃപയാൽ 50 വർഷം പൂർത്തീകരിച്ച്, അതേ കൃപയിൽ 51-ാം വർഷവും തുടർന്ന് ദൈവവേല ചെയ്തുകൊണ്ടിരിക്കുന്നു.

എനിക്ക് ശക്തി നൽകിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്നെ (Dr. പുഷ്പരാജായ എന്നെ) വിശ്വസ്തൻ എന്ന് എണ്ണി (മറ്റു ശുശ്രൂഷകന്മാർ എന്നെ എതിർത്താലും, ഭീഷണിപ്പെടുത്തിയാലും, ഫോൺമുഖേനയും, കത്തു മുഖാന്തിരവും അസഭ്യം പറഞ്ഞ് നിന്ദിച്ചാലും സാമ്പത്തികസഹായം നിറുത്തിയാലും ഇവൻ സഹിക്കുമെന്ന് യോഗ്യതയില്ലാത്ത എന്നെ കർത്താവ് വിശ്വസിച്ചു) ശുശ്രൂഷയ്ക്കാക്കിയതുകൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു (1 Timo 1:12).

1964-ൽ ഞാൻ രക്ഷിക്കപ്പെട്ടു. രക്ഷിക്കപ്പെട്ടയുടനെ ബംഗാരപേട്ട ബൈബിൾ കോളേജിൽ ഹ്രസ്വകാല കോഴ്സ് (Short term) പഠിച്ചു. Rev.Dr. തിയോഡർ വില്യംസ്, Rev.Raice മുതലായവർ എന്റെ അദ്ധ്യാപകർ ആയിരുന്നു. അതിനുശേഷം ഡാനിഷ്പേട്ട് Bethal Fellowship മിഷൻ ആശുപത്രിയിൽ ഡോക്ടർ ആയി ജോലി ചെയ്തു. 1953-ൽ ആദ്യമായി ഏഷ്യയിൽ സഹോ.പി.സാമുവൽ അവർകൾ വി.ബി.എസ് തുടങ്ങി. അദ്ദേഹത്തിന്റെ പ്രത്യേക പരിശീലനത്തിൽ, എന്നെ വി.ബി.എസ് ഡയറക്ടർ ആയി തമിഴ്നാട്ടിൽ കുട്ടികളുടെ ഇടയിൽ മറ്റുചിലരോടും ചേർന്ന് ശുശ്രൂഷയ്ക്ക് നിയമിച്ചു. അതിനുശേഷം. ഞാനും Rev.Dr. തിയോഡർ വില്യംസ്, സഹോ.വിക്ടർ മനോഹരം (Youth for Christ) മുതലായവരോടും ചേർന്ന് college വിദ്യാർത്ഥികളുടെ ഇടയിലും, സഭകളിലും, കൺവെൻഷൻ പ്രസംഗികനായി പ്രവർത്തിച്ചു പോന്നു.

**ദൈവവേല റേഡിയോയിലൂടെ**

ആദ്യമായി FEBA റേഡിയോയിൽ പ്രസംഗിക്കുവാൻ സഹോ.എമിൽ ജപസിംഗ് (വിശ്വവാണി, FMPB, General Secretary) അവർകൾ, ഗുഡ്ന്യൂസ് (സദ് വാർത്ത) എന്ന പേരിൽ, റേഡിയോ പരിപാടികൾ നടത്തി വന്നിരുന്ന Rev.Apple.B (ആപ്പിൾ.ബി) എന്ന വ്യക്തിക്ക് എന്നെ പരിചയപ്പെടുത്തി. അവർ മുഖാന്തിരമായി FEBA (Radio Programme) ൽ എന്റെ പ്രസംഗം വന്നു തുടങ്ങി. അതിനുശേഷം **ആഗമനദൂതൻ** (Christian Magazine)ൽ അസിസ്റ്റന്റ് എഡിറ്റർ ആയിരുന്ന സഹോ:ഡി.റ്റി.രാജ അവർകൾ നടത്തിയ വേറൊരു റേഡിയോ പരിപാടിയിൽ തുടർന്ന് പ്രസംഗിക്കുവാൻ അവസരം കിട്ടി. അതിനുശേഷം ശ്രീലങ്കയിൽ നിന്ന് പ്രക്ഷേപണം നടത്തി വന്ന Back to the Bible (ബാക്ക് ടു ദ ബൈബിൾ) സത്യവചനം എന്ന് പറയപ്പെടുന്ന പരിപാടി

യിൽ ബൈബിൾ സ്റ്റഡി നടത്തി. അന്നത്തെ കാലത്തിൽ ടി.വി ഇല്ല. അതുകൊണ്ട് ലോകം മുഴുവനുമുള്ള ക്രിസ്ത്യാനികൾ എന്റെ പ്രസംഗം കേട്ട് കൺവെൻഷനിൽ പ്രസംഗിക്കുവാൻ എന്നെ ക്ഷണിച്ചു തുടങ്ങി. അങ്ങനെ റേഡിയോ പ്രസംഗം വഴി ലോകർക്ക് ഞാൻ പരിചിതനായി തുടങ്ങി.

അതേ Bangalore FEBA റേഡിയോയിൽ Bro.D.G.S.Dinakaran-ന്റെ **"യേശുവിളിക്കുന്നു"** പരിപാടികളെ ആദ്യമായി ഞാൻ പരിചയപ്പെടുത്തി.

## Whole Night Prayer (മുഴുരാത്രി പ്രാർത്ഥന)

South India-ൽ (ചെന്നൈ) ആദ്യമായി ഞാനും ബ്രദർ. ഡി.ജി.എസ്. ദിനകരൻ അവർകളും, പാസ്റ്റർ.ജീവാനന്ദം അവർകളും ഭാഗവതർ വേദനായക ശാസ്ത്രിയാർ അവർകളും ചൈന്നെ സെൻട്രൽ റെയിൽവേ സ്റ്റേഷനോടുകൂടി ചേർന്നുള്ള വി.പി.ഹാളിൽ വെച്ച് മാസംതോറും ഒരു മുഴുരാത്രി പ്രാർത്ഥന തുടങ്ങി. പിന്നെ അത് തമിഴ്നാടു മുഴുവനും ഉള്ള എല്ലാ ഒരു ജില്ലകളിലും തുടങ്ങിവെച്ചു.

## ദൈവവേല കൺവെൻഷനിലൂടെ

കൺവെൻഷൻ പ്രസംഗി ആയി ഇന്ത്യയിൽ ഉള്ള എല്ലാ സംസ്ഥാനങ്ങളിലും, ലോക രാജ്യങ്ങളിലും (162 രാജ്യങ്ങളിലും) പ്രാസംഗികനായി ദൈവം എന്നെ കൃപയാൽ ഉപയോഗിച്ചു. ഇത് മുഖാന്തരം ധാരാളം പേർ മാനസാന്തരപ്പെടുവാനും രോഗശാന്തി ലഭിക്കുവാനും, സഭാജനങ്ങളെ വചനത്തിലേക്ക് നടത്തുവാനും പരിശുദ്ധാത്മാവ് എന്നെ തന്റെ ആയുധമായി ഉപയോഗിച്ചു.

## കൺവെൻഷൻ കേരളത്തിൽ

1969-ൽ ആദ്യമായി കായംകുളം മാർത്തോമ്മ പള്ളിയിൽ പ്രസംഗിക്കുവാൻ ക്ഷണിക്കപ്പെട്ടു. അന്ന് അദ്ധ്യക്ഷത വഹിച്ചു കൺവെൻഷൻ ഉത്ഘാടനം ചെയ്ത മാർത്തോമ്മാ ബിഷപ്പ് തോമസ് തിരുമേനി അവർകൾ എന്റെ പ്രസംഗ cassette വാങ്ങി പല അച്ചന്മാർക്കും കൊടുത്തു കേൾപ്പിച്ചു. എന്നെ യോഗങ്ങളിൽ ക്ഷണിക്കുവാൻ ശുപാർശ ചെയ്തു. കേരളത്തിൽ ഉള്ള ഏകദേശ എല്ലാ മാർത്തോമ്മാ സഭകളിലും അന്നത്തെ കാലത്തിൽ കർത്താവ് എന്നെ ഉപയോഗിച്ചു. പ്രശസ്തമായ **മാരാമൺ കൺവെൻഷനിലും** പ്രസംഗിക്കുവാനും, ആനപറമ്പിൽ എന്ന സ്ഥലത്തിലെ അച്ചൻ അവർകൾ ക്ഷണിച്ചു. പക്ഷേ ആ തീയതികളിൽ എനിക്ക് വേറെ പരിപാടികൾ ഉണ്ടായിരുന്നത് കാരണം ആ അവസരം എനിക്ക് നഷ്ടപ്പെട്ടു. അതിനുശേഷമാണ് സി.എസ്.ഐ സഭക്കാർ തങ്ങളുടെ മഹായിടവക കൺവെൻഷനിലും, സഭാകൺവെൻഷനുകളിലും എന്നെ ക്ഷണിക്കുവാൻ തുടങ്ങിയതു. അങ്ങനെ, വടക്ക്, തെക്ക്, കിഴക്ക്, മദ്ധ്യകേരള എന്നിവിടങ്ങളിലും ക്ഷണിക്കപ്പെട്ട്, കൃപയാൽ ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

## ദൈവവേല മാസികയിലൂടെ

ഇന്ത്യയിലും ലോകത്തിലെ വിവിധ രാജ്യങ്ങളിലും എന്റെ യോഗങ്ങളിൽ പങ്കെടുത്തിട്ടുള്ള വിശ്വാസികൾ കത്ത് മുഖാന്തിരം എന്നോട് ബന്ധപ്പെട്ടുകൊണ്ടിരുന്നു. ദൈവവചനസംശയങ്ങൾ, കുടുംബപ്രശ്നങ്ങൾക്കായുള്ള ആലോചനകൾ എന്നിവകളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ

കത്തു വഴി ചോദിക്കുവാൻ തുടങ്ങി. ഇവർക്കുവേണ്ടി ഞാൻ മാസിക 1969-ൽ ആരംഭിച്ചു. അതിനുശേഷം **ജാമക്കാരൻ** (കാവൽക്കാരൻ) എന്നപേരിൽ തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നീ മൂന്നു ഭാഷകളിൽ, മാസിക അച്ചടിച്ച് ഓരോ മാസങ്ങളിലും പ്രസിദ്ധീകരിച്ചു. ഇപ്പോൾ സമയക്കുറവ് മൂലം ഇംഗ്ലീഷിൽ മാസിക പ്രസിദ്ധീകരിക്കുന്നില്ല. വീണ്ടും ഇംഗ്ലീഷിൽ തുടങ്ങുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. മാസിക മുഖേന ധാരാളം ബിഷപ്പുമാരും അച്ചന്മാരും പെന്തക്കോസ്തു സഭാവിശ്വാസികളും പാസ്റ്റർമാരും സഹോ.

ഡി.ജി.എസ് ദിനകരനെ പോലുള്ള വലിയ “Superstar Preachers" രോഗശാന്തിയോഗങ്ങൾ നടത്തുന്ന ദൈവവേലക്കാരുടെ വെറുപ്പ് സമ്പാദിക്കുവാനും കാരണമായി. എന്നാലും എല്ലാവരും എന്നെ വെറുത്തു എന്നു പറയുവാൻ സാധിക്കുകയില്ല. എന്നെ മനസ്സിലാക്കുവാൻ ചിലരെ എങ്കിലും ദൈവം വച്ചിട്ടുണ്ട്. അതുകൊണ്ട് ദൈവവേല തുടർന്നും എന്നിലൂടെ ദൈവം നടത്തിവരുന്നു.

## മിഷനറിവേല

1967 സെപ്റ്റംബർ മാസം 9-ാം തീയതി FMPB എന്ന മിഷണറി സ്ഥാപനത്തിന്റെ ആദ്യ മിഷനറിയായി ഞാനും മറ്റൊരു സഹോദനും **“പെരിയമല”** എന്നു വിളിക്കപ്പെടുന്ന ആദിവാസി മലയിൽ സുവിശേഷം അറിയിക്കുവാൻ അയയ്ക്കപ്പെട്ടു.

## FMPB യിൽ നിന്നു പിരിഞ്ഞു

1967 – ൽ മിഷനറിയായി പെരിയമലയിൽ എത്തിചേർന്നയുടൻ തന്നെ, തമിഴ്നാട്ടിൽ മധുരൈ സി.എസ്.ഐ സഭയിൽ പ്രസംഗിക്കുവാൻ ക്ഷണം ഉണ്ടായി. FMPB ഭാരവാഹികൾക്ക് അത് ഇഷ്ടമായിരുന്നില്ല. എന്നിട്ടും ആ കൺവെൻഷനിൽ പ്രസംഗിച്ച് മലയിൽ മടങ്ങിവന്നു. അതിനുശേഷം പലരും ക്ഷണിച്ചിട്ടും ഒരു കൺവെൻഷനിലും പ്രസംഗിക്കുവാൻ പോയില്ല. മിഷനറി പ്രവർത്തനത്തിന് പ്രാധാന്യം നൽകി പ്രവർത്തിച്ചുപോന്നു. ചില മാസങ്ങൾക്ക് ശേഷം FMPB ഞങ്ങൾക്ക് നൽകിവന്ന സാമ്പത്തിക സഹായം നിറുത്തി. ഞങ്ങളുടെ കൈവശം ഉണ്ടായിരുന്ന അരിയും തീർന്നുപോയി. അങ്ങനെ മൂന്ന് ദിവസം ഞങ്ങൾ പട്ടിണിയിലായി. അത് പട്ടിണിയായി കണക്കാക്കാതെ ഉപവാസമായി പ്രാർത്ഥിച്ചു. പണം അയക്കാത്തത് സംഘടനയുടെ തെറ്റല്ല. മാസാമാസം ഈ മിഷനറി പ്രവർത്തനത്തെ കൈതാങ്ങാം എന്ന് വാക്ക് നൽകിയ വിശ്വാസികൾ ചില മാസങ്ങൾ പണം അയക്കാതെ ഇരുന്നതിനാൽ മിഷനറികൾ പട്ടിണിയാകാൻ ഇടയായി.

ഞങ്ങൾ രണ്ടുപേരും മിഷനറി സംഘടനയുടെ ആസ്ഥാനത്തിൽ വിവരം അന്വേഷിക്കാനായി പുറപ്പെട്ടു. അതേസമയം FMPB മിഷനറി സംഘടനയുടെ ഭാരവാഹികളിൽ കൂടെ ഒരു മിഷനറിക്ക് ഒരു വർഷത്തേക്കുള്ള പണം ബാങ്കിൽ നിക്ഷേപിച്ച ശേഷം മിഷനറി പ്രവർത്തനം പുനസ്ഥാപിക്കാം എന്ന് തീരുമാനിച്ചു.

## അന്നത്തെ എന്റെ കുടുംബത്തിന്റെ അവസ്ഥ

ഞാൻ മിഷനറിയായി പോകുമ്പോൾ, എന്റെ പിതാവ് റെയിൽവേ ജോലിയിൽ നിന്ന് Retired ആയിരുന്നു. ഞങ്ങൾ വാടക വീട്ടിൽ ആയിരുന്നു താമസിച്ചിരുന്നത്. എനിക്ക് ആറു മൂത്ത സഹോദരിമാർ ഉണ്ടായിരുന്നു. ഞാൻ കുടുംബത്തിന്റെ ഏക മകനായിരുന്നു. 4 സഹോദരി

മാരെ പിതാവ് വിവാഹം കഴിപ്പിച്ചിരുന്നു. എന്റെ പിതാവ് മാസംതോറും കിട്ടുന്ന പെൻഷൻ വേണ്ട എന്ന എഴുതി കൊടുത്തതുകൊണ്ട് രൊക്കമായി കിട്ടിയ തുകകൊണ്ട് വിവാഹം നടത്തി. അങ്ങനെ പെൻഷൻ ഇല്ലാതായി, കുടുംബഭാരം എന്റെ ചുമലിൽ ആയി. എന്റെ ശമ്പളത്തിൽ ആണ് വീട്ടു വാടക മുതൽ കുടുംബചിലവ് മുഴുവൻ കഴിച്ചു പോന്നത്. അതുകൊണ്ട് 2-ാമത് മിഷനറി പ്രവർത്തനം ആരംഭിച്ചപ്പോൾ, ഞാൻ പോയില്ല. മറ്റേ മിഷനറിയും, ചില പുതിയ മിഷനറികളും ഞാൻ ആരംഭിച്ച പ്രവർത്തനം തുടർന്നു ചെയ്തു. ഇപ്പോൾ അവിടെ ഒരു ദൈവാലയം കെട്ടപ്പെട്ടു. ധാരാളം ആദിവാസികൾ യേശുവിനെ സ്വീകരിച്ച് ആരാധിച്ചു വരുന്നു. കർത്താവിന് സ്തോത്രം.

ഞാൻ വീണ്ടും Doctor വേല തുടർന്നു. ഡാനിഷ്പേട്ട് Bethal Fellowship Mission Hospital മാത്രം അല്ലാതെ വേറെ 2 സ്ഥലങ്ങളിലും സ്വന്തമായി Clinic തുടങ്ങി പണം സമ്പാദിച്ച് കുടുംബത്തെ പുലർത്തി വന്നു.അന്നു കല്യാണം ആകാത്ത 2 സഹോദരിമാർ വീട്ടിൽ ഉണ്ടായിരുന്നു. വീട്ടിന്റെ വാടക അടയ്ക്കുക, കുടുംബ ചിലവുകൾ ഇവ എല്ലാം 3 മാസങ്ങൾ ശമ്പളം കിട്ടാത്തത് കൊണ്ട് മുടങ്ങിപ്പോയി. ദൈവവേല വിട്ടു വീണ്ടും എന്റെ Doctor പണിക്ക് പോയാൽ, നാട്ടുകാർ എന്ത് വിചാരിക്കും. കലപ്പക്ക് കൈവച്ചിട്ട് തിരിഞ്ഞു നോക്കുന്നവനെ പോലെ എന്നേയും കരുതുമല്ലോ, അങ്ങനെ ഉള്ള മനഃപ്രയാസങ്ങൾ എന്നെ അലട്ടി. കർത്താവ് എന്നെയും എന്റെ തൊഴിലിനെയും അനുഗ്രഹിച്ചു. അങ്ങനെ എന്റെ മറ്റ് 2 സഹോദരിമാരുടെയും വിവാഹവും എന്റെ ചുമതലയിൽ നടത്തുവാൻ സാധിച്ചു.

# എന്റെ വിവാഹം

**Marriage Photo -1970**



Salem - Govt.Hospital-ലിൽ ജോലി ചെയ്തിരുന്നതും, CSI പുരോഹിതന്റെ മകളുമായ ശ്രീമതി. N.Mangalavadani (മംഗളവദനി)യെ 1970-ൽ ഞാൻ വിവാഹം ചെയ്തു. Rev.Dr.Sam Kamaleshan അവർകളുടെ അമ്മയാണ് ഈ വിവാഹം ക്രമീകരിച്ചത്. എനിക്ക് 2 മക്കളെ ദൈവം നൽകി മൂത്ത മകൻ സേലത്തിൽ ഏർക്കാട് മലയിൽ Doctor ആയിട്ടും മരുമകൾ, ഞാൻ ജോലി ചെയ്തിരുന്ന ഡാനിഷ്പേട്ട് Mission Hospital-ൽ ഡോക്ടർ ആയി ജോലി ചെയ്യുന്നു. അവർക്ക് 2 മക്കൾ (2014) 6-ാം സ്റ്റാൻഡേർഡിലും 5-ാം സ്റ്റാൻഡേർഡിലും പഠിച്ചുകൊണ്ടിരിക്കുന്നു. എന്റെ മകളുടെയും വിവാഹം കഴിഞ്ഞു. മരുമകൻ America യിലെ Ausbury Seminary ൽ MTh, Phd (Anthropology) പഠിച്ച് ഇപ്പോൾ ബാംഗ്ലൂരിൽ SAIACS -ൽ Professor ആയും HOD ആയും ജോലി ചെയ്യുന്നു. അതിനോട് കൂടെ തന്നെ America യിലെ Ausbury Theological Seminary - യിലെ Board Member ആയിട്ടും, ലോകപ്രശസ്തനായ Convention പ്രസംഗികനായും Bible Teacher ആയും വിവിധ രാജ്യങ്ങളിൽ പോയി പ്രവർത്തിക്കുന്നു. അവർക്ക് 1 മകൾ, 1st std- ൽ പഠിക്കുന്നു. ദൈവം ഞങ്ങളെ ഒരു കുറവും ഇല്ലാതെ, സംതൃപ്തിയോടും, സമാധാനത്തോടും അതിലുപരി ആരോഗ്യത്തോടും കൂടെ കുടുംബം പുലർത്തുവാനും സഹായിക്കുന്നു. കടഭാരം ഇല്ലാത്ത ഒരു ജീവിതം

എനിക്കും എന്റെ തലമുറക്കും നൽകി കൃപയാൽ നടത്തുന്നു. ഇതാ ഞാനും യഹോവ എനിക്ക് തന്ന മക്കളും സിയോൻ പർവതത്തിൽ അധിവസിക്കുന്ന സൈന്യങ്ങളുടെ യഹോവയാൽ .............. അടയാളങ്ങളും അത്ഭുതങ്ങളുമായി ഇരിക്കുന്നു (യെശ 8 : 18).

## വീണ്ടും പൂർണ്ണ സമയ ദൈവവേല

1964 മുതൽ FMPB നടത്തിയ Convention - ൽ പ്രസംഗങ്ങളെ കേട്ട് മിഷനറി പ്രവർത്തനത്തിന്റെ ആവശ്യകതയും തിടുക്കത്തിൽ ചെയ്യേണ്ടുന്നതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് വികാരത്തിന് അടിമപ്പെട്ട് പൂർണ്ണസമയ സുവിശേഷ വേലക്കായി ഇറങ്ങി. എന്നാൽ അന്നത്തെ എന്റെ **കുടുംബ ത്തിന്റെ സാഹചര്യം** ഞാൻ മനസ്സിലാക്കിയിരുന്നില്ല. ആ വികാരത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ മിഷനറി വേലക്ക് പോയത് എന്റെ കുടുംബം ദാരിദ്ര്യാവസ്ഥയുടെ ഉച്ചസ്ഥായിയിൽ എത്തിയിരുന്ന വിവരം എന്റെ സ്നേഹിതൻ മുഖാന്തിരം ഞാൻ അറിഞ്ഞു, വലിയ മനോവിഷയമത്തിലായി. അപ്പോൾ, മിഷനറി പ്രവർത്തനത്തിൽ പൂർണ്ണമായി ഇറങ്ങുവാൻ കർത്താവ് എന്റെ മനസ്സിൽ ഉണർത്തിയതു തെറ്റായ തീരുമാനം ആയിരുന്നുവോ എന്ന ചോദ്യം എന്റെ ഹൃദയത്തെ കൂടുതൽ വേദനിപ്പിച്ചു.

* അപ്പോഴാണ് Dr.Billy Graham എഴുതിയ പുസ്തകത്തിലെ വാക്കുകൾ എന്നെ ആശ്വസിപ്പിക്കുകയും ഓരോ ക്രിസ്ത്യാനികളുടെ ഹൃദയത്തിലും

* **കർത്താവിന്** ഒന്നാം സ്ഥാനം കൊടുക്കണം

* **കുടുംബത്തിന്** രണ്ടാം സ്ഥാനം

* **ദൈവവേലയ്ക്ക്** മൂന്നാം സ്ഥാനം, ദൈവവേല മൂന്നാമത്തെ സ്ഥാനത്തിൽ കരുതണം എന്നു എഴുതിയതു ഞാൻ വായിച്ചു.

പൗലോസ് അപ്പോസ്ഥലൻ പറഞ്ഞതുപോലെ സ്വന്ത കുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ, ദൈവസഭയെ എങ്ങനെ പരിപാലിക്കും? (1 Timothy 3: 5) കുടുംബത്തെ പട്ടിണി ആക്കിയിട്ട്, യേശു ജീവിക്കുന്നു എന്ന് സുവിശേഷം മറ്റുള്ളവരെ അറിയിക്കുവാൻ അവന് യോഗ്യതയില്ല. ക്രിസ്തുവും ക്രൂശിലെ മരണത്തിന് മുമ്പ്, തന്റെ ആത്മീക മാതാവിനെ, അനാഥമായി വിടാതെ, കർത്തവ്യ ബോധമുള്ള മകനായി തന്റെ സ്ഥാനത്തിൽ താൻ തിരഞ്ഞെടുത്ത ശിഷ്യനെ മകനായി ചുമതല ഏൽക്കാൻ വേണ്ടി ഏർപ്പാട് ചെയ്തിട്ടു തന്നെ യേശുക്രിസ്തു തന്റെ ജീവനെ വിട്ടെന്നതു ഇതൊക്കെയും പരിശുദ്ധാത്മാവിനാൽ എനിക്ക് ബോധ്യപ്പെട്ടു. അതിനുശേഷം മാത്രമാണ്, എന്റെ Doctor ജോലിയെ പുനരരാംഭിച്ചത്. എന്നാലും എന്റെ ആദ്യകാലത്തെ, മിഷനറി വേലയ്ക്കായി ഉള്ള ദർശനം നഷ്ടപ്പെടാതെ ഞാൻ സൂക്ഷിച്ചു. എന്റെ Doctor തൊഴിലിനോട് ചേർന്ന് സഭാ, Convention പ്രസംഗ ശുശ്രൂഷയു പല സംസ്ഥാനങ്ങളിലും ചെന്നു ആദിവാസികളുടെ ഇടയിൽ സൗജന്യ medical camp ഉം സുവിശേഷീകരണത്തിനും ഉള്ള മുഖാന്തിരമായി നടത്തിവന്നു.

## ട്രൈബൽ മിഷൻ

ഈ സമയത്തിൽ കേരളത്തിൽ നിലംബൂർ പ്രദേശത്തുള്ള ആദിവാസികളായ ചോലനായക്കന്മാർ എന്നറിയപ്പെടുന്നവരുടെ ഇടയിൽ കേരളത്തിലെ ചില വിശ്വാസികളെയും ഉൾപ്പെടുതത്തി Kerala Tribal Mission എന്ന പേരിൽ മിഷനറി പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ അത്

Tribal Mission എന്ന പേരിൽ വളർന്ന്, വർധിച്ച് Hospital, School എന്നിവ മുഖേന യേശുക്രിസ്തുവിനെ അറിയിക്കപ്പെടുന്നു. Kollam Benzihar Hospital- ലെ Chief Cardiologist ആയിരുന്ന Dr.Muralidharan MD അവർകളൊടൊപ്പം Rev.Dr. Kuruda Mannil (മാർത്തോമ്മ)എന്നിവരോടൊപ്പം പല ദൈവദാസന്മാരും ചേർന്ന് "Tribal Mission" എന്ന പേരിൽ രാജസ്ഥാൻ വരെ മിഷനറി പ്രവർത്തനങ്ങളെ വിപുലീകരിച്ചു.

## പൂർണ്ണസമയ സുവിശേഷ വേല

പൂർണ്ണസമയ സുവിശേഷവേല എന്ന ചിന്ത എന്റെ ഹൃദയത്തെ കൂടുതൽ ഭാരപ്പെടുത്തികൊണ്ടിരുന്നു. 1976-ാം വർഷം ഒരു ദിവസം, എന്റെ ഭാര്യയോട് ഞാൻ നേരിൽ തന്നെ പൂർണ്ണസമയ സുവിശേഷ വേലയ്ക്കായി സമർപ്പിക്കപ്പെട്ടവനാണെന്നും, ഇപ്പോൾ Doctor തൊഴിലിനോടൊപ്പം ചേർന്ന് ചെയ്യുന്ന സുവിശേഷ വേലയിൽ പൂർണ്ണ മനഃസംതൃപ്തി ഇല്ല എന്നും പറഞ്ഞു. അതുകൊണ്ട് ഞാൻ എന്റെ Medical profession നെ നിറുത്താൻ പോകുന്നുവെന്നും, ഇത് കാരണം എന്റെ വരുമാനമാർഗ്ഗം തന്നെ ഇല്ലാതാകും എന്നും, നിന്റെ വരുമാനം കൊണ്ട് മാത്രം ഈ കുടുംബം പുലർത്തുവാൻ സാധിക്കുമോ എന്ന് ചോദിച്ചു. അപ്പോൾ ഭാര്യ, എന്റെ കുടുംബവും വളരെ സാധുവായതാണ് എന്നും C.S.I പുരോഹിതനായ എന്റെ അപ്പനെ കണ്ടതായി പോലും തനിക്ക് ഓർമ്മയില്ല (അത്ര ചെറുപ്പത്തിലെ) എന്നും, എന്റെ അമ്മ വിധവയായി CSI school-ൽ അന്നത്തെ കാലത്തിലെ ഒരു അദ്ധ്യാപികയുടെ ചെറിയ ശമ്പളത്തിലാണ് എന്നെയും എന്റെ 3 സഹോദരങ്ങളെയും പഠിപ്പിച്ച്, ജീവിതം പുലർത്തിയിരുന്നത്. അതുകൊണ്ട് വളരെ ലുബ്ധിച്ച് കുടുംബം പുലർത്തുവാൻ എനിക്കും കഴിയും, അതുകൊണ്ട് ധൈര്യമായി ജോലി ഉപേക്ഷിച്ച് ദൈവവേലയെ മുഴുവൻ സമയവും ചെയ്യുവാൻ ഉത്സാഹപ്പെടുത്തി. കുടുംബത്തെ കുറിച്ച് വിഷമിക്കരുത്, ഞാൻ അത് നോക്കി കൊള്ളാം എന്ന് പറഞ്ഞു. കർത്താവിന് സ്തോത്രം. ഇങ്ങന പറഞ്ഞ് എന്നെ പ്രോത്സാഹിപ്പിച്ച എന്റെ ഉത്തമ ഭാര്യക്കായും ദൈവത്തെ സ്തുതിക്കുന്നു.

## സാമ്പത്തിക പരീക്ഷണം

Doctor തൊഴിൽ നിറുത്തിയ 5-ാം മാസത്തിൽ Bangalore ൽ നിന്നു convention ൽ പ്രസംഗിക്കുവാൻ ഞാൻ ക്ഷണിക്കപ്പെട്ടു വിളിച്ച Pastor വലിയ സഭയ്ക്ക് ഇടയനായിരുന്നു. മൂന്നിടത്ത് അനാഥാലയങ്ങൾ നടത്തിയിരുന്നു. അദ്ദേഹത്തിന് വിദേശപണസഹായം ധാരാളം ലഭിച്ചിരുന്നു(Swiss & Sweden). എന്നിരുന്നാലും മറ്റു പല ദൈവവേലക്കാരെപോലെ ആഡംബരജീവിതം നയിക്കാതെ ഒരു സാധാരണം car വെച്ചുകൊണ്ട്, ഒരു ചെറിയ വീട്ടിൽ ജീവിച്ചിരുന്നു. വിദേശ പണ സഹായത്തിന് ശരിയായ കണക്ക് വെച്ച് പുലർത്തിയും, Government- നും ദൈവത്തിനും ശരിയായ കണക്ക് കാണിച്ചിരുന്ന വ്യക്തി എന്ന് ഞാൻ അറിഞ്ഞിരുന്നു. 4 ദിവസത്തെ കൺവെൻഷനുവേണ്ടി ഞാൻ അവിടെ ചെന്ന് രണ്ടാമത്തെ ദിവസത്തെ കൺവെൻഷൻ കഴിഞ്ഞ്, അത്താഴം കഴിഞ്ഞ്, വിശ്രമിച്ചു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ആ പാസ്റ്റർ തന്റെ ഭാര്യയോട് ഉള്ളിൽ ഉള്ള Tray കൊണ്ടു വരുവാൻ പറഞ്ഞു. അവർ കൊണ്ടുവന്ന Tray നിറയേ നോട്ടുകെട്ടുകൾ ആയിരുന്നു. എന്നിട്ട് എന്നോട്, ഈ പണം മുഴുവനും നിങ്ങൾക്കുള്ളതാണ് എന്ന് പറഞ്ഞു. എനിക്ക് വിദേശത്തു നിന്ന് പണം അയയ്ക്കുന്ന സ്ഥാപനത്തിന്റെ നേതാവ്, 5 മാസങ്ങൾക്കു മുൻപേ ഒരു തുക എനിക്ക് അയച്ച്, നിങ്ങളെ പോലെ യഥാർത്ഥ ദൈവവേല ഇന്ത്യയിൽ ചെയ്യുന്ന ഒരാളെ

കണ്ടുപിടിച്ച് ഈ പണത്തെ ഏൽപ്പിച്ച് ഇന്ത്യൻ ഗ്രാമങ്ങളിൽ ദൈവവേല വിപുലീകരിക്കണം എന്നും, ഓരോ മാസവും ഈ തുക നിങ്ങളുടെ വീട്ടിലേക്ക് അവർ അയക്കും എന്നു പറഞ്ഞു.

ഇതുപോലെ കഴിഞ്ഞ കാലങ്ങളിൽ, എന്നിൽ നിന്ന് സഹായം നേടി ദൈവവേലക്കാർ എല്ലാവരും അവിശ്വസ്തരായി, ലഭിച്ച പണത്തിൽ സ്വന്തം പേരിൽ വസ്തുവകകൾ സമ്പാദിച്ചു, കൊടുത്ത പണത്തിന് കണക്കു ചോദിച്ചതുകൊണ്ട്, എന്നോടുള്ള ബന്ധം പോലും നിറുത്തി. അതുകൊണ്ട്, ഈ പണം വേറെ ആരേയും ഏൽപ്പിക്കാൻ മനസ്സുവന്നില്ല. അപ്പോഴാണ് Dr.Pushparaj, തൊഴിൽ നിറുത്തി, മുഴുവൻ സമയവും ശുശ്രൂഷയ്ക്കായ് ഇറങ്ങിയ വിവരം അറിഞ്ഞത്. അങ്ങനെയാണ്, ഡോക്ടറെ വിളിച്ച്, കൺവെൻഷൻ നടത്തുവാനും, ഈ തുക കൈമാറുവാനും ഇടവന്നത് എന്നു ആ അച്ഛൻ പറഞ്ഞു.

ആ നോട്ടുകെട്ടുകളെ കണ്ടപ്പോൾ ഞാൻ എന്ത് ചെയ്യണം എന്നറിയാതെ വല്ലാതെ പരിഭ്രമിച്ച, ഒരു മാസത്തെ സമയം തരണം എന്റെ ഭാര്യയോട് സംസാരിച്ചും, പ്രാർത്ഥിച്ചും, തീരുമാനമെടുത്ത് അത് അറിയിക്കാം എന്ന് പറഞ്ഞു. മറുപടി ഒരുമാസം കഴിഞ്ഞാലും, ഈ പണം ഇപ്പോൾ സ്വീകരിക്കണം എന്ന് എന്നോട് പറഞ്ഞു. കഴിഞ്ഞ 5 മാസങ്ങളായി ലഭിച്ച ഈ വലിയ തുക, തങ്ങളെകൊണ്ട് ഇനിയും സൂക്ഷിക്കുക എന്നതു വലിയ പരീക്ഷയാണെന്നു അദ്ദേഹം പറഞ്ഞു. ഈ ആധുനിക കാലത്തിൽ പണം തനിക്ക് ഒരു പരീക്ഷയാണ് എന്ന് ആരാണ് പറയുക. ആ പാസ്റ്റർ സാമ്പത്തിക വിഷയത്തിൽ വിശ്വസ്തൻ ആയതുകൊണ്ട്, പണം തനിക്ക് ശോധന എന്ന് പറഞ്ഞു. ഈ പണം എന്നെക്കൊണ്ട് ഇപ്പോൾ സ്വീകരിക്കാൻ സാധ്യമല്ല എന്ന് ഞാൻ ഉറപ്പിച്ചു പറഞ്ഞതുകൊണ്ട് പിന്നെ അദ്ദേഹം എന്നെ നിർബന്ധിച്ച് വിഷമിപ്പിച്ചില്ല. യോഗം കഴിഞ്ഞ് ബാംഗ്ലൂരിൽ നിന്ന് എന്റെ വീട്ടിലേക്ക് (സേലം) മടങ്ങിവന്നു എന്റെ ഭാര്യയോട് വിവരങ്ങൾ പങ്കുവെച്ചു. ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി. മൂന്ന്ആഴ്ചകൾ വരെ, യാതൊരു മറുപടിയും ദൈവത്തിൽ നിന്ന് ലഭിച്ചില്ല. ബാംഗ്ലൂർ പാസ്റ്റർക്ക് മറുപടി അയക്കുവാൻ ഉള്ള സമയം അതിക്രമിച്ചുകൊണ്ടിരുന്നു. ഞാൻ ഒറ്റയ്ക്ക് ഏർക്കാട് മലയിൽ ചെന്ന് പ്രാർത്ഥിക്കുവാൻ തീരുമാനിച്ച്, ഒരു ദിവസം മുഴുവനും പ്രാർത്ഥനയിൽ ചിലവഴിച്ചിട്ടും മറുപടി ലഭിച്ചില്ല. വചനം മുഖാന്തിരവും, ദൈവം എന്നോടും മറുപടി തന്നില്ല. രണ്ടുദിവസത്തിന് ശേഷം, എന്റെ പ്രാർത്ഥന സമയം തീരാറായപ്പോൾ അവസാനമായി, ദൈവത്തോട് ഞാൻ പറഞ്ഞു: "കർത്താവേ അങ്ങ് ഈ വിഷയത്തിൽ മൗനമായിരിക്കുന്നു. മറുപടിയൊന്നുംതന്നെ തരുന്നില്ല. അതുകൊണ്ട്, എന്റെ തീരുമാനത്തെ അങ്ങയോട് പറയുന്നു, കിട്ടാൻ പോകുന്ന ആ തുകയും മാസംതോറും കിട്ടാവുന്ന ആ വലിയ തുകയും എനിക്ക് വേണ്ട എന്നുവെയ്ക്കുന്നു. കാരണം, അങ്ങയിൽ നിന്ന് മറുപടി ലഭിക്കാത്തതുകൊണ്ടു ഈ പണം ഞാൻ വാങ്ങിച്ചാൽ ഒരു പക്ഷേ ഞാൻ ദൈവത്തെ വിട്ടുമാറിപോകുമോ? ഇതിൽ എന്തോ പ്രശ്നം അടങ്ങിയിരിക്കുന്നതുപോലെ തോന്നുന്നു. അതുകൊണ്ടാണോ ദൈവം മൗനമായിരിക്കുന്നുവോ? എന്ന് ഞാൻ അറിയുന്നു. അതുകൊണ്ട് സ്വയം ഞാൻ തീരുമാനിച്ച്, ആ പണം വാങ്ങുന്നില്ല എന്നെ അനുഗ്രഹിക്കേണമേ എന്ന് പറഞ്ഞു പ്രാർത്ഥന അവസാനിപ്പിച്ചു. ദൈവം എന്നെ അനുഗ്രഹിച്ചത് എനിക്ക് ബോധ്യപ്പെട്ടു. എന്റെ മനസ്സിന് ശാന്തത ലഭിച്ചു. രണ്ടുദിവസത്തെ പ്രാർത്ഥനയ്ക്കു ശേഷം വീട്ടിൽ വന്നു എന്റെ ഭാര്യയോട്, രണ്ടുദിവസം പ്രാർത്ഥിച്ചിട്ടും ദൈവം മൗനമായി ഇരുന്ന വിവരം അറിയിച്ചു. അപ്പോൾ ഭാര്യ എന്നോട് മൗനം സമ്മതത്തിന്റെ അടയാളം അല്ലേ എന്ന് ചോദിച്ചു. അതിന് ഞാൻ "മോളേ അത് കല്യാണത്തി

നല്ലേ" ഇങ്ങനെയുള്ള കാര്യങ്ങൾക്കല്ലല്ലോ എന്നു പറഞ്ഞു. എന്റെ ബലഹീനത അറിഞ്ഞ കർത്താവ്, ഈ പണം ഞാൻ വാങ്ങിയാൽ ദൈവത്തെ മറക്കുമോ എന്ന് സംശയിച്ചിരിക്കും എന്നു കരുതി. അതുകൊണ്ടായിരിക്കാം ദൈവം മറുപടി ഒന്നും പറയാത്തത്. എങ്ങനെയോ ഞാൻ എടുത്ത തീരുമാനത്തിൽ ഉറച്ചു നിന്നു. ബാംഗ്ലൂർ പാസ്റ്റർക്കും മറുപടി അയച്ചു.

ഏകദേശം 7 മാസത്തിനുശേഷം ചെന്നൈയിൽ നടന്ന ഒരു കൺവെൻഷനിൽ അദ്ദേഹവും ഉണ്ടായിരുന്നു. യോഗത്തിന്റെ അവസാനം ഓടിവന്നു എന്നെ ആലിംഗനം ചെയ്തു സന്തോഷാശ്രു പൊഴിച്ചു. ഇന്നു വിദേശധന സഹായത്തിന് വേണ്ടി പിശാചിനെ പോലെ അലയുന്ന ദൈവവേലക്കാർ ഒരുപാട് പേരെ ഞാൻ കണ്ടിരിക്കുന്നു. പക്ഷേ ഇത്ര വലിയ തുകയെ കൈയിൽ ലഭിച്ചിട്ടും വേണ്ട എന്നു നിരസിച്ച ഒരേ ഒരു Doctor നിങ്ങൾ തന്നെ ഇതുപോലെ തന്നെ ഇതേ വിശ്വാസത്തിൽ നിൽക്കണം. തീർച്ചയായും ദൈവം നിങ്ങളെ കൈവിടുകയില്ല. കർത്താവ് നിങ്ങളുടെ കൂടെ ഉണ്ട് എന്ന് എനിക്ക് മനസ്സിലായി, "Praise the Lord" എന്ന പറഞ്ഞു. അപ്പോൾ ഞാൻ പാസ്റ്ററോട്, മാനസാന്തരപ്പെട്ട ദിവസം മുതൽക്ക് ഇതുവരെ ദൈവം എനിക്ക് മതിയായവനായി ഇരിക്കുന്നു, ഇപ്പോൾ എനിക്ക് ജോലിയില്ല. വരുമാനം ഇല്ല. പക്ഷേ, ജാമക്കാരൻ മാസിക മാസംതോറും പ്രസിദ്ധീകരിക്കുവാൻ ദൈവം എന്നെ സഹായിച്ചുകൊണ്ടിരിക്കുന്നു എന്ന് പറഞ്ഞു. ഓരോ മാസവും പല ലക്ഷങ്ങൾ മാസികയ്ക്കുവേണ്ടി ചെലവാകുന്നു. പക്ഷേ, ഇതുവരെ ഞാൻ ആരോടും പണത്തിനുവേണ്ടി യാചിച്ചിട്ടില്ല. പണആവശ്യങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ എഴുയിട്ടുമില്ല.

162 രാജ്യങ്ങളിൽ പോയിട്ടും, ഒരു യോഗങ്ങളിലും സഹായത്തിനായി പണപിരിവും നടത്തിയിട്ടില്ല. വിദേശത്തിൽ പ്രസംഗിക്കുവാൻ എന്നെ ക്ഷണിക്കുന്നവരോട്, എന്റെ പേരിൽ പണം പിരിക്കരുത്, കാരണം എനിക്ക് സ്ഥാപനം ഒന്നും ഇല്ല. സ്വന്തമായി സഭയും ഇല്ല. എനിക്കുവേണ്ടി ജോലിചെയ്യുന്ന ആളുകളുമില്ല. എന്റെ ഭാര്യ തന്നെ എന്നെ ഓഫീസ് ജോലിയിൽ സഹായിക്കുന്നു. അതുകൊണ്ട് വിദേശപിരിവ് നടത്താൻ ഞാൻ പോകാറില്ല എന്ന് മറുപടി അയക്കാറുണ്ട്.

എന്റെ മാസികയായ ജാമക്കാരന്റെ അച്ചടി ചിലവുകളെ ഇന്ത്യയിലെ വിശ്വാസികൾ, മാസംതോറും പണം അയച്ച് കടം ഇല്ലാതെ തുടർന്നു പോകുവാൻ സഹായിക്കുന്നു. എന്റെ വിദേശയാത്ര ചിലവുകൾ, എന്നെ ക്ഷണിക്കുന്ന സഭകൾ തന്നെ വഹിക്കുന്നു. അങ്ങനെയുള്ളതുകൊണ്ട് കൂടുതലായി എനിക്ക് പണത്തിന് ആവശ്യമില്ല.

എന്തുകൊണ്ട് ഈ പണവിഷയത്തെ ഇവിടെ സൂചിപ്പിക്കുന്നു എന്നാൽ, പണം ഇല്ലാത്തയാതൊരു ദൈവവേലയും ചെയ്യാൻ സാധിക്കത്തില്ല. അതുകൊണ്ട്, എന്റെ ആവശ്യങ്ങളെ മനുഷ്യരോട് ചോദിക്കാറില്ല. റ്റി.വിയിലും, റേഡിയോയിലും, മാസിക മുഖാന്തിരവും പണം ചോദിക്കാതെ, ദൈവത്തോട് നേരിട്ട് ആവശ്യങ്ങളെ അറിയിക്കണം. പക്ഷേ ചോദിക്കാറുണ്ട്. ചോദിക്കുന്നതിനും അറിയിക്കുന്നതിനും തമ്മിൽ വളരെ വ്യത്യാസം ഉണ്ട്. ചോദിക്കുന്നതിനു മുമ്പതന്നെ നമ്മുടെ ആവശ്യങ്ങൾ ദൈവം അറിയുന്നു എന്ന് വേദപുസ്തകം പറയുന്നു. ആവശ്യമുള്ള പണത്തിന് ഞെരുക്കം ഉള്ള സാഹചര്യങ്ങളിൽ കൈനീട്ടി ഭിക്ഷ യാചിക്കുന്നതുപോലെ ദൈവത്തോട് അറിയിക്കുമ്പോൾ കിട്ടുന്ന സന്തോഷം വളരെ വ്യത്യസ്തമാണ്. ആ പ്രാർത്ഥനമൂലം ദൈവത്തോട് ഉണ്ടാകുന്ന അടുപ്പത്തിന്റെ ഊഷ്മളത വളരെ പ്രത്യേകത ഏറിയതാണ്. അത് സ്വയം അനുഭവി

ക്കുമ്പോൾ മാത്രമേ മനസ്സിലാക്കുവാൻ സാധിക്കത്തുള്ളൂ. പണം ആവശ്യത്തിനുപരിയായി കിട്ടുമ്പോൾ ആത്മീയ സന്തോഷം, അടുപ്പം, ഇൻപം ഇതൊക്കെയും നഷ്ടപ്പെടും.

ഇപ്പോൾ എനിക്ക് 74 വയസ്സ് ആയി. ദൈവം അനുവദിക്കുകയാണെങ്കിൽ നവംബർ 13-ാം തീയതി അടുത്ത വയസ്സിലേക്ക് പ്രവേശിക്കും എന്ന് കർത്താവിൽ വിശ്വസിക്കുന്നു.

കഴിഞ്ഞ 50 വർഷത്തിൽ ഒരു യോഗത്തിനുപോലും താമസിച്ചുചെല്ലുവാൻ ഇടയായിട്ടില്ല. ശുശ്രൂഷ നടത്തുവാൻ കഴിയാതെ ഒരിക്കൽപോലും ഞാൻ രോഗശയ്യയിലായിട്ടില്ല. അവസാനഘട്ടത്തിൽ എന്റെ ശുശ്രൂഷ ക്യാൻസൽ (cancel) ചെയ്യുവാനുമായിട്ടില്ല. ഒരു പ്രാവശ്യം മാത്രം ടൈഫോയിഡ് ജ്വരം ബാധിച്ച് തലയ്ക്ക് ഭാരം അനുഭവപ്പെട്ടിട്ടുണ്ട്. പക്ഷേ - ജനിച്ചതുമുതൽ ഇതുവരെയും തലവേദന എനിക്ക് വന്നിട്ടില്ല. ദൈവകൃപ ഇന്നും എന്നെ പിൻതുടരുന്നു.

(യോശുവ 14:11) ഇപ്പോൾ എനിക്ക് 85 വയസ്സായി. മോശെ എന്നെ അയച്ച നാളിലെപോലെ ഇന്നും എനിക്ക് ആരോഗ്യം ഉണ്ട്. പടവെട്ടുവാനും പോകയും വരികയും ചെയ്യുവാനും എന്റെ ആരോഗ്യം അന്നത്തെപ്പോലെ തന്നെ ഇന്നും ഇരിക്കുന്നു. ഇത് എത്ര നല്ല അനുഭവസാക്ഷ്യം.

ഞാനും എല്ലാമാസവും ഒരാഴ്ച ഇന്ത്യയിലെ മലമ്പ്രദേശങ്ങളിൽ യേശുവിനെപ്പറ്റി അറിഞ്ഞിട്ടില്ലാത്ത ജനങ്ങൾക്കിടയിൽ ദൈവവേല ചെയ്തു വരുന്നു. കഴിഞ്ഞ 2014 മെയ് മാസം 7-ാം തീയതി നേപ്പാളിന്റെ അതിർത്തിയിലെ കാടുകളിൽ ദൈവവേല ചെയ്യുവാൻ പോയപ്പോൾ, എന്റെ കൂടെ വന്ന ചെറുപ്പക്കാർ 45 വയസ്സുള്ളവർ ശ്വാസോച്ഛ്വാസത്തിൽ പ്രയാസപ്പെട്ട്, ശരീരം വിയർത്ത് പല സ്ഥലങ്ങളിൽ ഇരുന്നുപോയി. പക്ഷേ ദൈവം എന്നെ കാലേബ് പറഞ്ഞതുപോലെ നടത്തിയതിനെ കുറിച്ച് (യോശുവ 14:11) എഴുതുമ്പോൾ, എന്റെ വായനക്കാരോടൊപ്പം ദൈവത്തിന് സ്തുതി അർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. കർത്താവ് എന്നെ ഇപ്രകാരം നടത്തിവരുന്നത് എത്ര വലിയ കൃപ, എന്ത് വലിയ ദയ!

എന്റെ ആയുസ്സിന് ഒരു പരിധിയുണ്ട്. എന്റെ ശുശ്രൂഷയും ഇതുപോലെ ദീർഘിക്കയില്ല എന്ന് എപ്പോഴും ഞാൻ ഓർക്കുന്നു. അതിനാൽ എന്റെ ശുശ്രൂഷക്കും ഒരു അവസാനം ഉണ്ട്. അത് എപ്പോൾ എന്ന് എനിക്കറിയത്തില്ല.

ഒരു രോഗവും എനിക്കില്ല. ഇതുവരെ തലവേദന അനുഭവപ്പെട്ടിട്ടേ ഇല്ല എന്ന് അഹങ്കാരത്തോട് കൂടിയല്ല ഞാൻ പറയുന്നത്. ദൈവത്തിന്റെ കൃപ എപ്രകാരം എന്നെ നടത്തിവരുന്നു എന്ന് അറിയിക്കുവാൻ വേണ്ടിയാണ് പറഞ്ഞത്. ആ തലവേദന ഞാൻ അനുഭവിച്ചിട്ടില്ല എന്ന് ഞാൻ പറഞ്ഞതിനും ഒരു അവസാനമുണ്ട്. എല്ലാറ്റിനും ഒരു അവസാനം ഉണ്ട്. എന്നാൽ എന്റെ ദൈവം എന്നോട് കാണിക്കുന്ന കൃപക്കോ ദയവിനോ പരിധിയേ ഇല്ല. രുചിച്ചറിയുക ആ കൃപ!

കാലേബിനെ കുറിച്ച് ദൈവം പറയുന്ന മറ്റൊരു സാക്ഷ്യം എന്തെന്നാൽ എന്റെ ദാസനായ കാലേബോ അവന് വേറൊരു സ്വഭാവമുള്ളതുകൊണ്ടും (another spirit KJV) എന്നെ പൂർണ്ണമായി അനുസരിച്ചതുകൊണ്ടും. അവൻ പോയിരുന്ന ദേശത്തേക്ക് ഞാൻ അവനെ എത്തിക്കും (സംഖ്യ 14:24).

വ്യത്യസ്തമായ രീതിയിൽ അതേ ആത്മാവ് നടത്തുന്നതുകൊണ്ട്, സഹോ.മോഹൻ സി. ലാസറസ്, സഹോ.സാം ജപദൂരെ കേരളത്തിലും തമിഴ്നാട്ടിലെയും കേരളത്തിലെയും പലരും എന്നെക്കുറിച്ച് "കുറ്റം ചുമത്തുന്ന ആത്മാവ് ഉള്ളവൻ" എന്ന് മുദ്രകുത്തി. അതേ എന്റെ ശുശ്രൂഷ വ്യത്യസ്തമായത് എന്റെ ജാമക്കാരനിലെ ഉള്ളടക്കവും ഭാഷയും വ്യത്യസ്തമായത്. അതുകൊണ്ട് ഞാൻവേറെസ്വഭാവം ഉള്ളവൻ തന്നെ.മേൽപറഞ്ഞവരേക്കാളും നല്ലനല്ല കാര്യങ്ങളെമനുഷ്യരുടെ

മുന്നിലും, റ്റി.വി, മാസിക, സാക്ഷ്യം എഴുതിയാലും ഇവർ പ്രാർത്ഥനയിൽ പേർ വിളിക്കുന്നത് വ്യാജമാണ്.

രോഗത്തിന്റെ പേര് പ്രാർത്ഥനയിൽ പറയുന്നത് വ്യാജം. മാസികയിൽ റ്റി.വിയിൽ, അന്യ ഭാഷ എന്ന പേരിൽ ഇവർ പറയുന്നത് 100% കള്ളം, മനഃപൂർവ്വം കള്ളമാണ് പറയുന്നതു. എന്നിലുള്ള പരിശുദ്ധാത്മാവ് ആ വ്യത്യസ്തമായ ആത്മാവ് - ആത്മാവിനെ വിവേചിക്കുന്ന വരം, ഇവരുടെ വ്യാജഭാഷകളെ എനിക്ക് മനസ്സിലാക്കി തരുന്നു.

ദൈവം എനിക്ക് പരിശുദ്ധാത്മാവ് മുഖാന്തിരം നൽകിയ, വേറൊരു സ്വഭാവം ജാമക്കാരനിൽ കൂടി പലരുടെയും പൊയ്മുഖങ്ങളെ വലിച്ചു കീറുന്നത് കൊണ്ട്, മേൽപറഞ്ഞ ദൈവവേലക്കാരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന അത്രപേരും ബിഷപ്പുമാരും പുരോഹിതന്മാരും, പാസ്റ്റർമാരും എന്നെ പൂർണ്ണമായി വെറുത്താലും കഴിഞ്ഞ 50 വർഷങ്ങളായി എത്ര മഹത്തവമായി എന്റെ ശുശ്രൂഷ നടന്നു, നടന്നുകൊണ്ടിരിക്കുന്നു. ദൈവവേലയ്ക്കായ് ആവശ്യങ്ങൾ ദൈവം സന്ദർശിച്ചു. ഇനി ദൈവം അനുവദിക്കുന്ന കാലമൊക്കെയും അവന്റെ കൃപ ഒന്നു മാത്രം എന്നെ വിട്ടുമാറാതിരുന്നാൽ അത് മാത്രം മതി.

കർത്താവ് എന്നോട് നീ ചെന്ന് ഒരു കാവൽക്കാരനെ നിറുത്തിക്കൊൾക, അവൻ കാണുന്നത് അറിയിക്കട്ടെ (Isaiah 21:6) കാവൽക്കാരാ രാത്രി എന്തായി എന്ന് ഒരുത്തൻ ................ എന്നോട് വിളിച്ചു ചോദിക്കുന്നു. അതിനു കാവൽക്കാരൻ പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. നിങ്ങൾക്ക് ചോദിക്കണമെങ്കിൽ ചോദിച്ചു കൊൾവിൻ എന്ന് പറഞ്ഞു (യെശ 21:11,12). പ്രഭാതവും രാത്രിയും ഒരിക്കലും ചേർന്ന് വരികയില്ല. മാനസാന്തരപ്പെട്ട് രക്ഷിക്കപ്പെട്ട് വചനാടിസ്ഥാനത്തിൽ ജീവിച്ചു വരുന്നവർക്ക്, **കർത്താവിന്റെ വരവ്** പ്രഭാതം പോലെ ഭയമില്ലാതെ സന്തോഷമായി ഭവിക്കും. മാനസാന്തരപ്പെടാത്ത നാമധേയ ക്രിസ്ത്യാനികൾക്കും യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കാത്തവർക്കും ആ ദിവസം ഇരുളായിരിക്കും. അഗ്നി അഭിഷേകം എന്ന് പറഞ്ഞ് വഞ്ചിക്കുന്നവരും, അഗ്നി അഭിഷേകത്തിന്റെ അർത്ഥത്തെ ഉൾക്കൊള്ളുവാൻ മനസ്സില്ലാത്തവരും അഗ്നി അഭിഷേകം എന്ന പേരിൽ വഞ്ചിച്ച എല്ലാ ശുശ്രൂഷകന്മാരും, പാസ്റ്റർമാരേയും അതേ അഗ്നിയാൽ നശിപ്പിക്കപ്പെടും.

കഴിഞ്ഞ 50 വർഷങ്ങൾ എന്നെ ക്ഷണിച്ചു ശുശ്രൂഷിപ്പിച്ച് അനേക ആയിരങ്ങളുടെ മാനസാന്തരത്തിന് ഇടയാക്കിയ ബിഷപ്പുമാർക്കും പുരോഹിതന്മാർക്കും, പെന്തക്കോസ്ത് പാസ്റ്റർമാർക്കും, സഭാ ഭാരവാഹികൾക്കും ഈ വിശേഷാവസരത്തിൽ എന്റെ നന്ദി അറിയിച്ചു കൊള്ളുന്നു.

കഴിഞ്ഞ 50 വർഷങ്ങളായി സ്തോത്രകാഴ്ചകളാലും പ്രാർത്ഥനയാലും എന്നെ നിത്യം താങ്ങിവരുന്ന എന്റെ പ്രിയ വായനക്കാർക്കും കുടുംബങ്ങൾക്കും, തലമുറകൾക്കും എന്റെ ആശംസകൾ നേരുന്നു.

എന്റെ 50 വർഷ ശുശ്രൂഷയിൽ, ശുശ്രൂഷ ആരംഭിച്ച 6-ാമത്തെ വർഷം മുതൽ എന്റെ ജീവിതത്തിൽ എന്നോട് ചേർന്ന് എന്റെ ജീവിതപങ്കാളിയായിതീർന്ന എന്റെ പ്രിയ ഭാര്യ ശ്രീമതി.മംഗളവദനി അവർകൾക്കും എന്റെ പ്രത്യേക നന്ദി അറിയിക്കുന്നു. മുൻകൂട്ടി നിർവചിക്കാൻ കഴിയാത്ത എന്റെ സ്വഭാവചര്യകളെ, മനസ്സിലാക്കി എന്നെ അനുസരിച്ച്, സഹിച്ച്, മുന്നോട്ട് പോവുക എന്നതിന് വിശേഷ താലന്തും എന്നെ മനസ്സിലാക്കുവാൻ പ്രത്യേക ജ്ഞാനവും ദൈവകൃപയും വേണം. അത് എന്റെ പ്രിയതമക്ക് ധാരാളമായി ദൈവം നൽകി. ഈ വിശേഷ ഗുണഗണങ്ങൾ പ്രാർത്ഥിച്ചു

പ്രാപിച്ച് എന്റെ ഭാര്യ കഴിഞ്ഞ 50 വർഷത്തെ ശുശ്രൂഷയിൽ തക്ക തുണയായിരുന്ന് പ്രാർത്ഥനയിൽ കൈതാങ്ങിയ, താങ്ങിക്കൊണ്ടിരിക്കുന്ന എന്റെ പ്രിയ പത്നിക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ആഴ്ചയിൽ 2 ദിവസം മാത്രം ഞാൻ വീട്ടിൽ ഉണ്ടായിരിക്കെ, എന്റെ ഓഫീസ് ചുമതലകൾ എല്ലാം (ഇമെയിൽ, കത്തുകൾ, മണിയോർഡർ, ഫോൺ, പ്രാർത്ഥനാ വിഷയങ്ങൾ) എല്ലാറ്റിനും ചുമതലാബോധത്തോടും സഹിഷ്ണതയോടും ചെയ്തു പോരുന്ന എന്റെ ഭാര്യയുടെ ക്ഷമ അതിരില്ലാത്തത് തന്നെ. അവരുടെ പ്രാർത്ഥനയും ആലോചനയും പലർക്കും നന്മയായി ഭവിച്ചിട്ടുണ്ട്. ദൈവം അവർക്ക് ആവശ്യമായ ശക്തി പകർന്ന് തന്റെ 70-ാമത്തെ വയസ്സിലും എന്റെ ശുശ്രൂഷയിൽ താങ്ങുവാനും ദൈവം സഹായിക്കട്ടെ. എന്റെ ഭാര്യക്ക് നൽകിയ വിശേഷ കൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു.

50 വർഷം എന്നത് ഒരു പൂർണ്ണസംഖ്യ. ദൈവം എന്നെ 50 വർഷം ദൈവവേല ചെയ്യുവാൻ അനുവദിച്ചു.

കഴിഞ്ഞ 74 വർഷങ്ങൾ, ആയുസ് ആരോഗ്യത്തോടെ ജീവിക്കുവാൻ കർത്താവ് എനിക്ക് കൃപ നൽകി. അവന്റെ ഇൻപമേറിയ നാമത്തിനും കൃപയക്കായും സ്തോത്രം.

മലയാള ഭാഷയിൽ ജാമക്കാരൻ മാസിക പ്രസിദ്ധീകരിക്കുവാൻ എന്നെ വളരെ അധികം സഹായിച്ച സഹോദരങ്ങൾക്കായും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കഴിഞ്ഞ 40 വർഷങ്ങളായി സൗജന്യമായി മലയാളത്തിലേക്ക് തർജ്ജിമ ചെയ്തും എന്റെ ലീഗൽ അഡ്വൈസറായും സഹായിച്ചു കൊണ്ടിരിക്കുന്ന സഹോദരന് ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു.

വീണ്ടും വായനക്കാരായ നിങ്ങൾ ഓരോരുത്തരേയും ജാമക്കാരൻ മുഖാന്തിരമായോ നേരിലോ അല്ലെങ്കിൽ കർത്താവിന്റെ വരവിലോ, കണ്ടുമുട്ടുന്നതുവരെ ദൈവകൃപയും സമാധാനവും നമ്മളോടു എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടേ, ആമേൻ!



## (Counselling Time) കൗൺസലിംഗ് സമയത്തിലെ ചില അനുഭവങ്ങൾ



ഞാൻ 1964-ൽ മാനസാന്തരപ്പെട്ട് രക്ഷയുടെ അനുഭവം പ്രാപിച്ചു.

അതേ വർഷം തന്നെ എന്നെ രക്ഷയിലേക്ക് നടത്തിയവർ അവർ പ്രസംഗിക്കുന്നതായ യോഗങ്ങളിൽ എന്റെ സാക്ഷ്യം പറയുവാനായി കൂടെക്കൂടെ എന്ന കൂട്ടിക്കൊണ്ടുപോയി. രണ്ടുമാസങ്ങൾക്കുള്ളിൽ എനിക്ക് വി.ബി.എസ് നേതൃ പരിശീലനം നൽകി (V.B.S Director) ഡയറക്ടറായി ഞാൻ നിയമിതനായി. വി.ബി.എസ് നടത്തുന്നതായ സ്ഥലങ്ങളിൽ ഞായറാഴ്ച ആരാധനകളിൽ പ്രസംഗിക്കുവാൻ സഭയുടെ ചുമതലയുള്ള പുരോഹിതന്മാർ എന്നോട് അപേക്ഷിക്കുക പതിവായിരുന്നു. തന്മൂലം സഭായോഗങ്ങളിൽ പ്രസംഗിക്കുവാനുള്ള പരിശീലനം ലഭിച്ചു. തുടർന്നു ബംഗാരപേട്ട എന്ന സ്ഥലത്തുള്ള എസ്.ഐ.ബി.എസ് ബൈബിൾ കോളേജിൽ ഒരു ഹ്രസ്വകാല കോഴ്സ് പഠിച്ചു.

1965-ൽ മേയ് മാസം ആദ്യമായി ഒരു കൺവെൻഷനിൽ മുഖ്യ പ്രസംഗികനാകുവാൻ അവസരം ലഭിച്ചു. നാലു ദിവസങ്ങൾ തുടർന്ന് പ്രസംഗിക്കുവാൻ ഇടയായി. കൺവെൻഷനിൽ സംബന്ധിച്ച മറ്റു സഭകളിലെ പുരോഹിതന്മാർ തങ്ങളുടെ സഭകളിൽ കൺവെൻഷനിൽ പ്രസംഗിക്കുവാൻ തീയതികൾ എന്നോടു ചോദിച്ചു നേരത്തെ ക്രമീകരിച്ചു. ആരംഭകാലത്തിൽ തന്നെ ഒരു വർഷത്തെക്കുള്ള തീയതികൾ കൺവെൻഷനുവേണ്ടി കൊടുത്തു തീർക്കും. എന്റെ ഡോക്ടർ

ജോലിയോടൊപ്പം ഈ ദൈവവേലയും തുടർന്ന് ചെയ്തു. 1967-ാം വർഷം FMPB യുടെ ആദ്യ മിഷനറിയായി പോയി വന്ന ആ അനുഭവവും, മിഷനറി ഭാരവും എനിക്കുള്ളിൽ എരിഞ്ഞുകൊണ്ടിരുന്നത് കൊണ്ട് മാസത്തിൽ ഒരാഴ്ച മുഴുവനും ആദിവാസികളുടെ കാടുകളിൽ (ഊരുകൾ) ചെന്ന്, അവിടെ തന്നെ താമസിച്ചു സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി വരുന്നു. ഇന്നുവരെയും ഇതിന് മുടക്കം വന്നിട്ടില്ല. മാസത്തിൽ ഒരു സംസ്ഥാനം വീതം ഇന്ത്യ മുഴുവനും ഈ ശുശ്രൂഷ ചെയ്തു പോരുന്നു.

## Counselling Time (കൗൺസിലിംഗ് സമയം)

ഞാൻ കൺവെൻഷനിൽ പ്രസംഗിക്കുന്ന ഓരോ സ്ഥലത്തിലും, സഭയിലും ഉള്ള കുടുംബങ്ങളിൽ ഉള്ള വിവിധ പ്രശ്നങ്ങൾ പ്രാർത്ഥിക്കുന്നവനായ എന്നോട് അവർ പങ്കുവെക്കുന്നു. മറ്റുള്ളവരോട് പങ്കുവെയ്ക്കുവാൻ സാധിക്കാത്ത വിഷയങ്ങളും, പലരുടെയും ജീവിത പോരാട്ടങ്ങളും പ്രാർത്ഥനയ്ക്കായി എഴുതി അറിയിച്ച കത്തുകൾ ധാരാളം എനിക്കു ലഭിക്കാറുണ്ട്. മക്കളുടെ പ്രശ്നം, പ്രേമബന്ധങ്ങളിൽ അകപ്പെട്ടവരുടെ പ്രശ്നം, കുടുംബസ്ഥരായവരുടെ ജീവിതത്തിൽ, അരുതാത്ത ബന്ധങ്ങൾ കൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ ഇതിനൊക്കെ ആലോചന ആവശ്യമുണ്ട്. ചിലർക്ക് തങ്ങളുടെ മേലധികാരികൾ തങ്ങളെ കാരണം കൂടാതെ വെറുക്കുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങൾ എങ്ങനെ അഭിമുഖീകരിക്കണം എന്നുള്ള ആലോചനകൾ, കൂട്ടുകുടുംബങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ ഭാര്യഭർത്തൃ ബന്ധത്തിലുണ്ടാകുന്ന ഉലച്ചിലുകൾ മുതലായവയക്ക് പ്രാർത്ഥനയോടു കൂടെ ആലോചനയും ആവശ്യമാണ്. അതുകൊണ്ട് കഴിഞ്ഞ 37 വർഷങ്ങളിലെ പകലിലുള്ള ബൈബിൾ സ്റ്റഡിക്കു പകരം ആലോചനാ സമയം (Counselling) ആയി മാറ്റിവെച്ചു. തന്മൂലം തകർന്നുപോകേണ്ടിയിരുന്ന പല കുടുംബങ്ങളും ഒത്തുചേരുവാനിടയായി. വിദ്യാഭ്യാസത്തിൽ മിടുക്കരായിരുന്നവർ മുമ്പിലത്തെപ്പോലെ പഠിത്തത്തിൽ താല്പര്യം കാണിക്കാതെ വരുന്ന സാഹചര്യത്തിൽ കുട്ടികളെ കൗൺസിലിംഗിനു കൊണ്ടുവരാറുണ്ട്. അവരോടു പഠിക്കാതെ പോയാൽ ഭാവി ശോഭനമാകത്തില്ല എന്ന് മനസ്സിലാക്കുമ്പോൾ മാറ്റം സംഭവിച്ച് വീണ്ടും പഠിത്തത്തിൽ ശോഭിക്കുവാൻ ഇടവരുന്നു. അതിനാൽ (Counselling Time) ആലോചനസമയം എന്നത് വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. വചനത്തിലുള്ള സംശയങ്ങളെ പറഞ്ഞു മനസ്സിലാക്കി കൊടുക്കുവാനും ഈ സമയം ഉപയോഗിക്കുന്നു.

## അമ്മായിയമ്മ - മരുമകൾ - ഭാര്യ - ഭർത്താവ് പ്രശ്നങ്ങൾ

മിക്ക കുടുംബങ്ങളിലും, ഭാര്യ ഭർത്താവ്, അമ്മായിഅമ്മ മരുമകൾ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത് സർവ്വസാധാരണമാണ്. പുതുതായി കല്യാണം കഴിച്ച് വരുന്ന ഭാര്യ (മരുമകൾ) മകനു തന്നോടുള്ള സ്നേഹത്തിനെയാണ് കവർന്നെടുക്കുന്നത് എന്നുള്ള ചിന്ത അമ്മമാർക്ക് ഉണ്ടാകും. ശാസ്ത്രീയമായി തന്നെ ഇവരോട് ആലോചന പറഞ്ഞു മരുമകളെ വെറുക്കാതെ, അവളോട് സ്നേഹമായിരിക്കുന്നതുകൊണ്ട്, ആ വീട്ടീൽ എന്നും സമാധാനം നിലനിൽക്കും. മരുമകൾക്കും ഇതേ ആലോചന തന്നെ. ചില കുടുംബങ്ങളിൽ മകന്റെ വരുമാനം, മരുമകളുടെ കുടുംബത്തിന്റെ സഹായത്തിനായി ഉപയോഗിക്കുമ്പോൾ, തന്റെ മറ്റുമക്കൾക്ക്, സഹായം കിട്ടാതെ പോകുമോ എന്ന സംശയത്തിൽ നിന്ന് പ്രശ്നങ്ങൾ ഉണ്ടാകുന്നു. ചില വീടുകളിൽ ഓരോ ആവശ്യത്തിനും, അമ്മമാർ, മരുമകളോട് യാചിക്കേണ്ടി വരുമോ എന്നുള്ള 'ego' ഉണ്ടാകുന്നു.

ചില സ്ഥലത്തിൽ ഉദ്യോഗസ്ഥരായ ഭാര്യമാർ സ്വന്തം കാലിൽ നിൽക്കുവാനുള്ള ധൈര്യമാകുമ്പോൾ ഭർത്താവിനെ കാര്യമാക്കാതെ, അമ്മായിഅമ്മയേയും വിലമതിക്കാതെ വരുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. അതുകൊണ്ട്, ഈ കുടുംബങ്ങളിൽ, ഭാര്യമാരെ ജോലിക്ക് അയക്കുന്നില്ല. അതുമുഖാന്തിരം വിദ്യാസമ്പന്നരായ സ്ത്രീകൾ വീട്ടിനുള്ളിൽ തന്നെ ഒതുങ്ങേണ്ടി വരുന്ന സ്ഥിതി മൂലം മാനസ്സിക പ്രശ്നങ്ങളും, ബലഹീനതകളും ഉണ്ടാകാറുണ്ട്. ഇതിന് വചനാടിസ്ഥാനത്തിൽ, ആത്മീയ കുടുംബമായി ജീവിക്കുന്നത് എങ്ങനെ എന്ന് പറഞ്ഞ് ബോധ്യമാക്കി കൊടുക്കുന്നു.

ദമ്പതികൾ മാനസാന്തര അനുഭവം ഉള്ളവരായിരുന്നാൽ മാത്രമേ വചനാടിസ്ഥാനത്തിൽ ഉള്ള ആലോചന പ്രയോജനപ്പെടുകയുള്ളൂ. ദമ്പതികളിൽ ഒരാൾ മാത്രം രക്ഷയുടെ അനുഭവം പ്രാപിച്ച ആളായിരുന്നാൽ മറ്റേ ആൾ കാരണം പ്രശ്നങ്ങൾ ഉണ്ടാകം. അതുകൊണ്ടാണ് വിശ്വാസി വിശ്വാസത്തിൽ ഉള്ള ആളിനെ തന്നെ വിവാഹം ചെയ്യണം എന്നുള്ളത്. പൗലോസ് അപ്പോസ്ഥലൻ ഈ വിഷയത്തിൽ, 'അവിശ്വാസികളുമായി ഇണയില്ലാപിണ കൂടരുത്' എന്ന് പറയുന്നു (2 കൊരി 6:14) ദമ്പതികൾ രണ്ടുപേരും രക്ഷിക്കപ്പെട്ടവർ ആയിരുന്നാൽ, ആ കുടുംബം, സ്വർഗ്ഗത്തിന്റെ നിഴലായി മാറുന്നു.

## വിവാഹമോചനം ദൈവം വെറുക്കുന്നു

ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപ്പിരിക്കരുത് എന്ന് പൗലോസ് അപ്പോസ്ഥലൻ പറഞ്ഞിരിക്കുന്നു. വിവാഹം സ്വർഗ്ഗത്തിൽ നിശ്ചയിക്കപ്പെടുന്നു എന്ന് ലോകർ പറയുന്നു. എന്നാൽ നമ്മുടെ വേദപുസ്തകം അപ്രകാരം പറയുന്നില്ല. ദൈവം യോജിപ്പിച്ചത് എന്ന് നമ്മുടെ വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ അർത്ഥം വചനാടിസ്ഥാനത്തിൽ യോജിപ്പിച്ച ദമ്പതികൾ എന്നാണ്. വചനവും ദൈവവും വെവ്വേറെ അല്ല. വചനം ജഡമായി തീർന്നു എന്ന് യോഹന്നാൻ പറയുന്നു. അതുകൊണ്ട് വചനം അനുസരിക്കാത്തവർ ദൈവത്തെ അനുസരിക്കുന്നില്ല എന്നത്രേ.

## കർത്താവ് പറയുന്നത് ശ്രദ്ധിക്കുക

1 കൊരി 7:10 വിവാഹം കഴിഞ്ഞവരോട് കർത്താവ് പറയുന്ന ആലോചന. ഈ വാക്യം, തന്റെ ബുദ്ധിയിൽ നിന്ന് വന്നതല്ല, ദൈവം തന്നെ പറഞ്ഞ് ഏൽപ്പിച്ചതായി പൗലോസ് പറയുന്നു. വിവാഹം കഴിച്ചവരോടു ആലോചന പറയുമ്പോൾ മാത്രമാണ്. കർത്താവ് പറഞ്ഞു എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. യേശുക്രിസ്തുവിനോട്, വിവാഹമോചനത്തെക്കുറിച്ച് ചിലർ ചോദിച്ചു: മോശെ വിവാഹമോചനത്തിന് ഉപേക്ഷണപത്രം കൊടുത്തു ഒരു ഭാര്യയെ ഉപേക്ഷിക്കാം എന്ന് എഴുതിയിരിക്കുന്നത് ചൂണ്ടിക്കാണിച്ച്, യേശു അതിന് മറുപടി പറഞ്ഞത്: അന്ന് വേദപുസ്തകമോ ന്യായപ്രമാണമോ ഇല്ലാത്ത കാലമായിരുന്നു. ആ അവസരത്തിൽ ജീവനു പകരം ജീവൻ, പല്ലിനു പല്ലും, കൊലക്ക് പകരം കൊലയും അനുഷ്ഠിച്ചിരുന്നു. ആ നിയമത്തിനെ ഭയപ്പെട്ടെങ്കിലും പാപം ചെയ്യാതിരിക്കട്ടേ എന്നുള്ള ചിന്തയിൽ ആ നിയമം ഉണ്ടാക്കിയതായിരിക്കാം. ഇതു പറയുമ്പോൾ തന്നെ യേശു പറയുന്നു, ദൈവത്തിന്റെ ഹിതം വേർപിരിക്കുന്നതല്ല എന്നും പറയുന്നു. അതിനെയാണ് പൗലോസ് അപ്പോസ്ഥലൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ ഒരു അവിശ്വാസിയായ ഭാര്യയോ ഭർത്താവോ ഈ ആലോചനയെ സ്വീകരിക്കാതെ പോയാൽ, അവിശ്വാസി പിരിഞ്ഞുപോയാൽ പോകട്ടേ എന്ന് പറയുന്നു (1 കൊരി 7:15). ഇങ്ങനെയുള്ള എന്റെ

ആലോചനകൾ മാനസാന്തരപ്പെട്ടവർക്ക് മാത്രമേ അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ. രക്ഷിക്കപ്പെട്ടവർ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ലോകജനങ്ങളോ, കോടതിയോ വേർപിരിയുവാനുള്ള ആലോചന പറഞ്ഞാലും യഥാർത്ഥ വിശ്വാസി അതിനെ അംഗീകരിക്കരുത്. വിശ്വാസികളായ ദമ്പതികൾ ശ്രദ്ധിക്കുക: എന്റെ മാതാപിതാക്കൾ പറഞ്ഞു മറ്റുനാലു മുതിർന്നവരുടെ ആലോചനപ്രകാരം എടുത്ത തീരുമാനമാണ് എന്നൊക്കെ പറഞ്ഞ് നിങ്ങളുടെ പ്രവൃത്തിയെ ന്യായീകരിക്കുവാൻ ശ്രമിക്കരുത്. ഇതിനെക്കുറിച്ച് എന്റെ ദൈവം എന്തു പറയുന്നു എന്നത് നിങ്ങളുടെ അന്തിമ തീരുമാനമായിരിക്കട്ടെ.

## മാതാപിതാക്കളാൽ വേർവിരിക്കപ്പെട്ട കുടുംബം

ചില മാതാപിതാക്കൾ വിവാഹിതരായ തങ്ങളുടെ മക്കളെ വേർപിരിക്കുവാൻ ഉതകുന്ന ബുദ്ധി ഉപദേശിക്കാറുണ്ട്. രക്ഷിക്കപ്പെട്ട ഭാര്യ, ഭർത്താവ് ഇരുവർക്കും സുവിശേഷ വേലക്കാർ എന്ന നിലയിൽ വചനാടിസ്ഥാനത്തിൽ ഇത് എഴുതുന്നു. ഏതു സാഹചര്യത്തിലും നിങ്ങളുടെ മാതാപിതാക്കൾ പറയുന്ന പ്രകാരം വിവാഹമോചനത്തിന് സമ്മതിക്കരുത്. നിങ്ങൾ പ്രത്യേക കുടുംബമായിത്തീർന്നു നിങ്ങളും നിങ്ങളുടെ ഭാര്യയും ഒന്നിച്ചു ജീവിക്കേണ്ടിയവരാണ്.

വിവാഹദിവസം, **സഭാജനങ്ങൾക്കുമുന്നേയും ദൈവസന്നിദ്ധിയിലും ദൈവ മുൻപാകെയും** പറഞ്ഞ സത്യപ്രതിജ്ഞ മനസ്സിൽ ഓർക്കുക.

നിങ്ങൾ ഇരുവരും മാത്രം സംസാരിച്ചു തീരുമാനം എടുക്കുക. നിങ്ങളുടെ ജീവിതത്തിൽ കുടുംബപ്രശ്നത്തിൽ മാതാപിതാക്കളോ മറ്റാരുമോ പ്രവേശിക്കുവാൻ അനുവദിക്കരുത്. മാതാപിതാക്കളുടെ ഉപദേശം ആരായുന്നതിൽ തെറ്റില്ല. അന്തിമതീരുമാനം നിങ്ങളുടേത് മാത്രമായിരിക്കട്ടെ. നാളെ ദൈവം നിങ്ങളോടാണ് കണക്ക് ചോദിക്കുന്നത് എന്നത് മറക്കണ്ട. താഴ്മയുള്ളവനു ദൈവം കൃപ നൽകുന്നു. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും എന്ന് വചനം പറയുന്നു.

ആരാണ് താഴേണ്ടത്? എന്റെ ഭാര്യയുടെ സ്വഭാവം വളരെ മോശമാണല്ലോ അഥവാ എന്റെ ഭർത്താവിന്റെ സ്വഭാവം വളരെ മോശമാണല്ലോ. ഭർത്താവോ ഭാര്യയോ തങ്ങളുടെ മാതാവിന്റെ ഉപദേശത്തിൻ പടിയാണല്ലോ ജീവിക്കുന്നത് തുടങ്ങിയ പലവിധത്തിലുള്ള പ്രശ്നങ്ങൾ നിങ്ങളുടെ കുടുംബജീവിതത്തിലുണ്ടാകാം. തെറ്റ് ആരുടെ പക്കലാണ് എന്ന് കണ്ടുപിടിക്കുന്നതല്ല പ്രധാനം. അതിനേക്കാൾ നിങ്ങൾ മാനസാന്തരപ്പെട്ട വ്യക്തിയാണെങ്കിൽ തെറ്റ് ആരിലാണ് എന്നതിന് പ്രാധാന്യം കൊടുക്കാതെ നിങ്ങൾ താഴ്ന്നു കൊടുക്കുവാൻ മുൻകൈയ്യെടുക്കുവിൻ. ദൈവത്തെ പ്രസാദിപ്പിക്കുവാൻ പ്രാധാന്യം കല്പിക്കുവിൻ. ഭർത്താവാണോ, ഭാര്യയാണോ താഴ്ന്നു പോകേണ്ടത് എന്ന ചോദ്യത്തിന് ഇടംകൊടുക്കാതെ ആരാണ് ദൈവത്തെ പ്രസാദിപ്പിക്കുവാൻ മുൻകൈയ്യെടുക്കുന്നത് എന്നതാണ് ദൈവം ശ്രദ്ധിക്കുന്നത്.

ആകയാൽ തങ്ങളെതന്നെ നീതികരിക്കാതെ ദൈവത്തെ തൃപ്തിപ്പെടുത്തുക എന്നാൽ മാത്രമേ ഞാൻ ആദ്യംതാഴ്ന്നുകൊടുക്കാം എന്ന് നിങ്ങളെ തന്നെ താഴ്ത്തുവാൻ കഴിയുകയുള്ളൂ. നിങ്ങൾ ആരോടാണ് താഴുന്നത്? സ്വന്ത ഭാര്യയോട് അല്ലെങ്കിൽ സ്വന്ത ഭർത്താവിനോട്. ഇതിൽ ഈഗോ പ്രശ്നമില്ലാതെ, അഹങ്കാരമില്ലാതെ താഴ്ന്നുപോകുവാൻ ശ്രമിച്ചാൽ നിങ്ങളുടെ കുടുംബജീവിതം അവസാനം വരെ സമാധാനമായി തുടർന്നുപോകുവാൻ കഴിയും. മക്കൾ അനാഥരാകുകയില്ല.ഇതിൽ നിങ്ങളുടെ സാക്ഷ്യമാണ് പ്രധാനം. സാക്ഷ്യം നശിക്കാതെ സൂക്ഷിക്കുക. അങ്ങനെയായാൽ വീട്ടിൽ,വെളിയിൽ,സഭയിൽ നിങ്ങൾ നല്ലസാക്ഷ്യമുള്ളവർ എന്നുപറയുവാൻ സാധിക്കും.

പ്രിയമുള്ളവരേ നമ്മുടെ ജീവിതം വളരെ ചെറുതാണ്. ഈ ചെറിയ കാലയളവിൽ ഭർത്താവ്, ഭാര്യ മക്കളോടുകൂടെ സന്തോഷമായി ജീവിക്കുക. നിങ്ങൾ തമ്മിൽ തോറ്റതായി ചിന്തിക്കണ്ട. ആരോടാണ് തോറ്റത്. നിങ്ങളുടെ ഭർത്താവിനോട് തന്നെയല്ലേ. അല്ലെങ്കിൽ ഭാര്യയോടു തന്നെയല്ലേ തോറ്റത്. അവർ നിങ്ങളുടെ ശരീരത്തിന്റെ ഒരു പകുതി തന്നെയല്ലേ. തോറ്റെങ്കിലെന്ത്? ജീവിതം തകരുകയില്ലല്ലോ? ജീവിതം ജീവിക്കുവാനുള്ളതാണ് എന്ന് ആരോ എഴുതിയത് ഞാൻ വായിച്ചിട്ടുണ്ട്.

**മദ്യപാനിയായ ഭർത്താവ്. ഭർത്താവിനെ സംശയം. ഭാര്യയുടെ പ്രവൃത്തിൽ സംശയം. ഇങ്ങനെയുള്ളവരുമായുള്ള കുടുംബജീവിതം നരകമാകുന്നു.**

ഞാൻ മുന്നമേ പറഞ്ഞതുപോലെ എന്റെ ആലോചന മാനസാന്തരപ്പെട്ട രക്ഷിക്കപ്പെട്ടവർക്കു മാത്രമേ, ദൈവത്തെ പ്രസാദിപ്പിക്കുവാൻ താല്പര്യപ്പെടുന്നവർക്കു മാത്രമേ യോജിക്കയുള്ളൂ. തന്നെ വല്ലാതെ ഉപദ്രവിക്കുന്ന ഭർത്താവോ, അമ്മാവിയമ്മയോ ഉള്ള ധാരാളം സ്ത്രീകൾ ഉണ്ട്. ചില ഭവനങ്ങളിൽ ഭാര്യ ഭദ്രകാളിയെപ്പോലെയാണ്. കുടുംബത്തെ അവളുടെ പൂർണ്ണനിയന്ത്രണത്തിലാക്കുവാൻ ശ്രമിക്കും. ഇങ്ങനെയുള്ള കുടുംബം ദൈവം ഇഷ്ടപ്പെടുന്നില്ല എന്ന് സംശയമെന്യേ പറയുവാൻ കഴിയും. ഇത് ശരിയായ വിശ്വാസികളുടെ കുടുംബം ആകുവാൻ ഇടയില്ല. ഇങ്ങനെയുള്ള കുടുംബങ്ങളിൽ രക്ഷിക്കപ്പെട്ടവർ ചില പ്രത്യേക സാഹചര്യങ്ങൾ മൂലം അകപ്പെടുകയോ, വിവാഹം കഴിക്കേണ്ടി വരികയോ ചെയ്യുന്നു.

അതു മേൽ പറഞ്ഞ പ്രകാരം രക്ഷിക്കപ്പെട്ട അവസ്ഥയിൽ നിങ്ങൾ ഒറ്റപ്പെട്ട് - അകപ്പെട്ടുപോയെങ്കിൽ ദൈവത്തെ സ്നേഹിക്കുന്ന നിങ്ങൾക്കായി മാത്രം താഴെയുള്ള ആലോചന തരുന്നു.

മദ്യപാനിയായ ഭർത്താവോ അല്ലെങ്കിൽ Hysterical (Hysteria in women) മാനസിക രോഗിയെപ്പോലെ നിങ്ങളോടിടപെടുന്ന ക്രൂരത കാണിക്കുന്ന വ്യക്തിയായോ നിങ്ങളുടെ ഭാര്യ ആയീത്തീർന്നാൽ - നിശ്ചയമായും അവൾ മാനസാന്തപ്പെടാത്ത വ്യക്തിയായിരിക്കും. അവളുടെ മാതാപിതാക്കളാൽ ശരിയായ രീതിയിൽ വളർത്തപ്പെടാത്തവൾ ആയിരിക്കും. ഭാര്യയോ പാപം ചെയ്ത ഭർത്താവോ വേറൊരു സ്ത്രീയോടോ, പുരുഷനോടോ രഹസ്യമായി കുടുംബജീവിതം നടത്തുന്ന ഭർത്താവോ ഭാര്യയോ ആയാൽ - ലൈംഗീകാസക്തി - (Hormone) പ്രശ്നം കൂടുതലുള്ള വ്യക്തിയോടു കൂടെ കുടുംബജീവിതം നടത്തുന്ന വ്യക്തിയാണെങ്കിൽ - കീഴ്പ്പെടാത്ത ഭാര്യ അഥവാ ഭർത്താവ്. ഓരോ നിമിഷവും നിങ്ങളെ പ്രലോഭിപ്പിച്ച് ദേഷ്യപ്പെടുത്തി നിങ്ങളെ കോപത്തിന്റെ ഉച്ഛസ്ഥായിലെത്തിക്കുന്ന ഭാര്യ **അഥവാ ഭർത്താവ്** നിങ്ങൾക്കുണ്ടായാൽ വേദപുസ്തം പറയുന്ന **വചനപ്രകാരം പറയുന്ന ആലോചന** - ഇത് പുരുഷനും സ്ത്രീക്കും യോജിക്കും. 1 പത്രോ 3:1,2. (താഴ്ന്നുപോകുക) കീഴ്പെട്ടിരിക്കുക ഇതാണ് ഒന്നാമത്തെ ഉപദേശം. വേറൊരു മാർഗ്ഗമില്ല - രണ്ടുപേരിൽ ആരെങ്കിലും ഒരാൾ മാനസാന്തരത്തിന്റെ അനുഭവം ഇല്ലാത്തവരാണെങ്കിൽ ........ അവരെ നിങ്ങൾ ക്രമപ്പെടുത്തു (ശരിയാക്കു)വാൻ ശ്രമിക്കണ്ട. അത് പരാജയമായേ തീരുകയുള്ളൂ. മനുഷ്യന് മറ്റൊരു വ്യക്തിയെ മാറ്റുവാൻ കഴിയുകയില്ല എന്ന് വചനം പറയുന്നു. മാറ്റം വരുത്തുന്നത് ദൈവം എന്നുള്ളത് മറക്കരുത്. ഇനി അടുത്ത ഉപദേശം വിശുദ്ധ പത്രോസ് ഈ വചനത്തിൽ എന്തു പറയുന്നു എന്ന് ശ്രദ്ധിക്കാം. ഭയത്തോടുകൂടിയ നല്ല നടപ്പ്. (നിങ്ങൾ താണുകൊടുക്കുന്നത്) ഭാര്യയുടെയോ ഭർത്താവിന്റെയോ **ഭ്രാന്തമായ സ്വഭാവംനിങ്ങൾ സഹിക്കുന്നത്.** പകരത്തിനു പകരം നിങ്ങളുടെ കോപസ്വഭാവം പ്രകടിപ്പിക്കുന്നത്. അതിനോടുകൂടെ നിങ്ങളുടെ

നിർമ്മലമായ നടപ്പ് കണ്ടറിയണം. വചനം കൂടാതെ എന്നതിന്റെ അർത്ഥം (1 പത്രോ 3:1,2) അവരെ നിങ്ങൾ ശരിയാക്കുവാൻ ശ്രമിക്കണ്ട എന്നതാണ്. എത്രതന്നെ പറഞ്ഞാലും അവർക്ക് മനസ്സിലാകുന്നില്ല. നിങ്ങൾ പറയുംതോറും മറ്റെ ആളിന്റെ ദേഷ്യം അധികമാകും. അതുകൊണ്ട് ഉപദേശിക്കുന്നത് നിറുത്തിയിട്ട് എന്നെക്കൊണ്ട് ആരെയും മാറ്റുവാൻ സാധ്യമല്ല എന്ന് ദൈവത്തോട് പറഞ്ഞ് സമർപ്പിക്കാം. നിങ്ങളുടെ ഭാര്യയെ അഥവാ ഭർത്താവിനെ മാറ്റുവാനുള്ള ചുമതല ദൈവത്തെ ഏൽപ്പിക്കാം. രാത്രിയാമങ്ങളിൽ – എല്ലാവരും ഉറക്കത്തിലായിരിക്കുമ്പോൾ ഭാര്യയുടെ അഥവാ ഭർത്താവിന്റെ കിടയ്ക്കരുകിൽ മുട്ടിന്മേൽ നിന്ന് ദൈവത്തോട് എന്റെ ഭാര്യയെ/ഭർത്താവിനെ നേരെയാക്കിത്തരണമേ എന്ന് അപേക്ഷിക്കുക. ഭാര്യയുടെ പ്രശ്നമായിരുന്നാൽ ഭാര്യ ഉറങ്ങിയശേഷം, ഭർത്താവ് ഭാര്യയുടെ കിടയ്ക്കരികിൽ മുട്ടുകുത്തി എന്റെ ഭാര്യയെ എനിക്കു വേണം. എന്റെ മകൾക്ക് നല്ല ഒരമ്മയായി വേണം അവൾക്ക് ഒരു മാറ്റം തരണമേ എന്ന് കേണപേക്ഷിക്കുക. നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ദിവസങ്ങൾക്കകമോ ഒരു പക്ഷേ പല വർഷങ്ങൾക്ക് ശേഷമോ മറുപടി ലഭിക്കും.

അതുവരെ 1 പത്രോസ് 3:1–ൽ പറയുന്നപോലെ. (നിങ്ങളുടെ നല്ല നടപ്പു കണ്ടറിഞ്ഞ് – എത്ര പ്രലോഭനങ്ങൾ ഉണ്ടായാലും – നിങ്ങളുടെ സൗമ്യത, സ്നേഹം, പ്രാർത്ഥനാജീവിതം, വേദവായന) ഇവ കണ്ടറിഞ്ഞ് വീട്ടിൽ പ്രശ്നത്തിന് കാരണക്കാരായവരുടെ ഉള്ളിൽ ക്രമാനുഗതമായി മാറ്റം ഉണ്ടാക്കും – അങ്ങനെയാണ് വേദപുസ്തകം പറയുന്നത്.

ഇപ്രകാരം മനഃശാസ്ത്രജ്ഞന്മാരോ – മനോരോഗവിദഗ്ദ്ധന്മാരോ പഠിപ്പിക്കയില്ല. വചനം മാത്രം ഇപ്രകാരം പഠിപ്പിക്കുന്നു.

ചിലർ ഭാര്യയുടെ പീഡനം താങ്ങാൻ കഴിയുന്നില്ല. മനഃപൂർവ്വം എന്നെ കോപിപ്പിക്കുന്നു. അതുകൊണ്ട് ഭാര്യയെ കൊന്നിട്ട് ഞാനും ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു എന്നു നേരിൽ പറഞ്ഞവർ ധാരാളം. നിങ്ങൾ ക്ഷമ കൊണ്ട് നിങ്ങളുടെ പ്രാണനെ നേടും(ലൂക്കോസ് 21:19) ഒരു കാര്യം മനസ്സിലാക്കണം. നമ്മുടെ ദൈവം വേർപിരിക്കുന്നവനല്ല, യോജിപ്പിക്കുന്നവൻ എന്നതു മറക്കരുത്.

മേൽ പറഞ്ഞതുപോലെ ആലോചനാ നേരത്തിൽ (counselling time) നടന്ന ഒരു സംഭവത്തെ ഞാൻ ഇവിടെ പങ്കുവെയ്ക്കുന്നു. ഞാൻ പ്രസംഗിച്ച ചില യോഗങ്ങളിൽ ഈ സംഭവം ഞാൻ പറഞ്ഞിട്ടുണ്ട്. എന്നാലും വായനക്കാർക്കായി ആവർത്തിക്കുന്നു. തീർച്ചയായും നിങ്ങൾക്ക് അത് പ്രയോജനമാകും എന്ന് വിശ്വസിക്കുന്നു.

## യോജിച്ചു പോകാത്ത അമ്മാവിയമ്മ – മരുമകൾ

തമിഴ്നാട്ടിലുള്ള ഒരു വലിയ പട്ടണത്തിലെ ഒരു സി.എസ്.ഐ പള്ളിയിൽ മൂന്നു ദിവസത്തെ കൺവൻഷനിൽ പ്രസംഗിക്കുകയുണ്ടായി. മുൻപു സൂചിപ്പിച്ചതുപോലെ ശനിയാഴ്ച counselling time ആയിരക്കണക്കിന് ജനങ്ങൾ ആലയത്തിൽ ഇരുന്ന് പാട്ടുകൾ പാടിക്കൊണ്ടിരിക്കേ വരിയായി ഓരോരുത്തർ ഒറ്റയ്ക്കും കുടുംബമായും എന്റെ മുറിയിൽ വന്ന് (കൗൺസലിംഗിനായി) ആലോചന പ്രാപിച്ച് പ്രാർത്ഥിച്ച് പൊയ്ക്കൊണ്ടിരുന്നു. അതിൽ ഒരു സഹോദരി, വനിതാ കോളേജിൽ പ്രിൻസിപ്പലായി വിരമിച്ച് വീട്ടിൽ വിശ്രമജീവിതം കഴിച്ചു വരുന്നതും, ഭർത്താവ് മരിച്ചുപോയതുമായ ഒരു സ്ത്രീ. ഇവർക്ക് ഏകമകൻ എഞ്ചിനീയറായി ഉന്നതപദവി വഹിക്കുന്നു. ഭാര്യ ഒരു ദേശസാൽകൃത ബാങ്കിൽ നല്ല പദവിയിൽ ഉദ്യോഗം വഹിക്കുന്നു. ഇവർക്ക് രണ്ടു മക്കൾ – (മകൻ, മകൾ). ഇതിൽ പ്രശ്നം എന്താണെന്നാൽ മേൽ പറഞ്ഞ സഹോദരിക്ക് തന്റെ

മരുമകളുമായി യോജിച്ചു പോകുവാൻ കഴിയാത്ത അവസ്ഥ. വീട്ടിൽ തന്റെ ചെറു മക്കളെ ശാസിക്കുന്നതും കുഞ്ഞുങ്ങൾ കുസൃതി കാണിക്കുമ്പോൾ - പരസ്പരം അടികൂടുമ്പോൾ അവരെ മാറ്റിവിട്ട് ഇരുവരെയും ഒരു കുഞ്ഞു ചൂരൽ കൊണ്ടടിച്ച് ശിക്ഷിക്കുന്നതും പതിവാണ്. പക്ഷേ താൻ അപ്രകാരം അടിക്കുന്നതും, ശാസിക്കുന്നതും മരുമകൾക്ക് ഇഷ്ടമല്ല. ഞാൻ എന്റെ മകനെ അപ്രകാരം ശാസിച്ചും, ശിക്ഷിച്ചുമാണ് വളർത്തിയത്. അതുപോലെ എന്റെ ചെറുമക്കളെയും വളർത്തുവാൻ ശ്രമിക്കുന്നു. മകനും മരുമകളും ജോലിക്കു പോയിക്കഴിഞ്ഞാൽ അവധി ദിവസങ്ങളിൽ കുട്ടികളുടെ കുസൃതിയും വഴക്കും വളരെ കൂടുതലാണ്. വാർദ്ധകൃത്തിലെത്തിയ എനിക്ക് കോപം വരികയും അവരെ ശിക്ഷിക്കുകയും ശാസിക്കുകയും ചെയ്യുന്നത് എന്റെ മകനും ഭാര്യയ്ക്കും ഉൾക്കൊള്ളുവാൻ കഴിയുന്നില്ല.

മരുമകൾ സഭ്യമല്ലാത്ത ഭാഷയിൽ ചെറുമക്കളെ കാരണമില്ലാതെ വഴക്കുപറയും. അത് എന്നെ പറയുംപോലെ തോന്നു. എന്നോടുള്ള പക കുഞ്ഞുങ്ങളോടു കാണിക്കുന്നു. കുഞ്ഞുങ്ങൾ മാനസികമായി ബാധിക്കപ്പെടുകയില്ലേ? എനിക്ക് ജീവനുള്ളതുവരെ കുഞ്ഞുങ്ങൾ തെറ്റു ചെയ്താൽ ഞാൻ അവരെ ശാസിക്കും. ഇത് എന്റെ മകനോട് പറഞ്ഞാൽ നിങ്ങൾ ഇരുവരുടെയും വിഷയത്തിൽ ഞാൻ ഇടപെടുകയില്ല എന്നു പറയുന്നു. മകന്റെ ഭാര്യ എന്നോട് എന്ത് കാണിച്ചാലും എന്റെ മകൻ പകരം ചോദിക്കയില്ല എന്ന് എനിക്ക് മനസ്സിലായി.

തന്മൂലം എനിക്ക് അവളോട് വിദ്വേഷം കൂടിക്കൊണ്ടേയിരിക്കും. എനിക്ക് അവളെ എന്റെ മകളെപ്പോലെ സ്നേഹിക്കണം. അവൾക്ക് എന്നെ മനസ്സിലാകുന്നില്ല. വൃദ്ധമന്ദിരങ്ങളുടെ വിലാസം ഞാൻ അന്വേഷിച്ചുവെച്ചിട്ടുണ്ട്. ഈ വീട്ടിൽ എനിക്ക് വിലയും ബഹുമാനവും ഇല്ലാത്തപ്പോൾ ഞാൻ എന്തിന് ഈ വീട്ടിൽ താമസിക്കണം? എന്നു പറഞ്ഞു.

സഹോദരി പറഞ്ഞു തീർന്നപ്പോൾ ഞാൻ ചോദിച്ചു. നിങ്ങളുടെ ചെറുമക്കൾ നിങ്ങളെ സ്നേഹിക്കുന്നുണ്ടോ? രണ്ടു കുഞ്ഞുങ്ങളും എന്നെ വളരെയധികം സ്നേഹിക്കുന്നു. എപ്പോഴും എന്റെ മുറിയിൽ എന്നോടുകൂടെ കിടന്നും, കളിച്ചും എന്നെ സന്തോഷിപ്പിക്കയും അത് എനിക്ക് സമാധാനവും നൽകുന്നു.

പക്ഷേ, എന്റെ മരുമകൾക്ക് ഇത് ഒട്ടും തന്നെ ഇഷ്ടമല്ല. കുഞ്ഞുങ്ങളെ എന്റെ മുറിയിൽ വന്ന് വലിച്ചിഴച്ചു കൊണ്ടുപോയി അടിക്കുന്നു. എന്നോടുള്ള വെറുപ്പാണ് ഇതിനു കാരണം. ഇനി ഈ വീട്ടിൽ ഞാൻ താമസിക്കുന്നില്ല. എനിക്ക് കൈനിറയെ പണം ഉണ്ട്.

പെൻഷനെ തുടർന്നു ലഭിച്ച വൻ തുക ബാങ്കിലുണ്ട്. മാസാമാസം പെൻഷനും ലഭിക്കുന്നുണ്ട്. എന്റെ പണം എന്റെ മകനും മരുമകൾക്കും ആവശ്യമില്ല. ദൈവകൃപയാൽ രണ്ടുപേർക്കും ആവശ്യത്തിലധികം വരുമാനം ലഭിക്കുന്നുണ്ട്. സാമ്പത്തികമായും, ശാരീരികമായും എന്റെ സഹായം അവർക്ക് ആവശ്യമില്ല. ഞാൻ വൃദ്ധമന്ദിരത്തിൽ സമാധാനമായി കഴിയുവാൻ ആഗ്രഹിക്കുന്നു എന്ന് പറയുകയുണ്ടായി.

ഞാൻ പറഞ്ഞു: വൃദ്ധ മന്ദിരത്തിൽ പോയാലും നിങ്ങൾക്ക് സമാധാനമായിരിക്കുവാൻ സാധിക്കയില്ല. ഒറ്റ മകൻ. അരമന പോലുള്ള വലിയ ഭവനം.

ഇവിടെ ലഭിക്കാത്ത സംതൃപ്തി നിങ്ങൾക്ക് വേറെങ്ങും ലഭിക്കയില്ല. പിന്നെയും ഞാൻ പറഞ്ഞു. ഏതു പ്രശ്നത്തിനും ഒരു മൂലകാരണം കാണും. അതുകണ്ടുപിടിച്ച് പരിഹരിച്ചാൽ നിങ്ങളുടെ പ്രശ്നം തീരും.

# എന്റെ ചോദ്യങ്ങൾക്ക് ഉത്തരം പറയുക

? നിങ്ങളുടെ മരുമകൾ നിങ്ങളെ വെറുക്കുവാൻ കാരണം എന്താണ്?

= അറിയില്ല

? നിങ്ങൾ അത് മറച്ചുവെക്കുന്നു എന്നു കരുതുന്നു. ഇല്ല എങ്കിൽ മരുമകൾ നിങ്ങളെ വെറുക്കുന്നതിന്റെ കാരണം പറയുവാൻ നിങ്ങൾക്ക് ആഗ്രഹമില്ല എന്നു കരുതുന്നു?

=അവൾ എന്തുകൊണ്ട് എന്നെ വെറുക്കുന്നു എന്നത് വാസ്തവമായി എനിക്ക് മനസ്സിലായിട്ടില്ല.

?ശരി. എന്നാൽ ഇനി ഞാൻ പറയുന്ന ഉപദേശം ശ്രദ്ധിക്കുക!

നിങ്ങളുടെ മരുമകൾക്ക് എന്താണോ ഇഷ്ടമില്ലാത്തത് അത് നിങ്ങൾ ചെയ്യരുത്.

?ആ വീട് എന്റെ സ്വന്തമാണ് അങ്ങനെയാണെങ്കിൽ ആ വീട്ടിൽ എന്റെ മകന്റെ കുഞ്ഞുങ്ങളെ ശാസിക്കുവാൻ ഒരു മുത്തശ്ശിയായ എനിക്ക് അവകാശമില്ലേ?

സഹോദരീ ഇത് അവകാശത്തിന്റെ പ്രശ്നമല്ല. കുടുംബ സമാധാനം, കുടുംബം തകരരുത്. മാതാവിനെ സ്വന്ത മകൻ വീട്ടിൽ നിന്നും ഇറക്കിവിട്ടു എന്ന ചീത്തപേര് മകനു ഉണ്ടാകാതിരിക്കുവാൻ വേണ്ടി ഞാൻ പറയുന്നു : നിങ്ങൾക്ക് സമാധാനം വേണമോ? ഇല്ലയോ?

മുൻപു ഞാൻ പറഞ്ഞതുതന്നെ വീണ്ടും പറയുന്നു. മരുകൾക്ക് ഇഷ്ടമില്ലാത്തത് നിങ്ങൾ ഇനി ചെയ്യരുത്. മക്കളെക്കുറിച്ച് പ്രസവിച്ച അമ്മയ്ക്കില്ലാത്ത വേദന നിങ്ങൾക്ക് എന്തിനാണ്? നിങ്ങൾ കൊച്ചുമക്കളെ ശകാരിക്കുന്നതും, ശാസിക്കുന്നതും മരുമകൾക്ക് ഇഷ്ടമില്ല. അതുകൊണ്ട് കുഞ്ഞുങ്ങളുടെ വിഷയത്തിൽ ഇടപെടരുത്.

6 മാസം ഞാൻ പറയുന്നതുപോലെ ചെയ്തിട്ട് എനിക്ക് എഴുതുക എന്നു പറഞ്ഞു. ഒന്നു നിങ്ങൾ മനസ്സിലാക്കണം. മരുമകളെ മാറ്റുവാനോ, അവളെ നിങ്ങളുടെ വരുതിയ്ക്ക് കൊണ്ടുവരുവാനോ ശ്രമിക്കരുത്. **നിങ്ങളെത്തന്നെ മാറ്റുക**! അതു നിങ്ങൾക്കു സാധിക്കും. മരുമകളെ നിങ്ങൾക്കു മാറ്റുവാൻ സാധ്യമല്ല. പക്ഷേ നിങ്ങൾക്ക് നിങ്ങളെ മാറ്റുവാൻ കഴിയും. ഞാൻ ഇപ്രകാരം നിങ്ങളെ ഉപദേശിക്കുവാൻ കാരണം കുടുംബം തകരരുത് എന്നുള്ളതു തന്നേ. നിങ്ങൾ സ്നേഹിക്കുന്ന നിങ്ങളുടെ മകന്റെ ഹൃദയം നിങ്ങൾ ഇരുവരും തമ്മിലുള്ള പ്രശ്നം മൂലം വേദനിക്കരുത്. മകന്റെ അവസ്ഥ ഒരുവശം തന്നെ പ്രസവിച്ചു വളർത്തിയ മാതാവ്. മറുവശം താൻ സ്നേഹിക്കുന്ന തന്റെ പ്രിയപത്നി നിങ്ങളുടെ മകന് രണ്ടു ഭാഗത്തുള്ളവരെയും ഒരുപോലെ തൃപ്തിപ്പെടുത്തുവാൻ കഴിയുകയില്ല. അതുകൊണ്ട് മുതിർന്നവരായ നിങ്ങളുടെ കാലം കഴിയാറായ് ഇനി ജീവിക്കേണ്ടുന്നവനായ മകന്റെ കുടംബത്തെ സന്തോഷമായ് ജീവിക്കുവാൻ സഹായിക്കുക.

ഞാൻ പറഞ്ഞതുപോലെ ചെയ്യുവാൻ നിങ്ങൾ ഒരു ദിവസം നിശ്ചയിച്ചു ഒരു പകൽ ഉപവസിച്ച് ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിക്കുക. ദൈവമേ ഈ കുടുംബപ്രശ്നത്തിൽ പരിജ്ഞാനത്തോടുകൂടെ മരുമകളോട് ഇടപെടുവാൻ ജ്ഞാനം നൽകണം. അഹംഭാവം, ഈഗോ പ്രശ്നം ഒന്നുമില്ലാതെ ഈ വിഷയത്തിൽ പ്രായത്തിൽ മുതിർന്നവരായ നിങ്ങൾ താഴ്ന്നു പോകുവാൻ ദൈവത്തിൽ നിന്ന് ബലം പ്രാപിക്കണം. അടുത്ത ദിവസം മുതൽ ഞാൻ പറഞ്ഞതുപോലെ ചെയ്യണം എന്നുപദേശിച്ച് പ്രാർത്ഥിച്ച് അയയ്ക്കയുണ്ടായി. ആ സഹോദരി അടുത്ത ദിവസം തന്നേ ഞാൻ പറഞ്ഞതുപോലെ ഉപവസിച്ചു. മരുമകളോട് ഇടപെടുവാൻ ജ്ഞാനത്തിനായ് പ്രാർത്ഥിച്ചു, പ്രവർത്തിച്ചു. ചെറുമക്കളുടെ പ്രശ്നങ്ങളിൽ ഇടപെടാറില്ല. എത്രതന്നെ വഴക്കുവെച്ചാലും അടികൂടിയാലും മുത്തശ്ശിയായ ആ സഹോദരി ഇടപെടാറേയില്ല.

മുമ്പൊക്കെ സ്കൂൾ വിട്ടു വീട്ടിൽ വന്നാൽ ഡയറി നോക്കി ഹോംവർക്ക് ചെയ്പ്പിച്ച ശേഷം മാത്രമേ കളിക്കുവാൻ അനുവദിക്കുകയുള്ളൂ. എന്നാൽ ഇപ്പോൾ അതിലും ഇടപെടുകയില്ല. നാളുകൾ കടന്നുപോയി കുഞ്ഞുങ്ങളുടെ മാർക്കു കുറഞ്ഞു. ടീച്ചർ മാതാപിതാക്കളെ നേരിൽ കാണുവാൻ എഴുതി അറിയിച്ചു. മാതാപിതാക്കൾ ചെന്നപ്പോൾ നിങ്ങളുടെ മക്കൾ രണ്ടുപേരും പഠിത്തത്തിൽ ഒന്നാംസ്ഥാനം നേടുന്നവരായിരുന്നു. ചില നാളുകളായി പരീക്ഷയിൽ നാലാം റാങ്കായി മാർക്ക് കുറഞ്ഞിരിക്കുന്നു. വീട്ടിൽ കുഞ്ഞുങ്ങളെ ശ്രദ്ധിക്കുന്നില്ലേ എന്നു ചോദിച്ചു. **മാതാപിതാക്കൾക്ക് കാര്യം എല്ലാം മനസ്സിലായി.**

അടുത്തദിവസം രാവിലെ മകനും മരുമകളും ആ മാതാവിന്റെ മുറിയിൽ വന്നു. ശാന്തമായി നിന്നു. മരുമകൾ ക്ഷമ ചോദിച്ചുകൊണ്ട് പറയുകയുണ്ടായി. കുറച്ച് ദിവസങ്ങൾ ആയി അമ്മയുടെ പെരുമാറ്റത്തിൽ മാറ്റങ്ങൾ കാണുന്നു. കുടുംബവിഷയമായാലും കുഞ്ഞുങ്ങളുടെ വിഷയമായാലും, അമ്മ ഇടപെടുന്നില്ല. ഈ പ്രശ്നങ്ങൾക്ക് എല്ലാം കാരണം ഞാൻ തന്നെ നിങ്ങളുടെ മനസ്സിനെ വളരെ അധികം വേദനിപ്പിച്ചു ക്ഷമിക്കേണമേ മകനും ക്ഷമ ചോദിച്ചു.

അപ്പോഴാണ് ഡോ. നിങ്ങൾ എന്നോട് ചോദിച്ചത് എനിക്ക് ഓർമ്മ വന്നത്. ഞാൻ മരുമകളോട് ചോദിച്ചു, എന്നെ വെറുക്കുവാൻ കാരണം എന്താണ്? ഉപദേശത്തിനായി (Counselling -നായി) ഡോക്ടറെ സമീപിച്ചപ്പോൾ Dr. പോലും ഇതേ ചോദ്യം ചോദിച്ചു. നിങ്ങളുടെ മരുമകൾ നിങ്ങളെ വെറുക്കുവാൻ തീർച്ചയായും ഒരു കാരണം ഉണ്ടാകും. അത് എന്താണ്? എന്നോട് പറയുക.

ഇപ്പോഴാണ് പ്രശ്നത്തിന്റെ മൂലകാരണം പുറത്തുവരാൻ തുടങ്ങിയത്. മരുമകൾ പറഞ്ഞു: അമ്മേ, നിങ്ങൾ നന്നായി പ്രാർത്ഥിക്കുന്നവരാണ്, മിഷനറിമാരെ സഹായിക്കുന്നവരാണ്, പള്ളി പണിയിച്ചു കൊടുത്തിട്ടുണ്ട്. പ്രാർത്ഥനാകുറിപ്പുകൾ വെച്ച് മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരാണ് എന്നൊക്കെ ഞാൻ വിവാഹത്തിനു മുൻപേ അറിഞ്ഞിരുന്നു.

എന്നാൽ ഞങ്ങളുടെ വിവാഹം കഴിഞ്ഞ അന്നു രാത്രി കുടുംബ പ്രാർത്ഥന കഴിഞ്ഞ്, ഞാനും ഭർത്താവും മുറിയിൽ പോകുന്നതിന് മുൻപേ നിങ്ങൾ ഒരു വാക്കു പറഞ്ഞു: നിന്റെ സ്ത്രീധനമായി കൊണ്ടുവന്ന സാധനങ്ങൾ, സ്റ്റീൽ പാത്രങ്ങൾ എല്ലാം വില കുറഞ്ഞത് ആണ്. നല്ല സാധനങ്ങൾ വാങ്ങിക്കുവാൻ നിന്റെ അപ്പന് വകയില്ലേ? ദാരിദ്ര കുടുംബം പോലിരിക്കുന്നു. നിന്റെ അപ്പൻ എന്നെ നന്നായി പറ്റിച്ചു. അറിയാതെ ഇങ്ങനെയുള്ള കുടുംബത്തിൽ നിന്ന് നിന്നെ തെരഞ്ഞെടുത്തു. ശരിപോ ....... എന്ന് എന്റെ വീട്ടുകാരെ കുറിച്ച് പ്രത്യേകിച്ച് എന്റെ അപ്പനെ കുറിച്ച് നികൃഷ്ടമായി പറഞ്ഞ വാക്കുകൾ എന്റെ ഹൃദയത്തിൽ പതിഞ്ഞുപോയി. സാധനത്തിന്റെ വില നിങ്ങൾക്ക് അറിയാമോ? ശ്രദ്ധിക്കാതെ നിങ്ങൾ പറഞ്ഞു. എല്ലാം വിലകൂടിയതാണ്. എന്റെ ആഭരണങ്ങൾ ഒക്കേയും ശുദ്ധമായ തങ്കത്തിൽ തീർത്തതാണ്. ഒന്നും ഡ്യൂപ്ലിക്കേറ്റ് അല്ല. ഇത്രയും ഒക്കെ വാങ്ങിക്കുവാൻ എന്റെ പിതാവ് എന്തുമാത്രം ബുദ്ധിമുട്ടി എന്ന് എനിക്കറിയാം.

പ്രാർത്ഥനാജീവിതമുള്ള ഒരു അമ്മയായി എന്റെ മനസ്സിൽ ഉന്നതസ്ഥാനം കൽപിച്ചിരുന്ന നിങ്ങളെ അന്നു നിങ്ങളുടെ സംസാരത്തിൽ നിന്ന് നിങ്ങളുടെ ഭക്തി, വിശ്വാസം, പ്രാർത്ഥന എല്ലാം കാപട്യം നിറഞ്ഞതാണെന്ന് മോശമായ അഭിപ്രായം വേരുറപ്പിച്ചു. തന്മൂലം നിങ്ങൾ എന്തൊക്കെ നന്മകൾ ഞങ്ങളുടെ കുടുംബത്തിന്, കുഞ്ഞുങ്ങൾക്ക് ചെയ്താലും അതൊക്കെയും കാപട്യം നിറഞ്ഞതാണെന്ന് ഞാൻ ചിന്തിച്ചു. ആദ്യ ദിവസം മുതൽ നിങ്ങളെ വെറുക്കാൻ തുടങ്ങി.

എന്നാൽ ഇപ്പോൾ നിങ്ങൾ ഞങ്ങളെ വിട്ട് ഒതുങ്ങിക്കഴിയുന്നു. ഈ വീട്ടിൽ താമസിച്ച് ഞങ്ങളുടെ ഒരു പ്രശ്നത്തിലും ഇടപെടാതെ ഒതുങ്ങിക്കഴിയുന്നത് ഞങ്ങൾക്ക് വേദനയാണ്. എല്ലാറ്റിനും **ഞാനാണ്** കാരണം, എന്നോട് ക്ഷമിക്കണമേ എന്നു പറഞ്ഞ് കരഞ്ഞു. അപ്പോൾ **എന്റെ മകനും ഞാനും** കരഞ്ഞു.

മരുമകളോടു! 'എന്തുകൊണ്ട് ആദ്യ ദിവസം തന്നെ ഇത് എന്നോട് പറഞ്ഞില്ല' കഴിഞ്ഞ ഒൻപതു വർഷങ്ങൾക്കുശേഷം എല്ലാറ്റിന്റെയും വിലവിവരപട്ടിക ഇപ്പോൾ അവതരിപ്പിക്കുന്നല്ലോ. നിന്റെ പിതാവ് എന്നെപ്പറ്റി എന്ത് മോശമായി കരുതിയിരിക്കും. എന്റെ പ്രാർത്ഥനാക്കൂട്ടായ്മയിൽ നിന്റെ പിതാവും ഉണ്ട്. ഇത് ആദ്യം തന്നെ പറഞ്ഞിരുന്നെങ്കിൽ ഇത്രയും പിണക്കം സംഭവിക്കയില്ലായിരുന്നു. വിവാഹം കഴിഞ്ഞ ആദ്യരാത്രിയിൽ തന്നെ എന്ത് വിഢിയായി, ഹീനമായി, സ്ത്രീധനത്തെക്കുറിച്ച് ഞാൻ പറഞ്ഞിരിക്കുന്നു. വിശ്വസിക്കാൻ കഴിയുന്നില്ല. മറ്റു സ്ത്രീകളെ ഉപദേശിക്കുന്ന ഞാൻ തന്നേ എന്റെ മരുമകളോട് ഇത്രയും നീചമായി ഇടപെട്ടല്ലോ. എന്നോടു ക്ഷമിച്ചാലും. ഞാൻ അങ്ങനെ പറയരുതായിരുന്നു എന്നു പറഞ്ഞു അമ്മാവിയമ്മ കരഞ്ഞു തുടങ്ങി.

എന്റെ മരുമകളും അതുപോലെ പറഞ്ഞു. ഞാനും ഇത്രയും വർഷങ്ങൾ ഈ കയ്പ്പ് മനസ്സിൽ കൊണ്ടു നടന്നു. **അമ്മയെ വെറുക്കരുതായിരുന്നു** എന്നോടു ക്ഷമിക്കണമേ എന്നപേക്ഷിച്ചു. ഞങ്ങൾ മൂന്നു പേരും പരസ്പരം ക്ഷമിച്ചു മുട്ടുകുത്തി പ്രാർത്ഥിച്ചു. അന്നുമുതൽ ഇന്നുവരെ ഞങ്ങളുടെ കുടുംബം നല്ല നിലയിൽ സാക്ഷ്യമുള്ളതായി മുന്നോട്ടു പോകുന്നു. അമ്മായിയമ്മ – മരുമകൾ എന്നപോലെയല്ല അമ്മയും മകളും എന്ന രീതിയിൽ പരസ്പരം ഇടപെട്ട് സന്തോഷമായി ജീവിച്ചു വരുന്നു.

ഞാൻ കൗൺസലിംഗ് നൽകി ഒന്നരമാസത്തിനുള്ളിൽ ഈ മാറ്റം സംഭവിച്ചു. ഇതുപോലെ തിരുനെൽവേലിയിൽ ഒരിടത്തു നടന്ന കൺവെൻഷനിൽ ഈ സംഭവിച്ച മാറ്റങ്ങളെ ആ സഹോദരി നേരിൽ വന്ന് സാക്ഷിയായി പറഞ്ഞു. അതോടൊപ്പം തന്റെ മരുമകളെയും കൊണ്ടുവന്ന് എന്നെ പരിചയപ്പെടുത്തി നന്ദിപറഞ്ഞ് പ്രാർത്ഥിക്കുകയുണ്ടായി.

ഇതുപോലെ പല പ്രശ്നങ്ങൾക്കായി പ്രാർത്ഥിക്കണമേ എന്നപേക്ഷിച്ച് നിങ്ങൾ പലരും കത്തുകളെഴുതിയാലും പ്രശ്നത്തിന്റെ മൂലകാരണം കണ്ടുപിടിക്കാതെ പരിഹരിക്കുവാൻ സാധ്യമല്ല. അതുകൊണ്ടാണ് പ്രാർത്ഥനയോടുകൂടിയ ഉപദേശം (കൗൺസലിംഗ്) ആവശ്യം എന്നു പറയുന്നത്.

# ആലോചന (കൗൺസലിംഗ്) 2

### അമേരിക്ക – ആസ്ട്രേലിയ – മറ്റു യൂറോപ്യൻ സംസ്കാരം

പാശ്ചാത്യ സംസ്കാരത്തിൽ അവിടെ ജീവിക്കുന്ന നമ്മുടെ തമിഴ് നാട്ടിലെ ദമ്പതികൾ കൗൺസലിംഗിനായി വന്നു.

അമേരിക്കയിൽ ജീവിക്കുന്ന ഇന്ത്യക്കാരുടെ മക്കൾ വിവാഹം കഴിഞ്ഞു കുടുംബജീവിതം നയിക്കുന്ന ഇവർക്ക് രണ്ടു മക്കളുണ്ട്. ഭക്ഷണത്തിനായി ഇവരുടെ ഭവനത്തിൽ എന്നെ ക്ഷണിക്കയുണ്ടായി പുറമേ വളരെ സന്തോഷമായി ജീവിക്കുന്നു. അവരുടെ ജീവിതചര്യകൾ ഞാൻ ചോദിച്ചറിഞ്ഞു. അവർ ഇപ്രകാരം പറഞ്ഞു: ഒരാഴ്ചത്തേക്കുള്ള ജോലികൾ (ടൈംടേബിൾ) എഴുതി ഫ്രിഡ്ജിനു പുറത്ത് ഒട്ടിച്ചു വെക്കും. തിങ്കളാഴ്ച ഭർത്താവ് പാത്രങ്ങൾ കഴുകി വീട് തുടച്ച് വൃത്തി

യാക്കണം. ചൊവ്വാഴ്ച ഭാര്യ പാത്രങ്ങൾ കഴുകി വീട് തുടച്ചു വൃത്തിയാക്കണം. കുഞ്ഞുങ്ങളെ Baby sitting ൽ കൊണ്ടു വിടണം. ഇങ്ങനെ പരസ്പരധാരണയോടുകൂടി നേരത്തേ പ്ലാൻ ചെയ്തത് അനുസരിച്ച് പ്രശ്നങ്ങളില്ലാത്ത സമാധാനത്തോടെ ജീവിതം നയിക്കുന്നു.

അതേസമയം 35 വർഷങ്ങളായി അമേരിക്കയിൽ ജീവിച്ചുവരുന്ന മറ്റൊരു ഇൻഡ്യക്കാരുടെ വീട്ടിൽ ഭാര്യാ ഭർത്താക്കന്മാർ ഉദ്യോഗസ്ഥരാണ്. കുഞ്ഞുങ്ങൾ കൂടെയുണ്ട്. പക്ഷേ പാത്രം കഴുകുക, വീട് വൃത്തിയാക്കുക തുടങ്ങിയ പണികൾ ഭർത്താവിനെക്കൊണ്ട് ചെയ്യിക്കയില്ല. താൻ എത്ര താമസിച്ചു വീട്ടിൽ വന്നാലും താൻ തന്നേ ഇതൊക്കെ ചെയ്യുന്നു. തന്റെ ഭർത്താവിനെ ഇതൊക്കെ ചെയ്യുവാൻ ആ ഭാര്യ അനുവദിക്കുന്നില്ല. വീട്ടിൽ ആഹാരം പാകം ചെയ്യുക, വീട് വൃത്തിയാക്കുക, പാത്രം കഴുകുക തുടങ്ങിയ ഭർത്താവ് അതൊക്കെ ചെയ്യുന്നത് മോശമായി ആ സഹോദരി കരുതുന്നു. ഭർത്താവിനെ ശുശ്രൂഷിക്കുന്നത് അഭിമാനമായി അവൾ കരുതുന്നു അത് ലജ്ജയായി കരുതുന്നില്ല. താൻ ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ഭർത്താവിന്റെ അടിമയാണെന്ന് അവൾക്കു തോന്നുന്നില്ല. സ്ത്രീയും പുരുഷനും – സമമാണ് എന്ന ലോകാഭിപ്രായത്തോട് അവൾ യോജിക്കുന്നില്ല. അമേരിക്കയിൽ ആ കുടുംബത്തിൽ അനുഭവപ്പെട്ടതായ ആത്മീയ സന്തോഷവും സമാധാനവും മറ്റൊരു സ്ഥലത്തിലും വിദേശത്തു ഞാൻ കണ്ടില്ല. മേൽ പറഞ്ഞ കുടുംബത്തിലെ മരുമകളും ആ മാതാവിനെപ്പോലെ തന്നെ തന്റെ ഭർത്താവിനെ സേവിക്കുന്നു. തന്റെ ഭർത്തൃപിതാവിന്റെ വസ്ത്രങ്ങൾ മെഷീനിൽ കഴുകി തേച്ചു സഹായിക്കുന്നു. അമേരിക്കൻ സംസ്കാരത്തിൽ വളരെ വർഷങ്ങളായി ജീവിക്കുന്ന കുടുംബം പക്ഷേ ആ കുടംബത്തിൽ അവർ ഭാരതീയരെപ്പോലെ കുടുംബബന്ധങ്ങൾ സംസ്കാരം എന്നിവ സൂക്ഷിക്കുന്നു. കൂട്ടുകുടുംബത്തിലെ സന്തോഷം അവർ അനുഭവിക്കുന്നു. അമേരിക്കയിലുള്ള രണ്ടു വ്യത്യസ്ഥ ഭാരതീയ കുടുംബങ്ങളെ നിങ്ങൾക്കു മാതൃകയായി ഞാൻ കാണിച്ചതാണ്.

ഡോക്ടർ പുഷ്പരാജ് ആയ ഞാൻ എന്റെ മുറിയിൽ ചവറു, പൊടി കണ്ടാൽ ചൂൽ എടുത്ത് ഒരു മൂലയിൽ ചവറ് ഒതുക്കിവെക്കും. എന്റെ ഭാര്യ അതു കാണുവാനിടയായാൽ ഓടി വന്ന് ചൂൽപിടിച്ചുവാങ്ങി നിങ്ങളോട് ഇതൊക്കെ ചെയ്യുവാൻ ആരാണ് പറഞ്ഞത്. ആരെങ്കിലും കണ്ടാൽ എന്തുവിചാരിക്കും എന്ന് പറഞ്ഞ് മുറി വൃത്തിയാക്കും.

ഇന്നത്തെ ചില കുടുംബങ്ങളിൽ ഭാര്യയോ ഭർത്താവോ മാറിയ വസ്ത്രങ്ങൾ പോലും ആരും എടുത്തുവെയ്ക്കുവാൻ വരുന്നില്ല. അവസാനം ഭർത്താവു തന്നെ എടുത്തു മാറ്റേണ്ടി വരുന്നു. കിടക്കയിലെ ബെഡ്ഷീറ്റു പോലും ഭർത്താവു മടക്കിവെയ്ക്കേണ്ടിവരുന്നു. മക്കളെ കുളിപ്പിക്കുന്നതുമുതൽ സ്കൂളിൽ വിടുന്നതു പോലുള്ള സകല പണിയും ഭർത്താവ് തന്നെ ചെയ്യുന്നു. ഇപ്രകാരമുള്ള കുടുംബത്തെ പെൺ ഭരണമുള്ള കുടുംബം എന്ന് ഇന്ത്യയിൽ പറയും.

ഭാര്യ അഥവാ ഭർത്താവ് അത്തരത്തിലുള്ള ജോലികൾ ചെയ്യുന്നത് കുറച്ചിലായിക്കാണരുത്. പല കുടുംബങ്ങളിലും ഇപ്രകാരമുള്ള പണികൾ ചെയ്യുന്ന ഭർത്താവ് തന്റെ ചുമതലയായി കണ്ട് ചെയ്യുന്നില്ല. പിന്നെ ഭാര്യയുടെ അഹംഭാവം കൊണ്ട് കുടുംബം തകരരുത് എന്ന് കരുതി കീഴ്പ്പെട്ടുപോകുന്നു. ഇപ്രകാരമുള്ള ഭവനത്തിൽ സംതൃപ്തിയുള്ള കുടുംബജീവിതമായിരിക്കുമോ? ഒരു യന്ത്രംപോലെ (റോബോട്ട്) അവരുടെ സന്തോഷം പ്രഹസനമായിരിക്കും.

ഈ കുടുംബത്തിൽ ഭാര്യ റ്റി.പി.എം (ദി പെന്തകോസ്തു) സഭയ്ക്കും ഭർത്താവ് സി.എസ്.ഐ ആരാധനയിലും പങ്കെടുക്കുന്നു.

ഇതു ദൈവത്തിന്റെ നോട്ടത്തിൽ അനുഗ്രഹിക്കപ്പെട്ട കുടുംബം അല്ല. ഇതിനൊക്കെയും ആ സ്ത്രീയുടെ മാതാപിതാക്കളാണ് മൂലകാരണം. രാത്രി കുഞ്ഞു മൂത്രം ഒഴിക്കുവാൻ ടോയ്‌ലറ്റിൽ പോകുവാൻ കരയുമ്പോൾ ഭാര്യ സുഖമായി കാണാത്തതുപോലെയും ഉറങ്ങുന്നതായും ഭാവിക്കുന്നു. ഭർത്താവ് കുഞ്ഞിനെ സഹായിക്കേണ്ടിവരുന്നു. ഇത് സാക്ഷിയില്ലാത്ത ക്രിസ്തീയ കുടുംബം. മറ്റുള്ളവരെ ഉപദേശിക്കുവാൻ പ്രാഗത്ഭ്യമില്ലാത്ത ക്രിസ്തീയ കുടുംബം. ആ മാതൃക ലഭിക്കാത്ത കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ തെറ്റായ രീതി പിൻപറ്റും. ഇങ്ങനെ ഭാര്യ ഭർത്താക്കന്മാർ പരസ്പരം കലഹിക്കുകയും മക്കളോട് സ്നേഹം പ്രകടിപ്പിക്കാതെയുമിരിക്കുമ്പോൾ പിൽക്കാലത്ത് കുഞ്ഞുങ്ങൾ, ക്രൂരന്മാരും സമൂഹത്തിന് കൊള്ളരുതാത്തവരും, കൊലപാതകരായും മാറുന്നു. മാതാപിതാക്കളുടെ മുൻകോപ പ്രവൃത്തികൾമൂലം ഇളം പ്രായത്തിലേ വീട് വിട്ടി ഓടിപ്പോകുന്ന കുഞ്ഞുങ്ങൾ ധാരാളമുണ്ട്. ശ്രദ്ധിക്കുക. ക്രിസ്തീയ മാതാപിതാക്കൾ ഇതിനൊക്കെയും കണക്കുബോധിപ്പിക്കേണ്ടതായ ദിവസമുണ്ട്. ഇങ്ങനെയുള്ളവർക്ക് നിത്യജീവനും നഷ്ടമായിപ്പോകും.

സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഭർത്താവ് ഭാര്യയുടെ തുണി നനച്ചു സഹായിക്കാം. എന്നാൽ അധികാരത്തിന്റെ പുറത്ത് നിർബന്ധിച്ച് ഒരു ഭാര്യയെയോ ഭർത്താവിനെയോ വീട്ടുവേല ചെയ്യിച്ചാൽ അവർ യഥാർത്ഥമായി പരസ്പരസ്നേഹമില്ലാത്തവരാണ്. അങ്ങനെയുള്ള കുടുംബം എന്നുവേണമെങ്കിലും തകർന്നുപോകും.

**സ്നേഹത്താൽ ചെയ്യേണ്ടുന്നത് അധികാരത്താൽ ചെയ്യിക്കരുത്.**

# HYSTERIA IN WOMEN - MEN

ഭാര്യമാരോ, ഭർത്താക്കന്മാരോ ഇപ്രകാരമുള്ള ഒരു മനോരോഗത്തിന് അടിമപ്പെട്ടവരായിരിക്കാം. നല്ല വിദ്യാഭ്യാസം നല്ല സ്വഭാവം നേരിൽ കാണുമ്പോഴോ ഇടപഴകുമ്പോഴോ ഇപ്രകാരമുള്ള മനോരോഗം (Hysteria) ബാധിച്ചതായി അറിയുവാൻ കഴിയില്ല. ഏതെങ്കിലും കാരണത്താൽ ദേഷ്യം വന്നാൽ നിയന്ത്രണം വിട്ട് വർത്തമാനം പറഞ്ഞ് കുടുംബം ഛിദ്രിക്കത്തക്കരീതിയിൽ എത്തിച്ചേരും. ചിലപ്പോൾ ഇങ്ങനെയുള്ള സ്വഭാവവിശേഷം (character) ഉള്ളവർ തങ്ങളെതന്നെ മുറിവേൽപ്പിക്കും. കോപം വരുമ്പോൾ തങ്ങളുടെ കൈകളെ കടിച്ച് മുറിവേൽപ്പിക്കും.

'ചീത്തലൈ ചാത്തനാർ' എന്ന പ്രസിദ്ധനായ ഒരു തമിഴ് കവിയെക്കുറിച്ച് തമിഴ് പാഠപുസ്തകത്തിൽ വായിച്ചിട്ടുണ്ട്. ഇദ്ദേഹം പഠിപ്പിക്കുന്ന വിദ്യാർത്ഥിക്ക് ഒരിക്കൽ പറഞ്ഞു കൊടുത്തിട്ട് അവന് മനസ്സിലാക്കുവാൻ കഴിയാതെ വീണ്ടും വീണ്ടും പറഞ്ഞു കൊടുക്കേണ്ടി വന്നാൽ ചാത്തനാർ എന്ന ആ കവിയ്ക്ക് ദേഷ്യം അധികരിക്കും. പാട്ട് എഴുതുമ്പോൾ ആരെങ്കിലും വ്യാകരണപിശകോ, അനുസാരമോ, വിസർഗ്ഗമോ തെറ്റിച്ചാലും ദേഷ്യം അധികരിച്ചിട്ട് മറ്റുള്ളവരെ ശിക്ഷിക്കുന്നതിനുപകരം തന്റെ കൈയ്യിലുള്ള എഴുത്താണി എടുത്ത് തന്റെ തലയിൽ കുത്തുക പതിവാണ്. ഇപ്രകാരം വീണ്ടും വീണ്ടും ചെയ്യുന്നതുകൊണ്ട് തലമുഴുവൻ വ്രണമായി പൊറ്റ പിടിച്ചിരിക്കും. അതുകൊണ്ട് അദ്ദേഹത്തെ ചീ–തല–ചാത്തനാർ എന്ന വിളിപ്പേരുണ്ടായിപോലും.

മേൽ പറഞ്ഞതുപോലുള്ള മനോരോഗംചില ഭാര്യാ ഭർത്താക്കന്മാരിൽ കാണാറുണ്ട്. ചെറുപ്രായത്തിൽ മാതാപിതാക്കളുടെ സ്നേഹം ലഭിക്കാത്തതുകൊണ്ടോ, മറ്റുള്ളവരുമായി സഹകരണമില്ലാതെ തനിച്ച് വളർന്നതുകൊണ്ടോ, വളർത്തിയ രീതി ശരിയല്ലാത്തതുകൊണ്ടോ, ഉപദേശിപ്പാൻ (counselling) നൽകുവാൻ കഴിയാത്തതുകൊണ്ടോ ഇങ്ങനെ സംഭവിക്കാം.

സ്കൂളിൽ അദ്ധ്യാപകരുടെ ശ്രദ്ധക്കുറവുമൂലം അദ്ധ്യാപകരുടെ ക്രൂരമായ പ്രവർത്തനങ്ങൾക്ക് ഇരയായവർ സഹവിദ്യാർത്ഥികളുടെ മദ്ധ്യേ പരിഹസിക്കപ്പെടുന്നവർ തന്മൂലം കുട്ടിക്കാലത്തുണ്ടായ കോപം, വെറുപ്പ്, നിന്ദ മുതലായവ പ്രകടിപ്പിക്കുവാൻ കഴിയാതെ മനസ്സിൽ അടക്കിവെക്കപ്പെട്ടിട്ടുണ്ട്. മുതിർന്ന ശേഷം കുടുംബജീവിതത്തിൽ പ്രതിഫലിപ്പിക്കാറുണ്ട്. കുട്ടികളിൽ തന്നേക്കാൾ മാർക്ക് കൂടുതൽ വാങ്ങിയാൽ, തന്നേക്കാൾ മാനിക്കപ്പെട്ടാൽ ഇവരുടെ മനോനില കോപമായി പരിണമിക്കും. അത് പലരീതിയിൽ പിൽക്കാലത്ത് പ്രതിഫലിക്കും.

ഇന്ത്യയിലെ രണ്ടു മുഖ്യമന്ത്രിമാരെപ്പറ്റി ചിലർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. മുഖ്യമന്ത്രിമാർ ആകുന്നതിന് മുമ്പ് രാഷ്ട്രീയമായിരുന്നപ്പോഴും സാധാരണ മന്ത്രിയായി പദവി വഹിച്ചപ്പോഴും മറ്റുള്ളവരുടെ മുൻപിൽ ഏതു വിധത്തിലെങ്കിലും പരിഹസിക്കപ്പെട്ടാൽ അന്നു വീട്ടിലെത്തിയഉടൻ മുറി അടച്ച് ഉച്ചത്തിൽ അലറിക്കരയും പോലും. ഏകദേശം പത്തുമിനിട്ടു ഏങ്ങി ഏങ്ങി കരഞ്ഞ് അതിനുശേഷം കോപം ശമിച്ച് കിടന്നുറങ്ങുംപോലും. വീട്ടിൽ അലറി കരയുമ്പോൾ അത് കേട്ട് ആരും ഭയപ്പെടുകയില്ല. സഹായികൾക്കും കുടംബത്തിലുള്ളവർക്കും ഇങ്ങനെ അലറിക്കരയുന്നത് പരിചിതമായി തീർന്ന വേളയിൽ നടന്ന മാനഹാനി മൂലം – വികാരം അടക്കി വീട്ടിൽ വന്ന് ശമിപ്പിക്കുവാനായി അലറിക്കരയുന്നു ഇത് ഒരു മാനസികാവസ്ഥ.

ഒരു മനഃശാസ്ത്രജ്ഞൻ പറയുന്നു: ഇപ്രകാരമുള്ള മുൻകോപം മനോരോഗം ബാധിച്ച വ്യക്തിത്വങ്ങൾ എല്ലാ വീടുകളിൽ 2 അഥവാ 3 പേർ കാണും. ചില രോഗം പ്രത്യക്ഷമായും മറ്റു ചിലത് പരോക്ഷമായും കാണും. ഇപ്രകാരമുള്ള ഭാര്യ ഭർത്താക്കന്മാർ നല്ല ഒരു counselling നടത്തുന്ന മനഃശ്ശാസ്ത്രജ്ഞനെക്കണ്ട് തന്റെ ബലഹീനത പറഞ്ഞ് കോപം വളരെ അധികം നീണ്ടു പോയാൽ എന്തു ചെയ്യുന്നു എന്നറിയാത്തതുകൊണ്ട് ഞങ്ങളുടെ കുടുംബജീവിതം തകരുമോ ഞങ്ങളെ കണ്ടുവളരുന്ന ഞങ്ങളുടെ മക്കളുടെ മാനസ്സികനില ബാധിക്കപ്പെടുമോ എന്നു ഭയപ്പെടുന്നു. ഇതിൽ നിന്ന് മോചനം നേടുവാൻ ഞാൻ എന്തു ചെയ്യണം. ഇപ്രകാരമുള്ള ഭർത്താവ് അഥവാ ഭാര്യയോട് ഈ പ്രത്യേക സാഹചര്യത്തെ എങ്ങനെ നേരിടണം എന്ന് മനഃശാസ്ത്രജ്ഞനോട് കൗൺസലിംഗ് നേടുന്നത് വളരെ ആവശ്യമാണ്.

നിങ്ങൾ രക്ഷിക്കപ്പെട്ട വിശ്വാസിയാണെങ്കിൽ മറ്റുള്ളവരോട് ആലോചനയ്ക്കു പോകാതെ കർത്താവിന്റെ പാദത്തിൽ ശരണപ്പെടുക. ഇപ്രകാരമുള്ള ബലഹീനതയുള്ള ഭാര്യയോട് ഇടപെടാനുള്ള ജ്ഞാനം തരണമേ എന്ന് ദൈവത്തോട് ചോദിക്കുക. നമ്മുടെ ദൈവം മനോരോഗ വിദഗ്ദ്ധനെക്കാളും മേൽത്തരമായ ആലോചന നൽകുവാൻ കഴിവുള്ളവനാണ്. മനോരോഗിയായ ഭാര്യയെ സ്നേഹിക്കുവാനും, സഹിക്കുവാനും, ഉൾക്കൊള്ളുവാനുമുള്ള ശക്തി തരണമേ എന്നപേക്ഷിക്കുക.

ഒന്നാമതായി നിങ്ങളുടെ സ്വഭാവം മാറ്റുക – നിങ്ങളുടെ അഭിപ്രായങ്ങളും വിശ്വാസങ്ങളും ഭാര്യയെയോ, ഭർത്താവിനെയോ, അമ്മാവിയമ്മയെയോ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കരുത്. നിങ്ങളെ തന്നെ മാറ്റിയാൽ മതി. കുടുംബം തകരുകയില്ല. വിവാഹമോചനത്തോളം വരെ നിങ്ങളുടെ പ്രശ്നം പോകയില്ല. ദൈവം കാത്തുകൊള്ളും.

ഭാരതത്തിലെ പ്രഥമ മിഷണറിയായ വില്ല്യം കേറി അവർകൾ താൻ സ്നേഹിച്ച് വിവാഹം കഴിച്ച ഭാര്യയോടു കൂടെ ഭാരതത്തിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ ഭാര്യ മാനസ്സികനില തെറ്റി മനോരോഗിയായിത്തീർന്നു. ഒട്ടുംതന്നെ നിയന്ത്രിക്കുവാൻ കഴിയാത്തവിധം അക്രമാസക്തയായി മാറി. തന്നെ മിഷനറി പ്രവർത്തനത്തിനായി അയച്ച സംഘടന കേറിയോട് തിരികെ നാട്ടിലേക്കു

പ്രവർത്തനം നിറുത്തി മടങ്ങി പോകുവാൻ പറഞ്ഞു. എന്നാൽ വില്യംകേറി മാനസികനില തെറ്റിയ ഭാര്യയോടു കൂടെ ജീവിച്ച് തന്റെ ശുശ്രൂഷാജീവിതം വിജയകരമായി പൂർത്തീകരിച്ചു. ജീവകിരീടം അദ്ദേഹത്തിനായ് സ്വർഗ്ഗത്തിൽ കാത്തിരിക്കുന്നു.

നിങ്ങൾ ശരിയായ വിശ്വാസിയാണെങ്കിൽ മനോരോഗിയായ ഭാര്യയോ ഭർത്താവോ നിങ്ങൾക്കുണ്ടായാൽ, സന്തോഷത്തോടെ ദൈവം എനിക്കുതന്ന കുരിശാണെന്നു കരുതി പിറുപിറുക്കാതെ ദൈവകൃപയിൽ ആശ്രയിച്ച് ബലം പ്രാപിച്ച് വിജയകരമായ ഒരു കുടുംബജീവിതം നടത്തുവാൻ ശ്രമിക്കുക.

തിരുനെൽവേലി പാളയംകോട്ട NGO Colony ൽ അസംബ്ലീസ് ഓഫ് ഗോഡ് പാസ്റ്റർ, എന്റെ ഒരു പഴയ സ്നേഹിതനാണ്. ഇപ്പോഴും അങ്ങനെ തന്നെ. അദ്ദേഹത്തിന്റെ മകനും അസിസ്റ്റന്റ് പാസ്റ്റർ ആണ്. എന്നിട്ട് ഈ മകൻ തന്റെ ഭാര്യയെ വിവാഹമോചനം ചെയ്തു. എന്നാൽ ഈ ഭാര്യ ഇതിന് എതിരായി ഭർത്താവിനോട് ചേർന്ന് ജീവിക്കുവാൻ വേണ്ടി വീട്ടിന്റെ മുന്നിൽ നിരാഹാരം ഇരുന്നത് എല്ലാ പ്രധാന തമിഴ് പത്രങ്ങളിലും, ഫോട്ടോയോടൊപ്പം വാർത്ത വന്നു. വിവാഹമോചനം നേടിയ ഒരു പാസ്റ്റർ, സഭയിൽ ശുശ്രൂഷ ചെയ്യുവാനോ ആരാധന ലീഡ് ചെയ്യുവാനോ പ്രാർത്ഥനയിൽ സഭ നയിക്കുവാനോ യോഗ്യനല്ല. ഇദ്ദേഹം ഇടയന്റെ യോഗ്യത നഷ്ടപ്പെടുത്തി. ഞാൻ എൻ.ജി.ഒ കോളനിയിൽ ചെന്ന്, ആ പാസ്റ്ററിനെ നേരിൽ കണ്ട് മകനെ ഇടയശുശ്രൂഷ ചെയ്യുവാൻ അനുവദിക്കരുത് എന്ന് ആലോചന പറഞ്ഞു വന്നു. എന്നാൽ ഇപ്പോഴും ആരാധനയിൽ മകൻ തുടർന്ന് പ്രാർത്ഥനാ ലീഡ് ചെയ്യുന്നു എന്ന് ഞാൻ അറിഞ്ഞു. കത്ത് മുഖേന, വചനം ചൂണ്ടികാണിച്ച് ഞാൻ അവർക്ക് വീണ്ടും എഴുതി. എന്നാൽ പാസ്റ്റർ സെൽവൻ അവർകളും മകൻ പാസ്റ്റർ. നോറ അവർകളും വചനം അനുസരിക്കുവാൻ മനസ്സില്ലാതെ വചനത്തെ ഭയപ്പെടാതെ worship ന് നേതൃത്വം കൊടുത്ത് വരുന്നു. മൊബൈലിൽ അത് റെക്കോർഡ് ചെയ്തു ചിലർ എനിക്ക് അയച്ചു തന്നു. പാസ്റ്റർമാർ രണ്ടുപേരും പരിശുദ്ധാത്മാവിൽ നിറഞ്ഞ് **അന്യഭാഷ** പറയുന്നു. ജനങ്ങളും ആത്മാവിൽ നിറഞ്ഞ് അന്യഭാഷ സംസാരിക്കുന്നു. ഇതിനെയാണ് കാപട്യം അഥവാ വ്യാജം എന്നു ഞാൻ പറയുന്നത്. ആ ആരാധനയിൽ പാസ്റ്റർമാർ **ആത്മാവിൽ നിറഞ്ഞത്** കള്ളം. **സഭാജനങ്ങൾ ആത്മാവിൽ നിറഞ്ഞതും കള്ളം**.



സംസാരിച്ച ഭാഷകൾ എല്ലാം കള്ളം. ഞാൻ എന്റെ സ്നേഹിതനെപ്പറ്റി ഇങ്ങനെ എഴുന്നതിൽ തെറ്റ് എന്തെങ്കിലും ഉണ്ടോ? പെന്തക്കോസ്തു സഭയുടെ പരിശുദ്ധാത്മാവ് എങ്ങനെയുള്ളതാണ്? എന്ന് ഇപ്പോൾ മനസ്സിലായോ? **മിഷനറി വില്യം കേറി, മാനസികനില തെറ്റിയ ഭാര്യയെ സ്വന്തനാട്ടിലേക്ക് അയച്ചിരുന്നു എങ്കിൽ അദ്ദേഹം മിഷനറി ശുശ്രൂഷ ചെയ്യുവാനും യോഗ്യനല്ലാതായി തീർന്നിരിക്കും.** അദ്ദേഹം ഭാര്യയെ കൊണ്ടുള്ള ബുദ്ധിമുട്ടുകൾ **തന്റെ കുരിശായി ചുമന്നുകൊണ്ട്** അവൾക്ക് ആഹാരം വാരികൊടുത്ത്, കുളിപ്പിച്ച്, വേണ്ടതൊക്കെയും ചെയ്തു കൊടുത്ത് അവസാനം വരെ അവളോടുകൂടെ ജീവിച്ചു. ഒരു അന്യഭാഷ എങ്കിലും കേറി പറഞ്ഞിട്ടുണ്ടോ? **പരിശുദ്ധാത്മാവ് അദ്ദേഹത്തിൽ വസിച്ചതുകൊണ്ടാണ് സമനിലതെറ്റിയ ഭാര്യയെ സ്നേഹിക്കുവാൻ സാധിച്ചത്.** ഭാര്യ സുഖമായിരുന്ന് **എ.ജി സഭയുടെ പാസ്റ്റർ മനോരോഗിയായിരുന്നാൽ ഇതേ ഭാര്യഅദ്ദേഹത്തെ ഉപേക്ഷിച്ചുപോകുമോ?**

പാസ്റ്ററിന്റെ **ഭാര്യ അവരുടെ മനോരോഗമുള്ള മകനെ വീട്ടിൽ** നിന്ന് ഇറക്കി വിട്ടിരിക്കുമോ? മനസ്സാക്ഷിയുള്ളവർ, ദൈവഭയമുള്ളവർ ചിന്തിക്കുക. ഇനിയെങ്കിലും അന്യഭാഷ സംസാരിക്കുന്നത് നിറുത്തുക. 'യഹോവ വീട് പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു' (സങ്കീ:127.1)

**കുറിപ്പ്:** തിരുനെൽവേലിയിലെ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ പാസ്റ്ററുടെ വിവാഹ മോചന വിഷയവും അവരും അവരുടെ സഭാജനങ്ങളും പറഞ്ഞ അന്യഭാഷയെക്കുറിച്ചും ഞാൻ എഴുതിയതിൽ എന്തെങ്കിലും തെറ്റായ വചനാടിസ്ഥാനമുള്ളതെങ്കിൽ അതു വ്യക്തമായ വചനാടിസ്ഥാനത്തിൽ എഴുതിയാൽ മറ്റുള്ളവരുടെ അറിവിലേക്കായി ഞാൻ അതു മാസികയിൽ പരസ്യപ്പെടുത്താം. ❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## Dr.M.G.E.PUSHPARAJ - SALEM-636 005.
### BANK ACCOUNT & BALANCE UPTO 18.8.2014 AS FOLLOWS

**STATE BANK OF INDIA**(SALEM-1970)
**A/C No: 10764116842**
SWIFT CODE - SBININBB637- 10764116842
IFFSC CODE - IFSC SBIN0001970 -10764116842

**Balance:**

| | |
|---|---|
| 16.8.2014 | - 5770.54 |
| **18.8.2014** | **- 9020.54** |

**STATE BANK OF TRAVANGORE**
(SALEM BRANCH CODE - 70328)
**A/C No: 57041760879.**
SWIFT CODE - SBTR0000328- 57041760879
IFSC CODE SBTR0000328,
RBCMS BXX - 57041760879.

**Balance:**

| | | |
|---|---|---|
| 11.8.2014 | | - 29277.93 |
| **18.8.2014** | **- 25,000.00** | **- 4277.93** |

**CANARA BANK - SALEM**
(SURAMANGALAM BRANCH)
**A/C No: 1219101013622.**
SWIFT CODE - CNRB0001219 -1219101013622.
IFSC CODE - IFSC CNRB0001219- 1219101013622.

**Balance:**

| | |
|---|---|
| 16.8.2014 | - 69,545.00 |
| **18.8.2014** | **- 76,045.00** |

**SYNDICATE BANK** (SLM SURAMANGALAM BRAN)
**A/C.No: 2200009312.**
SWIFT CODE - SYNBINBB027 6293-2200009312.
IFSC CODE - SYNB0006293-2200009312.

**Balance:**

| | |
|---|---|
| 16.8.2014 | - 1856.19 |
| **18.8.2014** | **- 2355.19** |

**INDIAN OVERSEAS BANK**
(SALEM MAIN - 000080 )
**A/C No: 008001000024114**
IFSC CODE - IOBA0000080,

**Balance:**

| | | |
|---|---|---|
| 03.8.2014 | | - 19,530.30 |
| **04.8.2014** | **- 15,000.00** | **- 4500.30** |

**നന്ദി** **നന്ദി**

കടഭാരം ഇല്ലാത്ത ഒരു ജീവിതം എനിക്കും എന്റെ തലമുറക്കും നൽകി കൃപയാൽ നടത്തുന്നു.

# ഫിലിപ്പോസ്
# എന്ന സുവിശേഷകൻ



Dr.K. Muralidharan MD (Tribal Mission)

**കുറിപ്പു:** *ഈ പ്രസംഗം ചെയ്ത വ്യക്തിയായ **ഡോ. മുരളീധർ എം.ഡി** അവർകൾ ട്രൈബൽമിഷൻ ജനറൽ സെക്രട്ടറിയും ആനക്കട്ടിയിൽ ഉള്ള ഞങ്ങളുടെ ട്രൈബൽമിഷൻ ആശുപത്രിയിലെ മുഖ്യഡോക്ടർ ആകുന്നു. ഇദ്ദേഹം ഹൃദയരോഗത്തിൽ എം.ഡി പഠിത്തമുള്ള വ്യക്തിയും അതിൽ നിപുണനും ആകുന്നു. ഇദ്ദേഹം ലോകപ്രസിദ്ധനായ കൺവെൻഷൻ പ്രസംഗകരിൽ ഒരാളാകുന്നു. ട്രൈബൽ മിഷൻ ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആക്കപ്പെട്ടശേഷം നല്ല രീതിയിൽ പുരോഗതി ഉണ്ടായി. ഇദ്ദേഹം പോണ്ടിച്ചേരിയിലെ **ജിപ്മെർ മെഡിക്കൽ കോളേജിൽ** നിന്നു എം.ഡി യും ഹൃദയരോഗത്തിൽ പ്രത്യേകപഠിത്തവും കഴിഞ്ഞു കേരളത്തിൽ വളരെ പ്രബലനായ ഒരു വ്യക്തി ആകുന്നു. ഇദ്ദേഹത്തിനു വേണ്ടിയും ഇദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽ ഏല്പിക്കപ്പെട്ട വളരെ ഉന്നതമായ ഉത്തരവാദിത്വങ്ങൾ ഇനിയും കൂടുതൽ ദൈവാശ്രയത്തോടെ നിറവേറ്റാൻ ജാമക്കാരൻ വായനക്കാർ പ്രാർത്ഥിക്കണേ!*

➢ വേദപുസ്തകത്തിൽ സുവിശേഷകൻ (Evangelist) എന്നു സൂചിപ്പിച്ചിട്ടുള്ള ഒരേ ഒരു വ്യക്തിയാകുന്നു ഫിലിപ്പൊസ്. അപ്പൊസ്തലനായ പൌലൊസും അവനോടൊപ്പമുള്ളവരും **കൈസര്യപട്ടണത്തിൽ** ഫിലിപ്പൊസ് എന്ന സുവിശേഷകന്റെ വീട്ടിൽ താമസിച്ചതായി അ:പ്ര:21:8-ാം വചനത്തിൽ നാം വായിക്കുന്നു. സുവിശേഷകൻ എന്നു വിളിക്കപ്പെട്ട ഈ ഫിലിപ്പൊസ് ആരാകുന്നു? ഇവന്റെ യോഗ്യത അല്ലെങ്കിൽ ഗുണാതിശയങ്ങൾ എന്ത്? എന്നിവ അല്പം ഗവേഷണം ചെയ്യാം.

അ:പ്ര: 6:5-ാം വചനത്തിൽ ആദ്യമായി നാം ഇവനെക്കുറിച്ചു വായിക്കുന്നു. ആദിമ തിരുസഭയിൽ യവനവിശ്വാസികളുടെ ഇടയിൽ പിറുപിറുപ്പുണ്ടായപ്പോൾ അതിനെ ശരിപ്പെടുത്താൻ തെരഞ്ഞെടുക്കപ്പെട്ട ഏഴുപേരിൽ ഒരാളായിരുന്നു ഈ ഫിലിപ്പൊസ്. ഇവർക്കു നൽകപ്പെട്ട ഉത്തരവാദിത്വം **മേശകളിൽ ശുശ്രൂഷ** ചെയ്യുന്ന ഒരു ചെറിയ ജോലിയാകുന്നു (അ:പ്ര:6:2). ഈ ചെറിയ ജോലി ചെയ്യുന്നതിനു നിയമിക്കപ്പെട്ട ഏഴു വ്യക്തികളുടെ യോഗ്യതയെപ്പറ്റി വേദപുസ്തകം പറയുന്നു. "ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ളവർ" എന്നായിരുന്നു (അ:പ്ര:6:3).

➢ സാധാരണയായ ഒരു മേശയിലെ ശുശ്രൂഷയ്ക്കു ആദിമ തിരുസഭയിൽ അന്നു സഭയിൽ ഉള്ള എല്ലാവരെയും കൂട്ടി വരുത്തി അവർ എല്ലാവരാലും **നല്ല സാക്ഷ്യം** പ്രാപിച്ചവരെ സഭാ ദൈവവേലയിൽ ആ സാധാരണ വേലയ്ക്കു തെരഞ്ഞെടുത്തു. അതിൽ ഒരാളാണു ഫിലിപ്പൊസ് എന്നു സൂചിപ്പിച്ചിരിക്കുന്നു.

എന്നാൽ നമ്മുടെ സഭകളിൽ അച്ചന്മാരെയും ബിഷപ്പുമാരെയും സഭാ ഭരണകമ്മിറ്റിയിലെ മൂപ്പന്മാരെയും (ഡീക്കന്മാരെയും) തെരഞ്ഞെടുക്കുമ്പോൾ എല്ലാവരാലും **നല്ല സാക്ഷ്യം പ്രാപിച്ചവരാണോ** എന്നു അവരെ ശോധന ചെയ്യാതെ മദ്യപാനികളെ അല്ലെങ്കിൽ പണക്കാരുടെയോ രാഷ്ട്രീയക്കാരുടെയോ ശുപാർശ, ഉള്ളവരെ തെരഞ്ഞെടുക്കുന്നു. സിനാഡിൽ ഉള്ളവർക്കു കോടിക്കണക്കായ തുക കൈക്കൂലിയായി കൊടുത്തു അടുത്തകാലം മുതൽ ബിഷപ്പു പദവി വിലയ്ക്കു വാങ്ങുന്നതിനാൽ യോഗ്യത ഇല്ലാത്തവർ സഭാ ഉത്തരവാദിത്വത്തിൽ എത്തിച്ചേരുന്നു. ഇങ്ങനെയുള്ളവരെക്കൊണ്ടു സഭാപ്രശ്നങ്ങൾ ശരിയാക്കാൻ സാധിക്കുന്നില്ല. സഭകളിൽ പ്രശ്നങ്ങൾ വരുമ്പോൾ ന്യായം ലഭിക്കാൻ വിശ്വാസികൾ കോടതി നോക്കി പോകേണ്ടി വരുന്നു. നമ്മുടെ സി.എസ്.ഐ, ലൂഥറൻ സഭകളിൽ ഉള്ള ദൈവവേലക്കാരും ഭാരവാഹിത്വത്തിൽ ഉള്ളവരും ആയവരിൽ ഭൂരി

പക്ഷവും **മദ്യപാനത്തിനു** അടിമകൾ എന്നു ഒരു കണക്കെടുപ്പു പറയുന്നു. ഇങ്ങനെയുള്ളവരെക്കുറിച്ചു നാം കേൾക്കുമ്പോൾ നമ്മുടെ സഭകളും, ഡയോസിസും സിനഡും നശിക്കാൻ മുഖ്യകാരണം അച്ചന്മാരും ഡയോസിസിന്റെ നേതൃത്വത്തിൽ ഉള്ളവരും യോഗ്യതയില്ലാത്തവരായി തെരഞ്ഞെടുക്കപ്പെട്ടു എന്നതാണ് സത്യം - ജാമക്കാരൻ)

➢ ഇന്നത്തെ ക്രൈസ്തവസഭകളിലും സ്ഥാപനങ്ങളിലും **പരിശുദ്ധാത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ളവരാണു ആവശ്യം** എന്നു ഒരു പരസ്യം കൊടുത്താൽ അതു ഒരു ഉന്നത പദവിക്കായോ അല്ലെങ്കിൽ ഒരു ഉന്നത ഉത്തരവാദിത്വത്തിനോ ആയിരിക്കും. ഇപ്രകാരമുള്ള ഉയർന്ന യോഗ്യതകൾ സാധാരണ ശിഷ്യനായ ഫിലിപ്പൊസ് പ്രാപിച്ചിരുന്നു. എന്നാൽ ഒരു വിനയമുള്ള ജോലി സ്വീകരിക്കാൻ ഫിലിപ്പൊസ് മടിച്ചില്ല. അതുമാത്രവുമല്ല ഫിലിപ്പൊസും മറ്റു ആറുപേരും ഈ ഉത്തരവാദിത്വം ഏറ്റെടുത്തശേഷം **"ദൈവവചനം പരന്നു, യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി, പുരോഹിതന്മാരിലും വലിയൊരു കൂട്ടം വിശ്വാസത്തിനു അധീനരായിത്തീർന്നു"** എന്നു അ:പ്ര: 6:7 ൽ പറഞ്ഞിരിക്കുന്നതു നാം കാണുന്നു. മേശകളിൽ ശുശ്രൂഷ എന്ന ഈ ഏറ്റവും ചെറിയ ശുശ്രൂഷ സ്വീകരിച്ച ഏഴു വ്യക്തികളും സുവിശേഷം അറിയിക്കുന്ന ദൈവവേലയിലും എത്ര നന്നായി പ്രവർത്തിച്ചു എന്നതു ഈ വചനം ചൂണ്ടിക്കാണിക്കുന്നു.

➢ അടുത്തതായി **ഫിലിപ്പൊസിനെ** നാം അ:പ്ര:8-ാം അദ്ധ്യായത്തിൽ കാണുന്നു. അക്കാലത്തിൽ യെരുശലേമിലുള്ള സഭയ്ക്കു വലിയ ഉപദ്രവം ഉണ്ടായി. അതുകൊണ്ടു എല്ലാവരും യെഹൂദ്യ, ശമര്യ ദേശങ്ങളിൽ ചിതറിപ്പോയി. ഈ സാഹചര്യത്തിൽ ഫിലിപ്പൊസ് ശമര്യയിൽ പോയി യേശുക്രിസ്തുവിനെക്കുറിച്ചു പ്രസംഗിച്ചു (അ:പ്ര:8:5). യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പു ശിഷ്യന്മാർക്കു കൊടുത്ത കല്പന: **പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും"** (അ:പ്ര:1:8) എന്നായിരുന്നു. ഇതിനെ ഓർത്തുകൊണ്ടായിരിക്കണം ഫിലിപ്പൊസ് ശമര്യയിൽ പോയതു. ശമര്യയിൽ ഫിലിപ്പൊസിന്റെ ദൈവവേല വളരെ നന്നായി നടന്നുകൊണ്ടിരുന്നു.

ഇപ്രകാരം ശമര്യയിലെ ദൈവവേലയുടെ ഉച്ചഘട്ടത്തിൽ ഫിലിപ്പൊസ് ആ ദൈവവേല വിട്ടു **മരുഭൂമിയിലേക്കു** പോകുന്നതിനു **കർത്താവിന്റെ ദൂതന്റെ** പക്കൽ നിന്നു കല്പന പ്രാപിച്ചു. ഈ സാഹചര്യത്തിൽ മറ്റാരെങ്കിലുമാണെങ്കിൽ ഇപ്രകാരമുള്ള മഹിമയായ ദൈവവേല വിട്ടുപോകാൻ അവർക്കു മനസ്സുണ്ടാകുമായിരുന്നില്ല. എന്നാൽ ഫിലിപ്പൊസ് യാതൊരു എതിർപ്പും പറയാതെയും എന്തിനായി ഞാൻ അവിടെ പോകണം എന്നും ചോദിക്കാതെ കർത്താവിന്റെ കല്പനയ്ക്കു അങ്ങനെ തന്നെ അനുസരണ കാണിച്ചു **ഒരേ ഒരു മനുഷ്യനുവേണ്ടി** സുവിശേഷം അറിയിക്കാൻ മരുഭൂമിയിലേക്കു പോയി.

*എന്നാൽ ഇന്നു ചിലർ സഭയായാലും മിഷണറി സ്ഥാപനമായാലും ദൈവവേല ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു പ്രത്യേക കാര്യത്തിനായി അല്പം **താഴ്ന്ന ഒരു പദവിയിൽ** അല്പകാലം ദൈവവേല ചെയ്യണം എന്നോ ഒരു **ചെറിയ സഭയിലേക്കു** സ്ഥലം മാറ്റം ചെയ്തു അല്പകാലം ദൈവവേല ചെയ്യണം എന്നോ പറഞ്ഞാൽ പലരും അതിനെ തങ്ങളുടെ അഹംബോധം (Ego) പ്രശ്നമായി കരുതി അവരുടെ കോപം ദൈവവേലയിന്മേലും ഭാരവാഹികളുടെ മേലും കാണിക്കും. ചിലർ കർത്താവിന്മേലും കോപം കാണിക്കും. അക്കാരണത്താൽ അങ്ങനെയുള്ളവർക്കു **പ്രാർത്ഥിക്കാൻ** ആഗ്രഹം ഉണ്ടാകയില്ല. പൂർണ്ണമായി **വേദപുസ്തകം** വായിക്കയില്ല. ഇങ്ങനെ ചെയ്തു പൂർണ്ണമായി ദൈവത്തെ വിട്ടു മാറിപ്പോകും. ഈ ഫിലിപ്പൊസിന്റെ വാർത്തകൾ അങ്ങനെയുള്ളവർക്കു പ്രയോജനമായിരിക്കണമെന്നതിനായി ഡോ: മുരളീധർ അവർകൾ എഴുതിയ ലേഖനത്തിൽ അദ്ദേ*

*ഹത്തിന്റെ അനുവാദം ഇല്ലാതെ തന്നെ ഞാൻ ഉള്ളിൽ പ്രവേശിച്ചു എന്റെ ഹൃദയഭാരത്തെ പങ്കുവച്ചു.*

ആ **മരുഭൂമി വഴിയായി** യെരുശലേമിൽ നിന്നു **ഐത്യോപ്യയിലേക്കു** രഥത്തിൽ യാത്ര ചെയ്തുകൊണ്ടിരുന്ന ആ **ഐത്യോപ്യമന്ത്രിയോടൊപ്പം** പോയിച്ചേരാൻ പരിശുദ്ധാത്മാവു ഫിലിപ്പൊസിനോടു കല്പിച്ചു. അപ്പോൾ ഫിലിപ്പൊസ് ഓടിപ്പോയി ആ രഥത്തോടു ചേർന്നു എന്നു വേദപുസ്തകം പറയുന്നു. **"ഫിലിപ്പൊസ് ഓടിച്ചെല്ലുമ്പോൾ യെശയ്യാപ്രവാചകന്റെ പുസ്തകം വായിക്കുന്നതു കേട്ടു: നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ"** എന്നു ചോദിച്ചു സുവിശേഷം അറിയിക്കുന്ന ദൈവവേല അവസരം പ്രയോജനപ്പെടുത്തുന്നു (അ:പ്ര:8:30).

**ഫിലിപ്പൊസ് അന്നു സുവിശേഷം** അറിയിച്ച **സാഹചര്യം** സങ്കല്പിച്ചു നോക്കുവിൻ. അന്നു ആ കുതിരകളുടെ വേഗത്തെക്കാൾ അധികം വേഗത്തിൽ ഫിലിപ്പൊസ് ഓടിയിരിക്കണം. ഓടിക്കൊണ്ടു തന്നെ ആ രഥത്തിന്റെ ഇരച്ചിലിൻ നടുവിൽ ആ **മന്ത്രി വായിക്കുന്നതു എന്താണെന്നു ഫിലിപ്പൊസിനു മനസ്സിലാക്കാൻ സാധിച്ചു. ഈ രണ്ടു പ്രവൃത്തികളും** അസാധാരണ പ്രവൃത്തികൾ ആകുന്നു. ഇവകൾ **ഫിലിപ്പൊസ് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാത്രമേ** ചെയ്തിരിക്കയുള്ളൂ. പരിശുദ്ധാത്മാവാണു **താഴ്മയെ** പഠിപ്പിച്ചു ഓടിക്കൊണ്ടു തന്നെ സുവിശേഷം അറിയിക്കുന്നതിനെ പിറുപിറുപ്പു ഇല്ലാതെ നിറവേറ്റാൻ പഠിപ്പിച്ചിരിക്കും. ഇതു ശ്രദ്ധിച്ച ആ മന്ത്രി **ഫിലിപ്പൊസിനെ ഒരു വിശേഷപ്പെട്ട മനുഷ്യൻ** എന്നു ഉണർന്നു അവനെ **തന്റെ രഥത്തിൽ തന്നെ കയറ്റി** തന്നോടൊപ്പം ഇരിക്കുന്നതിനു അപേക്ഷിച്ചു (അ:പ്ര:8:31).

അന്നു ഫിലിപ്പൊസ് ആ മന്ത്രിയോടു **സുവിശേഷം** പങ്കുവച്ചതു മുഖാന്തിരം അതിന്റെ അനന്തരഫലമായി **ഐത്യോപിയായിലെ** തന്നെ അധിക ഉന്നതപദവിയിലായിരുന്ന മന്ത്രി പദവി വഹിച്ചിരുന്ന ഒരു വ്യക്തി **രക്ഷിക്കപ്പെട്ടു ജ്ഞാനസ്നാനവും പ്രാപിച്ചു.** ഈ സന്ദർഭം പ്രയോജനപ്പെടുത്തിക്കൊണ്ടു **"എന്നെ ഐത്യോപ്പിയയിലേക്കു ക്ഷണിക്കണം, ഞാൻ വന്നു നിങ്ങളുടെ കൺവെൻഷനിൽ പ്രസംഗിക്കും, സുവിശേഷം അറിയിക്കും** എന്നു പറഞ്ഞില്ല. ആ **ഐത്യോപ്യമന്ത്രി** മൂലം ആ രാജ്യത്തിൽ സുവിശേഷം അറിയിക്കപ്പെടുന്നതാണു ദൈവത്തിന്റെ ഹിതമായിരുന്നതു. **ഫിലിപ്പൊസാണെങ്കിൽ** തനി വ്യക്തിക്കു സുവിശേഷം അറിയിച്ച ഉടൻ **ദൈവാത്മാവിന്റെ** വഴിനടത്തലിനു **നിയന്ത്രിക്കപ്പെട്ടവനായി** ആ സ്ഥലത്തിൽ നിന്നു **അസ്തോദിൽ** കാണാനിടയായി. അതിനുശേഷം ആ സ്ഥലത്തിൽ നിന്നു യാത്ര ചെയ്തു കൈസര്യയിൽ എത്തുന്നതുവരെ വഴിയിലെങ്ങും സകലപട്ടണങ്ങളിലും സുവിശേഷം പ്രസംഗിച്ചുകൊണ്ടു വന്നു (അ:പ്ര:8:40) എന്നു പറഞ്ഞിരിക്കുന്നു. ഇതിനു ശേഷം മറ്റെങ്ങും പോകാതെ ഫിലിപ്പൊസ് കൈസര്യയിൽ തന്നെ താമസിച്ചു തന്റെ ദൈവവേല തുടർന്നിരിക്കണം. കാരണം പൌലൊസും അവനോടൊപ്പമുള്ളവരും ഈ പട്ടണത്തിൽ ഫിലിപ്പൊസിന്റെ വീട്ടിൽ താമസിച്ചു എന്നു അ:പ്ര: 21:8 വചനത്തിൽ നാം വായിക്കുന്നു.

ഇപ്രകാരം തന്റെ ആത്മീയമായ നല്ല യോഗ്യതകളാൽ അപ്പൊസ്തലന്മാരാൽ തെരഞ്ഞെടുക്കപ്പെട്ടും ഒരു **ചെറിയ ഉത്തരവാദിത്വം** മനസ്സോടെ സ്വീകരിച്ചുകൊണ്ടു ആ ചെറിയ ദൈവവേലയിൽ ഫിലിപ്പൊസ് നല്ല രീതിയിൽ പ്രവർത്തിച്ചതു മാത്രമല്ല, തുടർന്ന് പരിശുദ്ധാത്മാവിന്റെ വഴി നടത്തലിന് പൂർണ്ണമായും നിയന്ത്രണം, തന്റെ ആഗ്രഹം, വെറുപ്പു ഇവ എല്ലാം ഉപേക്ഷിച്ചു വാസ്തവമായി ദൈവവേല ചെയ്ത ഫിലിപ്പൊസിനെ മാത്രമാണു **സുവിശേഷകൻ** (Evangelist) എന്നു വിളിക്കുന്നുള്ളൂ.

ഇപ്രകാരം പ്രശംസാർഹമായ ദൈവവേല ചെയ്ത ഫിലിപ്പൊസിനു പ്രതിഫലമായി കർത്താവു നൽകിയ ആശീർവാദം എന്താണെന്നറിയാമോ? **പ്രവചനം** പറയുന്ന **നാലു പെൺമക്കളെ ഫിലിപ്പൊസിന്റെ കുടുംബത്തിൽ എഴുന്നേല്പിച്ചു അവരെയും ദൈവവേലയെയും ഉപയോഗിച്ചു** (അ:പ്ര:21:9). ദൈവത്തിനു ഉത്തമവും, വാസ്തവുമായി ദൈവവേല ചെയ്യുന്ന ദൈവവേലക്കാരുടെ **സന്തതിയെ**

**ദൈവമക്കൾ മുഖാന്തിരവും ആശീർവദിക്കുന്നു** എന്നതിനു ഫിലിപ്പൊസിന്റെ കുടുംബം ഒരു മാതൃകയായി തീർന്നിരിക്കുന്നു. **ആശീർവാദം** എന്നു പറയുമ്പോൾ അതു **ലോകപ്രകാരമുള്ള ആശീർവാദം മാത്രമല്ല** അതിനെക്കാൾ ഉന്നതമായ ആത്മീയ ആശീർവാദങ്ങൾ തന്റെ ദൈവവേലക്കാർക്കു ദൈവം നൽകുന്നു എന്നതു നാം ഇവിടെ കാണുന്നു.

**സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു** (എഫേ:1:3).

**ജാമക്കാരന്റെ കുറിപ്പു:** അമേരിക്കയിലെ പ്രസിദ്ധ ദൈവവേലക്കാരനായ **ഡോ:ബില്ലിഗ്രഹാം** അവർകൾ ഹോളന്റ് രാജ്യത്തിൽ ആംസ്റ്റർഡാം എന്ന സ്ഥലത്തിൽ നടത്തിയ അഖില ലോക ദൈവ വേലക്കാരുടെ മഹാസമ്മേളനത്തിൽ അവരുടെ ക്ഷണപ്രകാരം ഡോ:പുഷ്പരാജ് ആയ ഞാനും തിരുനെൽവേലി സി.എസ്.ഐ ഡയോസിസ് ബിഷപ്പ് **റൈറ്റ് റവ. ജേസൻ ധർമ്മരാജ്** അവർകളും സംബന്ധിച്ചു. ഞങ്ങൾ രണ്ടുപേരെയും ഒരു മുറിയിലാണു താമസിക്കുന്നതിനു ഏർപ്പാടു ചെയ്തിരുന്നതു. ഓരോ ദിവസവും വലിയ മണ്ഡപത്തിൽ രാവിലെ മുതൽ രാത്രി വരെ മൂന്നു കൂട്ടങ്ങൾ ഏർപ്പാടു ചെയ്തിരുന്നു. ഓരോ കൂട്ടവും തീർന്ന ഉടൻ ഭക്ഷണം കഴിക്കാനുള്ള മണ്ഡപത്തിലേക്കു ഞങ്ങൾ പോകും. അവിടെ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള ധാരാളം ദൈവവേലക്കാർ, **ചെറുതും വലുതുമായ** പ്രസംഗകർ പലരും വന്നിരുന്നു. പലരുടെയും കൈകളിൽ മുൻകൂട്ടി കരുതിക്കൊണ്ടു വന്നിരുന്ന കെട്ടുകെട്ടുകളായി തങ്ങളുടെ അഡ്രസ് അച്ചടിച്ചിട്ടുള്ള വിസിറ്റിംഗ് കാർഡുകൾ അവിടെ വന്നിരുന്ന ഓരോരോ രാജ്യത്തു നിന്നും വന്നിരുന്ന ദൈവവേല നേതാക്കളുടെ അടുത്തു ചെന്നു അവർക്കു തങ്ങളെ പരിചയപ്പെടുത്തി ഞാൻ നന്നായി പ്രസംഗിക്കും, എനിക്കു രോഗശാന്തി വരം കർത്താവു തന്നിരിക്കുന്നു, പ്രവചനവരവും എനിക്കുണ്ടു എന്നെല്ലാം തങ്ങളെക്കുറിച്ചു അവർ വിവരിച്ചു പറഞ്ഞു തയ്യാറാക്കിക്കൊണ്ടു വന്നിട്ടുള്ള തങ്ങളുടെ ദൈവവേലയിൽ എടുത്ത ഫോട്ടോ ആൽബം കാണിച്ചു തന്റെ പ്രസംഗത്തിൽ എത്രയോ പിശാചുകൾ ഓടി എന്നു പറഞ്ഞു അതിനു തെളിവായി താഴെ വീണു കിടക്കുന്ന സ്ത്രീകളുടെ ഫോട്ടോ കാണിച്ചു എന്നെ നിങ്ങളുടെ രാജ്യത്തിൽ ക്ഷണിച്ചാൽ നിങ്ങളുടെ രാജ്യത്തിൽ നിങ്ങളുടെ സഭയിൽ പല പിശാചുകളെ ഞാൻ ഓടിക്കും. നല്ല ദൈവ വേല ചെയ്യും എന്നെല്ലാം പറഞ്ഞുകൊണ്ടിരുന്നു. അതിൽ ഒരാൾ ഒരു ഫോട്ടോ ഒരു വെള്ളക്കാരന്റെ കയ്യിൽ കൊടുത്തു ഇതിൽ കാണുന്ന ഈ കുട്ടികളെല്ലാം ഞാൻ നടത്തുന്ന അനാഥാലയത്തിലെ കുട്ടികൾ ആകുന്നു. ഞങ്ങൾക്കു പണസഹായം വേണം, ഇവർക്കു ഒരു ആലയം പണിയണം എന്നു കെഞ്ചിപറയുന്നതു കേട്ടു ഞങ്ങൾ ചിരിച്ചു. അവരിൽ ഒരാൾ ഒരു ഓലക്കുടിൽ കാണിച്ചു ഇതാണു ഞങ്ങളുടെ വീടു, ഇതാണ് ഞങ്ങളുടെ ആലയം എന്തെങ്കിലും സഹായം ചെയ്താൽ അനാഥകുഞ്ഞുങ്ങൾ മഴയിൽ നനയാതെ ജീവിക്കാൻ നല്ല കെട്ടിടം പണിയും എന്നു ഓരോരുത്തരോടും അതേ ദാരിദ്ര്യപാട്ടുപാടിത്തീർത്തു. ആ വെള്ളക്കാരിൽ ഒരാളിനു ആ ദൈവവേലക്കാരൻ കൊടുത്ത ഫോട്ടോ ഞങ്ങൾ കാണാനിടയായി. അതിലെ ഒരു പ്രത്യേക ദൈവവേലക്കാരനെ എനിക്കു നന്നായറിയാം. അദ്ദേഹം കൊടുത്ത ഫോട്ടോയിൽ മറ്റൊരു ദൈവവേലക്കാരന്റെ അനാഥാലയത്തിന്റെ ബോർഡു ഇരിക്കുന്നതു കണ്ടു. ആ ബോർഡിന്റെ അടുത്തു ഇദ്ദേഹം നിന്നു ഫോട്ടോ എടുത്തു ഇതാണു എന്റെ ആനാഥാശ്രമം, ഇതാണ് എന്റെ ആലയം എന്നു പറഞ്ഞിരിക്കുന്നു. വിദേശ സ്ഥാപന പണസഹായത്തിനായി ഇങ്ങനെയുള്ള ദൈവവേലക്കാർ കള്ളം വാരി വിതറി വിദേശസ്ഥാപന അഡ്രസ് തേടി അലയുന്നതു എന്തുമാത്രം അപമാനം. **അഖില ലോക ദൈവവേലക്കാർ നമ്മുടെ ഇൻഡ്യക്കാ രായ ദൈവവേലക്കാരെപ്പറ്റി എന്തു ചിന്തിക്കും.** അങ്ങനെ ഒരു സഹായം ലഭിച്ചാലും ഇവർ സത്യസന്ധമായി ആ പണം ചെലവഴിക്കുമോ? അങ്ങനെയുള്ള ദൈവവേലയെ കർത്താവു ആശീർവദിക്കുമോ? വിദേശത്തു നിന്നു പണസഹായം നേടാൻ എത്രയോ ദൈവവേലക്കാർ വ്യാജഫോട്ടോകൾ എടുത്തുകാണിക്കുന്നു. ഇങ്ങനെയുള്ളവർക്കു **ഫിലിപ്പൊസിന്റെ മരുഭൂമിയിലെ ദൈവവേല പ്രസംഗം ഉണർവു ഉണ്ടാക്കട്ടെ.** ■

# ജയിച്ചതു ബി.ജെ.പി അല്ല

നടന്നുകഴിഞ്ഞ ഇൻഡ്യൻ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി പാർട്ടി അവിചാരിതമായി ഭൂരിപക്ഷത്തോടെ ജയിച്ചു. ഇൻഡ്യയുടെ ചരിത്രത്തിൽ 30 വർഷങ്ങൾക്കുശേഷം ഒരു തനി പാർട്ടി ഭൂരിപക്ഷത്തോടെ ഭരണത്തിലേറി. ബി.ജെ.പി ക്ക് ചില പാർട്ടികളോടുള്ള കൂട്ടുണ്ടായിരുന്നാലും തനി പാർട്ടിയായി ഭരിക്കത്തക്കവണ്ണം ഭൂരിപക്ഷത്തോടെ ബി.ജെ.പി ജയിച്ചു എന്നതു പ്രത്യേകം പറയേണ്ട ഒന്നാകുന്നു. ഇതു ചരിത്രത്തിൽ എടുത്തു പറയാവുന്ന സംഭവമാകുന്നു. ഈ വിജയം **ഹിന്ദുമതം അംഗീകരിക്കുന്ന ഹിന്ദുമതവൈരാഗ്യമുള്ള ഭാരതീയജനതാ പാർട്ടിയുടെ വിജയം അല്ല** എന്നു പറഞ്ഞാൽ അതു അധികമല്ല.

## ബി.ജെ.പി മാത്രം കാരണമല്ല

ബി.ജെ.പി പാർട്ടി അയോദ്ധ്യയിൽ ബാബർ മസൂദി ഇടിച്ചു തറമട്ടം ആക്കിയതുകൊണ്ടു ലോകം മുഴുവനും വ്യാപിച്ച ഇസ്ലാമ്യവെറുപ്പു വെറിയായി മാറി, അക്കാരണത്താൽ ഇൻഡ്യയിൽ മാത്രമല്ല അമേരിക്കയിലെ ഇരട്ടഗോപുരം തകർത്തതും മറ്റു പല രാജ്യങ്ങളിൽ ബോംബേറു സംഭവവും അക്കാരണത്താൽ നിരപരാധികളായ ധാരാളം ജനങ്ങൾക്കുണ്ടായ മരണം, മുറിവുകൾ, കുടുംബബാധിപ്പുകൾ ഇവയ്ക്കെല്ലാം കാരണം ബി.ജെ.പി, ആർ.എസ്.എസു എന്നീ തീവ്രവാദപ്രസ്ഥാനം എന്നു പ്രസിദ്ധമായി പറയപ്പെടുന്നു. എന്നാൽ ആ ഞെട്ടിക്കുന്ന സംഭവങ്ങൾക്കു അന്നത്തെ ഭരണകക്ഷിയായിരുന്ന **കോൺഗ്രസ്സും** അന്നു പ്രധാനമന്ത്രിയായിരുന്ന **ശ്രീ നരസിംഹറാവുവും** ആയിരുന്നു മുഖ്യ കാരണക്കാർ.

ബാബർ മസൂദി ഇടിക്കാതെയും യാതൊരു പ്രശ്നവും ഉണ്ടാകാതെയും ഉത്തർപ്രദേശത്തിന്റെ അതിരുകളിലെല്ലാം മറ്റുസംസ്ഥാനത്തിലെ ജനങ്ങൾ ഉള്ളിൽ പ്രവേശിക്കാതവണ്ണം പട്ടാളത്തെ അയച്ചു ഇപ്പോഴത്തെപോലെ **സീൽ** വച്ചതുപോലുള്ള ഏർപ്പാടുകൾ അന്നു ഇവർ ചെയ്തിരുന്നെങ്കിൽ **ഇൻഡ്യാ രാജ്യത്തിൽ** ഇത്ര വലിയ ബോംബു ആക്രമണങ്ങളും മരണങ്ങളും ഒഴിവാക്കാമായിരുന്നല്ലോ? ഇൻഡ്യയിലെ ഓരോ സംസ്ഥാനത്തിൽ നിന്നും കർസേവ എന്ന പേരിൽ ഇഷ്ടിക ചുമന്നുകൊണ്ടു വന്ന ജനങ്ങളെ പട്ടാളത്തെക്കൊണ്ടു അവിടവിടെ തടുത്തു നിറുത്താമായിരുന്നല്ലോ!

ഇൻഡ്യയിൽ രാഷ്ട്രീയനേതാക്കൾ നിരാഹാരസമരം നടത്താൻ പോകുന്നു എന്നു അറിഞ്ഞ ഉടൻ രാത്രി തന്നെ ആ രാഷ്ട്രീയ നേതാക്കളുടെ വീട്ടിൽ ചെന്നു അവരെ അറസ്റ്റുചെയ്തു അടുത്ത ദിവസം നാട്ടിൽ നടക്കാനിരുന്ന പല അനിഷ്ടസംഭവങ്ങളെ എത്രയോ തടുത്തിട്ടുണ്ട്. അങ്ങനെയിരിക്കെ എന്തുകൊണ്ടു കർസേവകരെ നരസിംഹറാവു തടുത്തില്ല? കാരണം, രാജ്യതന്ത്രം എന്ന പേരിൽ അന്നു നടന്നതു **രാഷ്ട്രീയകളി** ആയിരുന്നു. ബാബർ മസൂദിയെ തകർക്കുന്നതിനെ തടുക്കാത്ത അന്നത്തെ ഉത്തർപ്രദേശിലെ ബി.ജെ.പി ഗവൺമെന്റിന്മേൽ എല്ലാക്കുറ്റവും ചുമത്തി, ബി.ജെ.പി സർക്കാരിന്മേൽ വെറുപ്പുണ്ടാക്കാനും കേന്ദ്രകോൺഗ്രസ് പാർട്ടിഭരണം ജനങ്ങളെ തങ്ങളുടെ ഭാഗത്തേക്കു തിരിക്കാൻ ചിന്തിച്ച ചതി ആകുന്നു. മറ്റൊരു ഭാഗത്തു ഇൻഡ്യ മുഴുവനും ഉള്ള ബി.ജെ.പി പാർട്ടിയെ മുഹമ്മദിയർക്കെതിരായ പാർട്ടി എന്ന ചിന്ത ഉണ്ടാക്കി എടുക്കണം എന്നതാകുന്നു. ആ വെറുപ്പിനെ ന്യൂനപക്ഷവർഗ്ഗമായ മുസ്ലീംമതത്തിലുള്ള ഇൻഡ്യൻ ജനതയ്ക്കു കോൺഗ്രസാണു താങ്ങുന്ന പാർട്ടി എന്ന ചിന്ത ഇതിനാൽ ഉണ്ടാക്കാൻ അന്നത്തെ കോൺഗ്രസ് നേതൃത്വവും പ്രധാനമന്ത്രി നരസിംഹറാവു അവർകളും നടത്തിയ ചെറിയ നാടകം ആകുന്നു. മതേതരത്വപാർട്ടി എന്ന പേർ നിലനിറുത്താൻ കോൺഗ്രസ് നേതൃത്വത്തിന്റെ പ്രത്യേകിച്ചു മുൻപ്രധാനമന്ത്രിയുടെ **മൗനരാഷ്ട്രീയക്കളിയായിരുന്നു ബാബർ മസൂദി തകർത്തസംഭവം.** അതുമുഖാന്തിരം എല്ലാ ഇൻഡ്യാക്കാർക്കും ഉണ്ടായ

വേദന എന്തുമാത്രം? ഇതിന്റെ അനന്തരഫലം ലോകത്തിലെ എല്ലാ ഭാഗങ്ങളിലും വ്യാപിച്ചല്ലോ? എവിടെ നോക്കിയാലും സമാധാനകുലച്ചിൽ. ഇതുമുഖാന്തിരം ജനങ്ങൾ അനുഭവിച്ച വേദന അല്പ സ്വല്പമല്ല. ഇതുമുഖാന്തിരം ജനങ്ങൾ ബി.ജെ.പി പാർട്ടിയെ വെറുക്കും എന്നുള്ള ഇവരുടെ പദ്ധതിക്കു സമീപകാലത്തിൽ ഇൻഡ്യൻ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇൻഡ്യൻ ജനങ്ങൾ കോൺഗ്രസ് പാർട്ടിക്കു കൊടുത്ത അടിയാകുന്നു. ഈ തെരഞ്ഞെടുപ്പിൽ ബി.ജെ.പി ജയിക്കാൻ രാഷ്ട്രീയ കണക്കുകൂട്ടലുകാർ പറയുന്ന കാരണങ്ങളിൽ അതും ഒന്നായിതീർന്നു. ദിവസേന ഇൻഡ്യയിൽ ബോംബാക്രമണം നടക്കാത്ത ദിവസമേയില്ല എന്നു പറയത്തക്കവണ്ണം ഇസ്ലാമ്യരുടെ ഉള്ളത്തിൽ ഉണ്ടായ വെറുപ്പും, വെറിയും ഇന്നുവരെ മാറിയിട്ടില്ല. അതുകൊണ്ടു ബാബർ മസൂദി ഇടിച്ചതിനു ബി.ജെ.പി മാത്രമല്ല, അന്നു ഭരണത്തിൽ ഇരുന്ന കോൺഗ്രസ് പാർട്ടിയും കാരണക്കാരാകുന്നു.

## ഇപ്പോഴത്തെ തെരഞ്ഞെടുപ്പിൽ ജയിച്ചതു ബി.ജെ.പി അല്ല എന്നു ഞാൻ പറയുന്നു

കാരണം ബി.ജെ.പി, ആർ.എസ്.എസ്, ബജറംഗ് ദൾ എന്നിവർ എല്ലാം **ഹിന്ദുമതവെറി** ഉള്ളവരാകുന്നു. ഇവർ മുസ്ലീം മതത്തെ വെറുക്കുന്നവരാകുന്നു. ഇവർ ഭരണത്തിൽ വന്നാൽ ഇൻഡ്യാരാജ്യത്തിലെ ഭൂരിപക്ഷജനങ്ങളായി മാറിക്കൊണ്ടിരിക്കുന്ന **ഇസ്ലാമ്യർക്കും ഹിന്ദുമതത്തിൽ ഉള്ളവർക്കും** തമ്മിൽ തീർച്ചയായും മതലഹള ഉണ്ടാകും എന്ന ഭയം ഇൻഡ്യ മുഴുവനിലും ഉള്ള എല്ലാവരുടെ മനസ്സിലും മാത്രമല്ല ബി.ജെ.പി യിൽ ഉള്ള പലരുടെ മനസ്സിലും കൂടെ ഉണ്ടായിരുന്നു. പിന്നെ എങ്ങനെയാണു ബി.ജെ.പി ജയിച്ചതു?

നേരത്തേ ഞാൻ സൂചിപ്പിച്ചതുപോലെ ഇൻഡ്യയിൽ ഭരണം നടത്താൻ കോൺഗ്രസിനുപകരം മറ്റു യാതൊരു പാർട്ടിയും ഇല്ലാത്ത കാരണത്താൽ ജനങ്ങളുടെ മനസ്സിൽ ബി.ജെ.പിയിന്മേൽ ഭയം ഉണ്ടായിരുന്നാലും ശ്രീ മോദി എന്ന തനി വ്യക്തിയിന്മേൽ വച്ച വിശ്വാസമാണു വിജയത്തിനുകാരണമായിരുന്നതു.

ശ്രീ മോദി ആർ.എസ്.എസ് എന്ന ഹിന്ദുമത തീവ്രവാദപ്രസ്ഥാനത്തിൽ തന്റെ 8-ാമത്തെ വയസിൽ ചേർന്നു. അങ്ങനെ ആ ആർ.എസ്.എസ് പ്രസ്ഥാനനയത്തെയും തന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ പുതച്ചുവച്ചു. ഗുജറാത്തിലെ തന്റെ നല്ല പ്രവർത്തനം മൂലം പല നല്ല പ്രവൃത്തികൾ നടത്തി തന്റെ മനസ്സിൽ ഉള്ള ആർ.എസ്.എസ് സ്നേഹത്തെ താല്ക്കാലികമായി മറച്ചുവച്ചു. എന്നാൽ മനസ്സിന്റെ അടിത്തട്ടിൽ അടങ്ങിയിരുന്ന ആർ.എസ്.എസ് മതതീവ്രവാദത്തെ കെട്ടഴിച്ചുവിട്ടതിനാൽ അവിടെ **മൂന്നു ദിവസങ്ങൾ** ഗുജറാത്തിൽ ഉള്ള ഇസ്ലാമ്യരെ ജീവനോടെ വെട്ടി കുന്നാക്കിയതും അവരിൽ 5000 ൽ അധികം ഇസ്ലാമ്യർ വീടു നഷ്ടപ്പെട്ടും, കുടുംബം നഷ്ടപ്പെട്ടും **അഭയാർത്ഥി** ക്യാമ്പുകളിൽ അടിസ്ഥാനസൗകര്യം പോലും ഇല്ലാതെ ഇപ്പോഴും ജീവിച്ചുകൊണ്ടിരിക്കുന്നതിനെ പുറംലോകം അറിയുന്നില്ല. ശ്രീ മോദിയുടെ മനസ്സിന്റെ അടിയിൽ പുതച്ചിരുന്ന ആർ.എസ്.എസ് നയം ആ മൂന്നുദിവസങ്ങളിൽ വെളിപ്പെട്ടല്ലോ! ഈ സംഭവം കാരണമായ ഭയം ഇൻഡ്യൻ ജനതയുടെ ഉള്ളിലും മാറാതെ പാഞ്ഞു കൊണ്ടുതന്നെ വേറെ വഴിയാതൊന്നും ഇല്ലാതെ ശ്രീ മോദി അവർകളെ ജയിപ്പിച്ചതു.

## പുതിയ പ്രധാനമന്ത്രി ശ്രീ മോദി അവർകൾ ഇൻഡ്യയിലെ എല്ലാ മതക്കാർക്കും ഇപ്പോൾ പൊതുനേതാവായി

ഇൻഡ്യ പല മതങ്ങളും വിവിധ സംസ്ക്കാരങ്ങളും ഉൾക്കൊള്ളുന്ന രാജ്യം ആകുന്നു. ആയിരക്കണക്കായ **ഭാഷകൾ,** ആയിരക്കണക്കായ **മതങ്ങളും** നിറഞ്ഞ ജനങ്ങളും അടങ്ങിയതാണു ഇൻഡ്യാരാജ്യം. ഈ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം വോട്ടുകൾ ബി.ജെ.പിക്കു നൽകിയ ഇൻഡ്യൻ ജനത മുകളിൽ സൂചിപ്പിച്ചതുപോലെ ഒരു വിധത്തിലുള്ള ഭയത്തോടെയാണു ശ്രീ മോദി അവർകളെ പ്രധാനമന്ത്രിയായി തെരഞ്ഞെടുത്തതു.

ശ്രീ മോദി അവർകൾ പ്രധാനമന്ത്രിയായി ഉത്തരവാദിത്വം ഏറ്റ ഉടൻ ഇൻഡ്യൻ ജനത യുടെ ഉള്ളിലെ ഭയം നീക്കത്തക്കവണ്ണം പ്രവർത്തിക്കണം എന്നതു ഞങ്ങളുടെ വിനീതമായി അപേക്ഷ ആകുന്നു.

ജനങ്ങളുടെ ഭയത്തിനുകാരണം ആർ.എസ്.എസ്, ബജ്റംഗ്ദൾ എന്നീ രണ്ടു മതതീവ്രവാദപ്ര സ്ഥാനങ്ങൾ ശ്രീ മോദി അവർകളുടെ നിഴൽ പ്രസ്ഥാനങ്ങളായി മോദിയുടെ പിന്നിൽ നിന്നുകൊണ്ടു തങ്ങളുടെ നയം അനുസരിച്ചുതന്നെ ഇൻഡ്യാരാജ്യത്തെ പ്രധാനമന്ത്രി നടത്തണം എന്നു ശ്രീ മോദി അവർകളെ നിർബന്ധിക്കും. ഇപ്പോൾ തന്നെ ആർ.എസ്.എസ്. പ്രസ്ഥാനതലവൻ ശ്രീ നടരാജൻ അവർകൾ തങ്ങളുടെ നെറ്റിൽ Hindunatarajan@hotmail.com ൽ പ്രധാനമന്ത്രി മോദി അവർകൾ തന്റെ മന്ത്രിസഭയിൽ ചേർക്കേണ്ട മന്ത്രിമാരെ **ആർ.എസ്.എസ് സൂചിപ്പിക്കുന്ന വ്യക്തികളെ തന്നെ** മന്ത്രി മാരായി നിയമിക്കണം എന്നു ആർ.എസ്.എസ് കാരായ ഞങ്ങൾ മോദിയെ നിർബന്ധിക്കുന്നതിൽ യാതൊരു തെറ്റും ഇല്ല എന്നു പറയുന്നു. പ്രധാനമന്ത്രി മോദിയുടെ ഭരണത്തിന് ആർ.എസ്.എസ് പ്രസ്ഥാനം ഒരു രാജഗുരുവായിരിക്കുന്നതിലും തെറ്റില്ല. പ്രധാനമന്ത്രി ശ്രീ മോദി അവർകൾക്കു (കൊളീജിയം) (ആർ.എസ്.എസ്) **ആലോചന നൽകൽ ആവശ്യം** എന്നു അവർ പരസ്യമായി തന്നെ എഴുതി പരസ്യപ്പെടുത്തിയിരിക്കുന്നു. ഇതു തീർച്ചയായും പ്രധാനമന്ത്രി മോദി അവർകളെ വലിയ കുഴപ്പത്തിൽ ആഴ്ത്തിയിറക്കും.

■ ആർ.എസ്.എസ് നേതാവു പറഞ്ഞതു വാസ്തവമാക്കുന്ന വിധത്തിൽ ബി.ജെ.പി യുടെ തെരഞ്ഞെടുപ്പു വാഗ്ദാനങ്ങളിൽ ശ്രീ മോദി അവർകൾ പ്രശ്നമുള്ള മൂന്നു തെരഞ്ഞെടുപ്പു പ്രസ്താ വനകൾ പ്രസിദ്ധീകരിച്ചു അതു സ്റ്റേജിൽ പരസ്യപ്പെടുത്തി. ഈ മൂന്നു പ്രസ്താവനകളും രാജ്യത്തിന്റെ സമാധാനം നഷ്ടപ്പെടുത്തും. അതിനെക്കുറിച്ചു മോദി അവർകൾ തെരഞ്ഞെടുപ്പു കൂട്ടങ്ങളിൽ പറ ഞ്ഞപ്പോൾ ഞങ്ങൾ ഭരണത്തിൽ വന്നാൽ ഒന്നാമതായി ആ മൂന്നു ചട്ടങ്ങൾ നിറവേറ്റും എന്നു പറ ഞ്ഞു. അവകൾ:

1. ബാബർ മസൂദി ഇടിക്കപ്പെട്ട അതേ അയോദ്ധ്യയിൽ **രാമക്ഷേത്രം** പണിയും
2. പശു **സംരക്ഷണനിയമം** കൊണ്ടുവരും.
3. **പൊതു സിവിൽ നിയമം** കൊണ്ടുവരും.

മുകളിൽ സൂചിപ്പിച്ച മൂന്നു തെരഞ്ഞെടുപ്പു വാഗ്ദാനങ്ങളും ശ്രീ മോദി അവർകൾ നിറവേറ്റാൻ പരിശ്രമിച്ചാൽ ഇൻഡ്യയിൽ തീർച്ചയായും **മതലഹളയും ആഭ്യന്തരകലാപവും** ഉണ്ടായി ഇൻഡ്യ മുഴുവനും രക്തനദി ഒഴുകും എന്നതിൽ സംശയം ഇല്ല എന്നു രാഷ്ട്രീയ ഗണിതാക്കൾ പറയുന്ന തായി വാർത്തകൾ വന്നിരിക്കുന്നു.

മുകളിൽ പറഞ്ഞ മൂന്നു തെരഞ്ഞെടുപ്പു പ്രസ്താവനകളും **മതന്യൂനപക്ഷം** എന്നു വിളിക്ക പ്പെടുന്ന ഇസ്ലാമ്യർ, ക്രൈസ്തവർ പോലുള്ള മതക്കാരെ മനസ്സിൽ കരുതി അറിയിച്ച അറിയിപ്പായി രിക്കും എന്നു പറയപ്പെടുന്നു. അതുമാത്രവുമല്ല ഈ അറിയിപ്പുകൾ ആ ന്യൂനപക്ഷത്തിന്റെ **വെറുപ്പും** പകയും വർദ്ധിപ്പിക്കും. അതു നമ്മുടെ ഇൻഡ്യാരാജ്യത്തിന്റെ **സമാധാനം** നശിപ്പിച്ചു രാജ്യം മുഴു വനും മതലഹള ഉണ്ടാക്കി ഇൻഡ്യയുടെ **സാമ്പത്തികനിലയെത്തന്നെ** നശിപ്പിക്കും.

■ ഒരു **ബാബർ മസൂദി** ഇടിച്ചതുതന്നെ ഇസ്ലാമ്യർ ഇതുവരെയായി മറന്നിട്ടില്ല. അതു മറ ക്കാൻ സാധിക്കാത്തതു ഇസ്ലാമ്യരുടെ **ഒരു വലിയകൂട്ടം** ലോകമെങ്ങും പ്രതികാരം ചെയ്യാൻ തുടിച്ചു കൊണ്ടിരിക്കുന്നു. പുതിയഭരണം ആരംഭിച്ച ഉടൻ ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുന്ന ഈ തെര ഞ്ഞെടുപ്പു പ്രസ്താവന നിറവേറ്റപ്പെട്ടാൽ തുടർന്നു ഇവർക്കു എങ്ങനെ സമാധാനമായി ഭരണം നട ത്താൻ സാധിക്കും? ജനങ്ങൾ എങ്ങനെ സമാധാനമായി ജീവിക്കും? പിന്നീടു **പ്രസിഡന്റുഭരണം** അല്ലെ ങ്കിൽ **വീണ്ടും തെരഞ്ഞെടുപ്പു** എന്നു ഇൻഡ്യൻ രാഷ്ട്രീയത്തിൽ പാർട്ടികൾ മാറും.

➢ **പശുസംരക്ഷണനിയമം:**

പശു, കാള മാടുകളെ വെട്ടാൻ പാടില്ല എന്നു പറഞ്ഞാൽ കാള ഇറച്ചി പതിവായി തിന്നുന്ന **ഇസ്ലാമ്യരെയും കേരളസംസ്ഥാനത്തിൽ** ഉള്ളവരെയും ഇതു വളരെയധികം ബാധിക്കും. തെരഞ്ഞെടുപ്പു പ്രസ്താവന പ്രസിദ്ധീകരിച്ച ആ പ്രത്യേക മാസങ്ങളിൽ തന്നെ കാളകളെ ഇറച്ചിയ്ക്കായി മറ്റു സംസ്ഥാനങ്ങളിലേക്കു കൊണ്ടുപോയ വാഹനങ്ങൾ ആർ.എസ്.എസ് പ്രസ്ഥാനക്കാർ തടഞ്ഞിരിക്കുന്നു. വടക്കെ ഇന്ത്യയിൽ ഇറച്ചി കശാപ്പുകടയ്ക്ക് കൊണ്ടുപോയ ദളിതരായ ചിലർ കൊലചെയ്യപ്പെട്ടു എന്നുള്ള വാർത്ത ഇൻഡ്യൻ ജനതയ്ക്കു ആപത്തായ മുന്നറിയിപ്പായി.

കാള, പശു ഇവകളെ കൊല്ലരുത് എന്ന് പറയുന്ന ഇങ്ങനെയുള്ളവർ ഇവ നാട്ടിൽ ക്രമാധീതമായി വർദ്ധിച്ചാൽ ഇതിനെ പോറ്റിപ്പുലർത്താൻ അതിന്റെ ഉടമസ്ഥർക്ക് സാധിക്കാതെ വരും. അങ്ങനെവന്നാൽ ഇവയെ ആരു പോറ്റിപുലർത്തും. ഇവയെ സർക്കാർ ഏറ്റെടുത്ത് പരിപാലിക്കുമോ?

➢ **പൊതു സിവിൽ നിയമം:**

വിവാഹം മുതൽ മത ആരാധന, ശവഅടക്കം, മത ആഘോഷങ്ങളുടെ ചടങ്ങുകൾ, മതസംസ്ക്കാര രീതി എന്നിങ്ങനെയുള്ള വിഷയങ്ങളിൽ **ഇസ്ലാമ്യരെ** മാത്രം അല്ല ഹിന്ദുമതത്തിൽ തന്നെ പല വിഭാഗങ്ങളിലുള്ള പല ജാതിഹിന്ദുമത ജനങ്ങളെ ഈ ചട്ടം തീർച്ചയായും ബാധിപ്പു ഉണ്ടാക്കും.

“ഹിന്ദുമതത്തിൽ തന്നെ പല ജാതികൾ ഉണ്ടു”. അവരവർക്കായി ജാതിസംസ്ക്കാരം നിയന്ത്രണം വ്യത്യാസമായ പൂജാ രീതികൾ ഉണ്ടു. അതിനെ യാതൊരു **ഹിന്ദുമതക്കാരും** വിട്ടുകൊടുക്കയില്ല. ഇൻഡ്യയിലെ **എല്ലാമതക്കാർക്കും** പൊതുവായ ചട്ടം എന്നു ഇവർ കൊണ്ടുവന്നാൽ ആർ.എസ്.എസിൽ ഉള്ള **ഹിന്ദുമതക്കാർ** തന്നെ അതിനെ എതിർക്കും എന്നതു നിശ്ചയമായ കാര്യമാകുന്നു. ഇൻഡ്യാരാജ്യത്തിൽ വോട്ടുകൊടുത്തു ശ്രീ മോദി അവർകളെ ജയിപ്പിച്ചവർ എല്ലാവരും ഇവരെക്കുറിച്ചാണു പ്രധാനവിഷയമായി ഭയന്നുകൊണ്ടിരിക്കുന്നു.

➢ **സംസ്ഥാനബന്ധങ്ങൾ ബാധിക്കുന്ന നിയമം:**

ഇൻഡ്യയിലെ വടക്കുഭാഗ അതിർത്തി സംസ്ഥാനമായ കശ്മീരിനും എതിരായ ഒരു ചട്ടം ബി.ജെ.പി ഭരണത്തിൽ വന്നാൽ നടപ്പിൽ വരുത്താൻ പോകുന്നുവത്രെ!

➢ **നമ്മുടെ ഇൻഡ്യൻ രാഷ്ട്രീയ ശരത്തു 370-ാം വകുപ്പു:**

ഇൻഡ്യാരാജ്യത്തിലെ അതിർത്തി സംസ്ഥാനമായ കശ്മീർ സംസ്ഥാനത്തിൽ മാത്രമാണു ഈ സൗജന്യനിയമം നടപ്പിൽ ഉള്ളതു. ഇൻഡ്യയിൽ ഉള്ള ഏതൊരു സംസ്ഥാനത്തിൽ ഉള്ളവരായാലും കശ്മീർ സംസ്ഥാനത്തിൽ ഒരു **ചതുരശ്രഅടി** സ്ഥലംപോലും **സ്വന്തമായി വാങ്ങി** വീടുപണിയാൽ സാധിക്കയില്ല. പൊതുവിൽ അവിടുള്ളവർക്കു തങ്ങളുടെ വസ്തു മറ്റു സംസ്ഥാനത്തിൽ ഉള്ളവർക്കു വിൽക്കാനും പാടില്ല.

370-ാം നിയമഭാഗം കശ്മീരിനുമാത്രം നൽകുന്ന പ്രധാനസൗജന്യം എന്നു വിളിക്കുന്നു. ഇതു കശ്മീർ സംസ്ഥാനത്തിനുമാത്രം അനുവദിച്ച പ്രത്യേകമായ സൗജന്യമാകുന്നു. ഇതു ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ച കാലത്തിനു മുമ്പുമുതൽ തന്നെ നൽകി വരുന്ന സൗജന്യമാകുന്നു. ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചശേഷവും ഇവ തുടർന്നുവരുന്നു.

ഇനിയും ഈ 370-ാം വകുപ്പുതുടരണമോ? വേണ്ടയോ. ഞങ്ങൾ ഭരണത്തിൽ വന്നാൽ കശ്മീരിനുമാത്രം നൽകപ്പെട്ട ഈ 370-ാം വിഭാഗത്തെ നീക്കുമെന്ന് ബി.ജെ.പി പറഞ്ഞിരുന്നു. ഇതു ഒരു വിധത്തിൽ ന്യായീകരിച്ചാലും ഉടനെ നീക്കിയാൽ അടുത്ത രാജ്യ മായ **പാകിസ്ഥാൻ രാജ്യത്തുള്ള** മുസ്ലീം ജനങ്ങളോടു കശ്മീരിലെ മുസ്ലീം ജനങ്ങൾ യോജിക്കുന്ന ഒരു അപായം ഇതിൽ ഉണ്ടു. കശ്മീരിനെ പ്രത്യേകരാജ്യമാക്കണം എന്നും അവർ ആവശ്യപ്പെട്ടേക്കാം. ഇതിനു സഹായിക്കാൻ ചൈന തയ്യാറായിരിക്കുന്നു.

## പുതിയ പ്രധാനമന്ത്രി ശ്രീ മോദി നല്ല ഭരണാധികാരി

ശ്രീ മോദി അവർകൾ ഗുജറാത്തിൽ മുഖ്യമന്ത്രിയായി മൂന്നുതവണ വിജയകരമായി ഭരണം നടത്തിയതിനു മുഖ്യകാരണം ഗുജറാത്തിലെ തന്റെ ഭരണത്തിൽ ആർ.എസ്.എസ്, ബജ്റംഗ്ദൾ, ബി. ജെ.പി എന്നിങ്ങനെയുള്ള പ്രസ്ഥാനങ്ങളിൽ ഉള്ള രാഷ്ട്രീയക്കാരുടെ യാതൊരു ആലോചനയ്ക്കും ചെവികൊടുക്കാതെ ഭരണകാര്യത്തിൽ തന്റെ വളരെ അടുത്ത സ്നേഹിതരായ രാഷ്ട്രീയക്കാരെ പോലും ഭരണകാര്യത്തിൽ തല ഇടാൻ അനുവദിക്കാതെ അവരെ ഒതുക്കി വച്ചിരുന്നു. നല്ല അനുഭവമുള്ള ഉന്ന തവിദ്യാഭ്യാസമുള്ള ഉന്നത അധികാരികളെ ആലോചനക്കാരായി തെരഞ്ഞെടുത്തു അവരുടെ ആലോ ചന അനുസരിച്ചു ഭരണം നിർവഹിച്ചതാണു ഗുജറാത്തിലെ ഭരണവിജയം.

ശ്രീ മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ സർവ്വശ്രീ ദിനേഷ് ബിസ്റ്റ്, ഒപ്പിരകാഷ്സിം ഗ്, താൻമേ ഉപാദ്ധ്യായ്, ജഗദീഷ് താക്കർ, സഞ്ചയ്പവ് സാർ, അംരുത്ത്ഭായ് പട്ടേൽ, ഭരത്ലാൽ, ജി. സി. മുർമു, കൈലാഷ്നാഥൻ, വിജയ്നെഹ്റ, ഷർമ, പ്രശാന്ത് കിഷോർ, ഹിരേൻജോഷി എന്നിവ രാണു ഗുജറാത്ത് ഭരണത്തിൽ പിന്നണിയിൽ നിന്നു ശ്രീ മോദിക്കു ആലോചന നൽകാൻ ഓരോ ഡിപ്പാർട്ടുമെന്റിനും നിയമിക്കപ്പെട്ട ഉന്നത വിദ്യാസമ്പന്നരായ അധികാരികൾ.

■ നേരത്തേ തമിഴ്നാടു മുഖ്യമന്ത്രിയായിരുന്ന എം.ജി.ആർ തമിഴ്നാട്ടിൽ **ശ്രീ അലക്സാണ്ടർ** അവർകളെ ചീഫ് സെക്രട്ടറിയായി നിയമിച്ചപ്പോൾ തമിഴ്നാടു മുഴുവനും ഉള്ള സർക്കാർ ഓഫീ സുകളിൽ ഫയലുകൾ യാതൊന്നും യാതൊരു അധികാരിയും ഏഴുദിവസങ്ങൾക്കു മുകളിൽ കൈവശം വയ്ക്കാതെ ഉടനുടൻ മറുപടി എഴുതി അയയ്ക്കാനുള്ള ഏർപ്പാടുകൾ ചെയ്തതിനാൽ ജനങ്ങൾ കൈക്കൂലി കൊടുത്തു ഫയലുകളിൽ അധികാരികളുടെ ഒപ്പു വാങ്ങാൻ ഇടവരാത്ത നില വരാത്തതി നാൽ അക്കാരണത്താൽ അന്നത്തെ തമിഴ്നാടു മുഖ്യമന്ത്രിക്കു നല്ല പേരു ലഭിച്ചു.

■ രാഷ്ട്രീയ കോമാളി എന്നു വർണ്ണിക്കപ്പെട്ടിരുന്ന മുൻ റയിൽവേ മന്ത്രി **ലാലുപ്രസാദ്** അവർകളുടെ കാലത്തിൽ നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയ കാലംമുതൽ നഷ്ടത്തിലായിരുന്ന റയിൽവേ പ്രവർത്തനത്തെ ലോകം തന്നെ ശ്രദ്ധിക്കത്തക്കവണ്ണം അധികലാഭത്തിൽ റയിൽവേയെ നടത്തിയതായിരുന്നു കാരണം. പ്രത്യേകമായ ഉന്നത അധികാരികളുടെ ആലോചനകളെ ലാലുപ്ര സാദ് അവർകൾ അതുപോലെ തന്നെ നടപ്പിൽ കൊണ്ടുവന്നു. റയിൽവേയും വലിയ ലാഭത്തിൽ പ്രവർത്തിച്ചു.

## പ്രധാനമന്ത്രി ശ്രീ മോദി അവർകൾക്കു നല്ല ആലോചന

ശ്രീ മോദി അവർകൾ ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ നടന്ന ക്രൂരമായ മതകൊലകൾ നടന്ന മൂന്നു ദിവസങ്ങൾ ഒഴിച്ചു അദ്ദേഹം മുഖ്യമന്ത്രി സ്ഥാനത്തു ആയിരുന്നപ്പോൾ ആർ.എസ്.എസ് ബജ്റംഗ്ദൾ തുടങ്ങിയ രാഷ്ട്രീയക്കാർ തന്റെ പ്രവർത്തനങ്ങളിൽ കുറുക്കിടാതെ ശ്രദ്ധിച്ചു നേരായ രീതിയിൽ ഭരണം നടത്തി അദ്ദേഹം ലോകപ്രസിദ്ധി നേടിയതുപോലെ തന്റെ ഭരണത്തിൽ ഇൻഡ്യ അഭിവൃദ്ധിപ്പെടണം എന്ന ഉദ്ദേശ്യത്തോടെയാണു ജനങ്ങൾ ശ്രീ മോദിയുടെ കൈകളിൽ ഭരണം ഏല്പിച്ചതു. താൻ ചായക്കടയിൽ നിന്നു ഉന്നതത്തിൽ വന്നതു അവർ ഓർത്തു ഭാരതരാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാത്ത ഗ്രാമജനങ്ങളെ പ്രത്യേകിച്ചു ദളിതർ, ആദിവാസികൾ, ഗ്രാമ ങ്ങളിൽ ജീവിക്കുന്ന ജനങ്ങളുടെ മുന്നേറ്റത്തിനു പഠിത്തം, വൈദ്യസഹായം എന്നിവ ലഭിക്കാൻ സഹായം ലഭിക്കണം. പട്ടണത്തിനു പുറത്തുള്ള ഇടത്തരം ജനങ്ങളുടെ ആവശ്യങ്ങളും ധാരാളം ഉണ്ട്. ആദിവാസികൾ വസിക്കുന്ന കാടുകളിൽ റോഡു സൗകര്യം ചെയ്തുകൊടുത്തു ബസ് സൗകര്യങ്ങളും ചെയ്തു വാഹനസൗകര്യം മെച്ചപ്പെടുത്തിയാൽ ആദിവാസികളുടെ മക്കൾ ഉന്നതവിദ്യാഭ്യാസം നേടാനും അങ്ങനെ ആദിവാസികളുടെ നില ഉയരാൻ സഹായകമാകുമല്ലോ. ഇപ്രകാരമുള്ള വാഹനയാത്രാസൗ കര്യങ്ങൾ കാട്ടിനുള്ളിൽ ഉള്ള ഗ്രാമജനങ്ങൾക്കു ലഭിച്ചാൽ നക്സലൈറ്റുകൾക്കു ജനങ്ങളുടെ അനു

കമ്പ ലഭിക്കയില്ല. സർക്കാർ ചെയ്യേണ്ട സഹായങ്ങൾ ഇപ്പോൾ നക്സലൈറ്റുകൾ ജനങ്ങൾക്കു ചെയ്തു സഹായിക്കുന്നതിനാൽ കാട്ടിൽ വസിക്കുന്നവർ നക്സലൈറ്റുകളെ കാണിച്ചു കൊടുക്കാൻ താല്പര്യപ്പെടുന്നില്ല. ഇതാണു ഇപ്പോഴത്തെ യാഥാർത്ഥ്യം. ഇവകളെല്ലാം നിറവേറ്റാൻ പ്രധാനമന്ത്രി ഏർപ്പാടുകൾ ചെയ്യണം.

മതവിഷയത്തിൽ പ്രധാനമന്ത്രി താൻ ആയിരിക്കുന്ന ഹിന്ദുപ്രസ്ഥാനങ്ങളോടു ആലോചിക്കാതെയും ഇൻഡ്യയിൽ മതസ്വാതന്ത്ര്യത്തിനു അതിരുവയ്ക്കാതെയും തടസ്സം ചെയ്യാതെയും ജനങ്ങൾ അവരവരുടെ ദൈവങ്ങളെ ആരാധിക്കാൻ ഭരണഘടന നൽകിയിട്ടുള്ള പൂർണ്ണസ്വാതന്ത്ര്യം നൽകണം. ഇസ്ലാമ്യർ മതമാറ്റം ചെയ്താൽ അതിനെ ആരു തടുത്താലും അവർ വളരെ ശക്തമായി എതിർക്കും. അതിന്റെ അനന്തരഫലങ്ങളും ഭയങ്കരമായിരിക്കും. എന്നാൽ **ക്രൈസ്തവരായ ഞങ്ങൾ ആരെയും മതം മാറ്റാറില്ല. ഞങ്ങൾ മതം പ്രചരിപ്പിക്കാറുമില്ല.** കാരണം **ക്രൈസ്തവം ഒരു മതം അല്ല.** അതു **മാർഗ്ഗം.** ഞങ്ങളുടെ വേദപുസ്തകം ക്രിസ്തുവിനെ മറ്റുള്ളവരോട് അറിയിക്കാൻ കല്പിച്ചിരിക്കുന്നു. ഞങ്ങൾ അതാണു ചെയ്യുന്നതു. അതു **ഞങ്ങളുടെ ദൈവത്തിന്റെ കല്പന ആകുന്നു.** ലോകത്തിലെ യാതൊരു രാജ്യത്തിലെ സർക്കാരും അതിനെ തടയാൻ സാധ്യമല്ല. ഇതു ഞങ്ങൾ അറിയിക്കുന്നതു **ഞങ്ങളുടെ കടമകളിൽ ഒന്നാകുന്നു.** ആരെയും ഞങ്ങൾ നിർബന്ധിക്കാറില്ല. അങ്ങനെ ഞങ്ങൾ യേശുവിനെ മറ്റുള്ളവരോടു അറിയിക്കുമ്പോൾ അതിനെ തടുത്താലോ, യേശുവിനെ അറിയിക്കുന്ന ഞങ്ങളെ **ഉപദ്രവിച്ചാലോ** അതിനുപകരമായി ഞങ്ങൾ ആരെയും ആക്രമിക്കയില്ല. പകരത്തിനുപകരം ആരെയും ആക്രമിക്കാൻ പാടില്ല എന്നാണു ഞങ്ങളുടെ വേദപുസ്തരം ഞങ്ങൾക്കു കല്പന തന്നിരിക്കുന്നതു. അതുകൊണ്ടു ഞങ്ങൾ **സ്നേഹം അറിയിക്കാൻ, സമാധാനം അറിയിക്കാൻ** ഇതിന്റെ മൂലകാരണ കർത്താവായ **യേശുവിന്റെ സുവിശേഷം** അറിയിക്കാൻ ശ്രീ മോദിയുടെ സർക്കാർ യാതൊരു തടസ്സവും ഉണ്ടാക്കാതിരിക്കാൻ ഇൻഡ്യൻ പ്രധാനമന്ത്രിയായ താങ്കൾ തന്നെ ഞങ്ങളെ സഹായിക്കണം. നേരത്തെ **ക്രൈസ്തവ ഡോക്ടർമാരെയും മിഷണിമാരെയും** ചെറിയ കുട്ടികളെയും ചേർത്തു കാറിൽ വച്ചു ജീവനോടെ തീവച്ചുകൊന്നതു താങ്കളെക്കൊണ്ടു മറക്കാൻ ഇടയില്ല. സേവനതൽപ്പരതയോടെ സ്വന്തരാജ്യം വിട്ടു, സ്വന്തജീവിതം മറന്നു നമ്മുടെ ഇന്ത്യയ്ക്കുവേണ്ടി സേവനം ചെയ്ത **കന്യാസ്ത്രീകളെ** മാനഭംഗപ്പെടുത്തി **കൊലചെയ്തതിനെക്കുറിച്ചു** ലോകം തന്നെ ഇൻഡ്യയോടു ചോദ്യം ചോദിച്ചല്ലോ. ഇങ്ങനെയുള്ള സംഭവങ്ങൾ താങ്കളുടെ ഭരണത്തിൽ നടക്കാതെ ശ്രദ്ധിക്കണേ! താങ്കളെയും താങ്കളുടെ പ്രവർത്തനത്തെ ഈ വിഷയത്തിൽ ഞങ്ങൾ വളരെ വിശ്വസിക്കുന്നു. താങ്കളോടൊപ്പം ഉള്ള പ്രസ്ഥാനങ്ങൾക്ക് ഈ വിഷയത്തിൽ താങ്കൾ തന്നെ ആലോചന നൽകണം എന്നു ഈ **ജാമക്കാരൻ** മാസിക വഴി എല്ലാ **വായനക്കാരുടെ പേരിലും** താങ്കളോടു അപേക്ഷിക്കുന്നു, ഞങ്ങൾ ആരാധിക്കുന്ന യേശു താങ്കളെയും സ്നേഹിക്കുന്നു, താങ്കളുടെ ഭരണത്തെയും ആശീർവദിക്കും.

## ക്രൈസ്തവരും ജാമക്കാരൻ വായനക്കാരും ഇനി ചെയ്യേണ്ടതു

ഇപ്പോൾ നാം എല്ലാവരും ഒരു പുതിയ ഭരണത്തിൻകീഴിൽ വന്നു കഴിഞ്ഞു. ക്രിസ്തീയ വേദപുസ്തകം പറയുന്നതു എന്താണെന്നുവച്ചാൽ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം **ഇൻഡ്യയെ ഭരിക്കുന്നവർക്കായി** അവരെ ആശീർവദിച്ചു പ്രാർത്ഥിക്കേണ്ടതു നമ്മുടെ കടമയാകുന്നു. 1 തിമൊ:2:1, 2 വചനങ്ങൾ അനുസരിച്ചു അങ്ങനെ എഴുതിയിരിക്കുന്നതു **രാജാക്കന്മാർക്കും, സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യണമെന്നാകുന്നു.** അങ്ങനെ ചെയ്താൽ മാത്രമേ നാമും നമ്മുടെ രാജ്യവും കലഹമില്ലാതെയും, സമാധാനത്തോടും ജീവിക്കാൻ സാധിക്കയുള്ളു എന്നു എഴുതിയിരിക്കുന്നു.

**വോട്ടു ചെയ്യുന്നതു** ഓരോ ഇൻഡ്യൻ ക്രൈസ്തവന്റെയും അവകാശമാകുന്നു. നാം ആർക്കു വോട്ടു ചെയ്യണം എന്നതും ഓരോ ക്രൈസ്തവ ഇൻഡ്യക്കാരന്റെയും സ്വന്തവും വ്യക്തിപരവുമായ അവകാശമാകുന്നു. തെരഞ്ഞെടുപ്പു കഴിഞ്ഞു ആരു ഭരണത്തിൽ വന്നാലും, ഒരു പക്ഷേ നിനക്കു ഇഷ്ടമില്ലാത്തവർ ഭരണത്തിൽ വന്നാലും **ഭരിക്കുന്നവർക്കു കീഴടങ്ങി ജീവിക്കണം** എന്നാണു നമ്മുടെ വേദപുസ്തകം നമ്മോടു കല്പിച്ചിരിക്കുന്നതു. അതേസമയം യേശുവിനെ മറ്റുള്ളവർക്ക് അറിയിക്കുക എന്ന ഏറ്റവും പ്രാധാന്യമേറിയ ദൈവകല്പന നാം നിറവേറ്റേണ്ടത് നമ്മുടെ കടമയും നിർബന്ധവും ആകുന്നു. കാരണം നമ്മുടെ ദൈവമായ യേശുക്രിസ്തു അറിയാതെ ആരും യാതൊരുപദവിയിലും വരാൻ സാധ്യമല്ല. അതു ഇൻഡ്യയുടെ നേതൃത്വമായാലും തിരുസഭയുടെ നേതൃത്വമായാലും (ബിഷപ്പ്, മോഡറേറ്റർ) കർത്താവറിയാതെ ആ പദവിയിൽ ആർക്കും വരാൻ സാധ്യമല്ല. ഒരു പക്ഷേ നേതൃത്വം മോശമായതായിരുന്നാലും നേതൃത്വത്തിൽ ഉള്ളവർ നമുക്കു അന്യായം ചെയ്യുന്നവരായാലും അങ്ങനെയുള്ളവരെയും നമ്മുടെ ദൈവമാണു അനുവദിച്ചിരിക്കുന്നതു എന്നാണു നമ്മുടെ വേദപുസ്തകം പറയുന്നതു. മോശമായ ഇൻഡ്യയിലെ നേതൃത്വമായാലും തിരുസഭയിലെ ബിഷപ്പ്, മോഡറേറ്റർ എന്നിവരായാലും ഇവരെ **ദൈവമല്ല തെരഞ്ഞെടുക്കുന്നതു.** എന്നാൽ ഇവർ ദൈവത്താൽ അനുവദിക്കപ്പെട്ടവരായിത്തീരുന്നു.

■ നമ്മെ ഭരിക്കാൻ മോശമായ നേതൃത്വത്തെ ദൈവം അനുവദിക്കുമോ? അതേ! ചില സമയം നമ്മെ തിരുത്താനും, നാം ദൈവത്തോടു അടുത്തു ചേരാനും മോശമായ നേതൃത്വത്തെ ദൈവം അനുവദിക്കുന്നു.

ദൈവം സ്നേഹിച്ച ജനങ്ങളായ **യിസ്രായേല്യർ** എപ്പോൾ ദൈവവാർത്തക്കു അനുസരണം കാണിക്കാതെ ദൈവത്തിന്റെ മനസ്സിനെ വേദനപ്പെടുത്തുന്നുവോ ഉടനേ കർത്താവു തന്റെ ജനങ്ങളെ ശത്രുവായ ഫെലിസ്ത്യരുടെ അല്ലെങ്കിൽ അമ്മോന്യരുടെ പുത്രർ അല്ലെങ്കിൽ ഫറവോൻ എന്നിവരുടെയടുക്കൽ അടിമകളായി ജീവിക്കാൻ കർത്താവു തന്നെ തന്റെ ജനങ്ങളെ ഏല്പിച്ചു കൊടുക്കുന്നു. വിശ്വാസവും, പ്രത്യാശയും ബലപ്പെടുത്താൻ ഭരിക്കുന്ന ഫറവോന്റെ ഹൃദയത്തെപ്പോലും കർത്താവു തന്നെ അധികം അധികമായി കഠിനപ്പെടുത്തി ജനങ്ങളെ പീഡിപ്പിക്കാൻ ഏർപ്പാടു ചെയ്യുന്നു എന്നു വേദപുസ്തകം പറയുന്നു.

ഇതു കർത്താവിന്റെ വ്യത്യാസമായ വഴിയാകുന്നു. നാം മാനസാന്തരപ്പെട്ടു കർത്താവിനു അനുസരണ കാണിക്കുന്നവരാകുമ്പോൾ കരുണയുള്ള കർത്താവു നമ്മെ മറ്റൊരു ഭരണത്തിൻ കീഴിൽ അല്ലെങ്കിൽ മറ്റൊരു നേതൃത്വത്തിൻ കീഴിൽ ജീവിക്കാൻ ഏർപ്പാടുചെയ്യുന്നു.

■ അതുകൊണ്ടാണു ഏതൊരു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. കാരണം ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ......അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. വാഴുന്നവർ സൽപ്രവൃത്തിക്കല്ല ദുഷ്പ്രവർത്തിക്കത്രേ ഭയങ്കരം.

മാത്രവുമല്ല നിന്റെ നന്മെയ്ക്കായിട്ടല്ലോ അവൻ ദൈവശുശ്രുഷക്കാരനായിരിക്കുന്നതു....വെറുതെ അല്ല അവൻ വാൾ വഹിക്കുന്നതു.............അവൻ ദൈവശുശ്രൂഷക്കാരൻ തന്നേ – റോമർ 13:1–14.

ഇപ്രകാരമുള്ള നേതൃത്വത്തിനു മനസാക്ഷിനിമിത്തം (അധികാരങ്ങൾക്കു) അനുസരണ കാണിക്കണം. ഇതിനുവേണ്ടിയാണു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവശുശ്രൂഷകന്മാരും ആ കാര്യം തന്നേ നോക്കുന്നവരുമാകുന്നു എന്നു വേദപുസ്തകം പറയുന്നു.

ഈ വചനത്തിൽ സർക്കാർ ഉത്തരവാദിത്വത്തിൽ ഉള്ളവർ നമ്മുടെ നികുതിപ്പണത്തിൽ നിന്നു ശമ്പളം വാങ്ങുന്നവരാകുന്നു. നിന്നെ മോശമായ രീതിയിൽ നടത്തിയാൽ വാടിപ്പോകരുത്. ഇവരെല്ലാം ദൈവത്തിന്റെ ശുശ്രൂഷക്കാർ എന്നു വേദപുസ്തകം അറിയിക്കുന്നു.

**സുവിശേഷം** അറിയിക്കുന്നവരാണു ദൈവശുശ്രൂഷക്കാർ എന്നാണു നാം കരുതുന്നതു. മോശമായ തലവന്മാർ, അധികാരികൾ എന്നിവർ പോലും **ദൈവത്താൽ അനുവദിക്കപ്പെട്ട ദൈവശുശ്രൂഷകന്മാരാകുന്നു.**

■ ക്രിസ്തീയ സഭയിൽ ഒരു അച്ചൻ (പാസ്റ്റർ) രക്ഷിക്കപ്പെട്ട അനുഭവം ഉള്ള വാസ്തവമായ ഒരു ദൈവവേലക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഭയിൽ ഉള്ള ഒരു ധനികനായ കുടുംബം അദ്ദേഹത്തിന്റെ വീട്ടിൽ ഉള്ള കുട്ടിക്കു ക്രമമല്ലാത്തതും തെറ്റായ ഒരു വിവാഹ ഏർപ്പാടിനു ആ അച്ചനെ നിർബന്ധിച്ചു. വേദവചനത്തിനും സർക്കാരിനും വിരോധമായതും തെറ്റായതുമായ ആ **കള്ളവിവാഹ ഏർപ്പാടിനെ** ഈ പ്രത്യേക അച്ചൻ ഒപ്പിട്ടു നടത്തിക്കൊടുക്കാൻ ആവശ്യപ്പെട്ടു. ഈ തെറ്റായ വിവാഹം താൻ നടത്തുകയില്ല എന്നു അദ്ദേഹം തീർത്തുപറഞ്ഞു.

**ഡയോസിസിലെ** കമ്മിറ്റിയുടെ നിർബന്ധമായ ശുപാർശയും ഇതിൽ ഉണ്ടായിരുന്നു. എന്നാൽ ദൈവത്തിനു ഭയന്ന ആ നല്ല അച്ചൻ അതിനോടു യോജിച്ചില്ല.

ബിഷപ്പു അവർകളും ഈ തെറ്റായ വിവാഹം നടത്താൻ ആ അച്ചനു കല്പന കൊടുത്തു. ബിഷപ്പു അവർകളുടെ കല്പനയെയും ആ അച്ചൻ നിരാകരിച്ചു.

ഇതേ കാരണത്താൽ അതേ മാസത്തിൽ തന്നെ **ആ അച്ചനു സ്ഥലമാറ്റം** നൽകി. അദ്ദേഹത്തിന്റെ ഭാര്യ അതേ സി.എസ്.ഐ ഡയോസിസിലെ സ്കൂളിലെ ഒരു അദ്ധ്യാപികയായിരുന്നു. അവരെയും ഉടൻ തന്നെ ദൂരെയുള്ള മറ്റൊരു സ്കൂളിലേക്കു മാറ്റി നിയമിച്ചു. ഈ മാറ്റങ്ങൾ സ്കൂൾ വർഷത്തിന്റെ ഇടയിൽ ആയതുകൊണ്ടു അവരുടെ മക്കളെ പുതിയ സ്കൂളിൽ ചേർക്കാനും സാധിക്കാതെ അച്ചൻ ഒരു സ്ഥലത്തു, അച്ചന്റെ ഭാര്യ ദൂരെയുള്ള സ്കൂളിലേക്കു മാറ്റം ഈ സാഹചര്യത്തിൽ മക്കളുടെ നില വളരെ പരിതാപം. അച്ചനും അദ്ദേഹത്തിന്റെ ഭാര്യയായ അദ്ധ്യാപികയും ഒരു മാസത്തെ ലീവെടുത്തു ദൈവമുമ്പാകെ ഉപവസിച്ചു പ്രാർത്ഥിച്ചു. ബിഷപ്പിനോടു കെഞ്ചിയിട്ടു പ്രയോജനമില്ല; ഡയോസിസിലെ ഭാരവാഹികളോടും ശുപാർശ ചെയ്യാൻ പോയില്ല. വലിയ ധനവാന്റെ വിരോധം സമ്പാദിക്കാൻ ബിഷപ്പു ഇഷ്ടപ്പെട്ടില്ല. വലിയ ഒരു തുക ബിഷപ്പിന്റെ കൈകളിൽ വിവാഹ കുടുംബക്കാർ നൽകി. അതുകൊണ്ടു അച്ചനെ മാറ്റാനുള്ള ഉത്തരവു ബിഷപ്പുതന്നെ നൽകി. എന്നാൽ അച്ചന്റെ കുടുംബം ദൈവത്തോടു മാത്രം നിലവിളിച്ചു. കർത്താവു എഴുന്നള്ളി. കർത്താവു കോപിച്ചു. ആദ്യം ദൈവകോപം **ബിഷപ്പിന്മേൽ വന്നു.** അതു മുഖാന്തിരം ബിഷപ്പിനു സ്ട്രോക്കു വന്നു അദ്ദേഹം കിടപ്പിലായി. ഇനി ഇദ്ദേഹത്തെക്കൊണ്ടു പ്രവർത്തിക്കാൻ സാധിക്കയില്ല എന്നു സിനാഡ് തീരുമാനമെടുത്തു. ആ ബിഷപ്പിനുപകരം ബിഷപ്പുകമ്മിസറിയെ താല്ക്കാലികമായി സിനാഡ് നിയമിച്ചു.

രണ്ടാമതു അച്ചന്റെ ഭാര്യയ്ക്കായി ദൈവം വിദ്യാഭ്യാസ അധികാരി മുഖാന്തിരം പ്രവർത്തിച്ചു. ആ അദ്ധ്യാപിക വിദ്യാഭ്യാസ അധികാരിയെ നേരിൽ കാണാതെ തന്നെ മറ്റു അധികാരികൾ ഇതിന്റെ വാസ്തവസ്ഥിതി അറിയാൻ ശ്രമിച്ചു. വിദ്യാഭ്യാസവർഷത്തിന്റെ മദ്ധ്യത്തിൽ നവംബർ മാസത്തിൽ എന്തുകൊണ്ടു ഈ പ്രത്യേക അദ്ധ്യാപികയ്ക്കു സ്ഥലം മാറ്റം നൽകി എന്നു ക്രൈസ്തവ സ്കൂൾ ഭാരവാഹികളോടു വിദ്യാഭ്യാസ അധികാരികൾ ചോദിച്ചു ഒരു ആഴ്ചയ്ക്കുള്ളിൽ മറുപടി തരാനും കൂടാതെ ഒരാഴ്ചയ്ക്കുള്ളിൽ ആ അദ്ധ്യാപികയെ പഴയസ്ഥലത്തിൽ തന്നെ മാറ്റി നിയമിച്ചു ആ വിവരം റിപ്പോർട്ടു ചെയ്യാൻ വിദ്യാഭ്യാസ ഓഫീസിൽ നിന്നു ഡയോസിസ് ഭാരവാഹികൾക്കു കല്പന നൽകി. ഈ പ്രശ്നം സർക്കാരിലെ ഉന്നത അധികാരികൾ വരെ എത്തി. ക്രൈസ്തവ സ്കൂളിന്റെ തലവനായ ബിഷപ്പിനു ഇക്കാരണത്താൽ സർക്കാർ ശിക്ഷ ലഭിക്കും എന്നതിനാൽ മറ്റൊരു വഴിയുമില്ലാതെ ഭാരവാഹികളും ബിഷപ്പു കമ്മിസറിയും തമ്മിൽ സംസാരിച്ചു ആ അച്ചനെയും അദ്ദേഹത്തിന്റെ ഭാര്യയായ അദ്ധ്യാപികയെയും പഴയസ്ഥലത്തിലേക്കു തന്നെ മാറ്റി നിയമിച്ചു. അതിനുശേഷം ആ അച്ചൻ അഞ്ചു വർഷം തന്റെ ഭാര്യയോടൊപ്പം അതേ സ്ഥലത്തിൽ പ്രവർത്തിച്ചു. എങ്ങനെയോ കള്ള കല്ല്യാണം മറ്റൊരു അച്ചൻ മുഖാന്തിരം ആ ധനാഢ്യ കുടുംബം നടത്തി.

ഇതിൽ ശ്രദ്ധിക്കേണ്ടതെന്താണെന്നുവച്ചാൽ, ഈ അദ്ധ്യാപികയോ അച്ചനോ അതിന്റെ ഭാരവാഹികൾക്കോ അല്ലെങ്കിൽ നേതാവായ ബിഷപ്പിനു എതിരായി പരാതി യാതൊന്നും കൊടുക്കാതെ തന്നെ ബാധിക്കപ്പെട്ടവർക്കു അനുകൂലമായി നിലകൾ മാറി വന്നു. ആദ്യം കർത്താവു ബിഷപ്പിനെ

അടിച്ചു ഒരുസ്ഥലത്തിൽ ഒതുക്കിയശേഷം സർക്കാർ അധികാരികളെ കൊണ്ട് ദൈവം തന്നെ പ്രവർത്തിപ്പിച്ചു ന്യായമല്ലാത്ത ഈ സ്ഥലം മാറ്റം ശരിയാക്കി. എന്തുമാത്രം വലിയ അത്ഭുതമാണിതു.

നമ്മുടെ ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവൻ. അവൻ സർവ്വാധികാരവും ഉള്ളവൻ. തന്റെ മക്കൾക്കും, മിഷണറിമാർക്കും ദൈവവേലക്കാർക്കും ആരെങ്കിലും ദോഷം ചെയ്യാൻ മുതിർന്നാലും അതു സർക്കാരായാലും, പ്രധാനമന്ത്രിയായാലും, ബിഷപ്പായാലും മുകളിൽ വായിച്ച ദൈവവേലക്കുടുംബക്കാർക്കു ചെയ്തതുപോലെ യാതൊരു ശബ്ദകോലാഹലവുമില്ലാതെ കർത്താവു ശിക്ഷ നിറവേറ്റി പ്രവർത്തിക്കും. **"നിന്നെ തൊടുന്നവൻ എന്റെ കൺമണിയെ തൊടുന്നു"** എന്നു കർത്താവു വാക്കു നൽകിയിരിക്കുന്നു.

അതുകൊണ്ടു ഭരണം മാറിയാലും, അധികാരം മാറിയാലും ലോകനിയമം നമ്മെ വേദനിപ്പിച്ചാലും ക്രൈസ്തവർ ഭയപ്പെടേണ്ട ആവശ്യമില്ല. "യുദ്ധം എന്റേതു. നിങ്ങൾ വെറുതെയിരിക്കും" എന്നു കർത്താവു പറയുന്നു. ഇസ്ലാമ്യർക്കു അനീതി കൊടുത്താൽ അവർ തന്നെ പോരാടും. അവരുടെ രീതി അനുസരിച്ചു അവർ തന്നെ പകരം വീട്ടും. എന്നാൽ ക്രൈസ്തവർക്കോ **"സേനകളുടെ അധിപതിയായ നമ്മുടെ ദൈവം"** ക്രൈസ്തവർക്കായി പോരാടും. ഭയപ്പെടേണ്ട. ഇൻഡ്യയിലെ പുതിയ ഭരണത്തെ ഓർത്തു ക്രൈസ്തവർക്കു ഭയക്കേണ്ട കാര്യമില്ല. **നമ്മുടെ ദൈവം ജീവനുള്ളവൻ;** സകലത്തെയും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു.


**ദൈവം ദേശത്തെ നശിപ്പിക്കാതവണ്ണം അതിനു മതിൽ കെട്ടി ദൈവമുമ്പാകെ ഇടിവിൽ നിൽക്കേണ്ടതിനു പ്രധാനമന്ത്രിക്കായി പ്രാർത്ഥിക്കാൻ സത്യക്രൈസ്തവരെ ദൈവം തേടിക്കൊണ്ടിരിക്കുന്നു** - യെഹെ:22:30. നാം ചെയ്യേണ്ടതു നമ്മുടെ പുതിയ പ്രധാനമന്ത്രി **ശ്രീ നരേന്ദ്രമോദി** അവർകൾക്കായി പ്രാർത്ഥിക്കാം. ആർ.എസ്.എസ്, ബജ്റംഗ്ദൾ എന്നിവയുടെ നേതാക്കൾക്കായി നമുക്കു പ്രാർത്ഥിക്കാം. യേശു അവർക്കു വേണ്ടിയും കൂടെയാണു രക്തം ചിന്തിയതു. അവരെയും യേശു സ്നേഹിക്കുന്നു. ഭാരതം യേശുവിനെ അറിയണം. നമ്മുടെ പ്രധാനമന്ത്രി യേശുവിനെ അറിയണം. പ്രാർത്ഥിക്കാം. ദൈവം നമ്മുടെ രാജ്യത്തെ ആശീർവദിക്കട്ടെ. **വാഴ്ക ഭാരതം.** ■

# വടക്കെ ഇൻഡ്യയിലെ ദൈവവേല

കഴിഞ്ഞ ചില മാസങ്ങളിൽ വടക്കുകിഴക്കൻ ഇൻഡ്യൻ ഭാഗത്തുള്ള സംസ്ഥാനങ്ങളിൽ വളരെയധികം ദൈവവേലകൾ ഏർപ്പാടു ചെയ്തു കഴിഞ്ഞു. ആ ഭാഗങ്ങളിൽ ജീവിക്കുന്ന **ജാമക്കാരൻ വായനക്കാരുടെ കുടുംബങ്ങളെ നേരിൽ** കാണാനും ആത്മീയവിഷയങ്ങളും ദൈവരഹസ്യങ്ങളും മനസ്സുതുറന്നു സംസാരിക്കാനും ഇതു നല്ല അവസരമായി കർത്താവു ഏർപ്പാടു ചെയ്തിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

വടക്കെ ഇൻഡ്യയിലെ ഗ്രാമസുവിശേഷവേലയും, **വടക്കെ ഇൻഡ്യയിൽ ഉള്ള മിഷണറികുടുംബങ്ങളെയും** നേരിൽ കണ്ടു സംസാരിക്കാൻ ഇതു നല്ല സന്ദർഭം ആയിരുന്നു. ഞാൻ അവിടെ പോയപ്പോൾ എന്നോടു അവർ ചോദിച്ച ചോദ്യങ്ങളും വേദപുസ്തകസംശയങ്ങളും കുടുംബപ്രശ്നങ്ങളെക്കുറിച്ചും എന്നോടു സംസാരിച്ചു സംശയം തീർത്തു. അത് അവരിൽ നിലനിൽക്കാൻ കർത്താവു കൃപ ചെയ്യട്ടെ. അതിനുമുമ്പു ഇൻഡ്യയിലെ പടിഞ്ഞാറുഭാഗത്തും, മുംബൈ, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് എന്നിങ്ങനെയുള്ള ഭാഗങ്ങളിൽ അധികദിവസങ്ങൾ സഭകൾക്കും പ്രാർത്ഥനാസംഘങ്ങൾക്കും മാറ്റിവച്ചിരുന്നു. അടുത്തു ഇത്തവണ ഏറെക്കുറെ 23 ആണ്ടുകൾക്കുശേഷം ഇൻഡ്യയിലെ വടക്കുകിഴക്കു **ഛത്തീസ്ഘട്, ആന്ധ്രയുടെ വടക്കുഭാഗം** എന്നീ സ്ഥലങ്ങളിൽ എന്റെ യാത്രാ ഏർപ്പാടുകൾ ഞാൻ ചെയ്തിരിക്കുന്നു.

## നന്ദി എന്റെ 50 വർഷ ദൈവവേല നന്ദി



1964

എന്റെ 50വർഷ ദൈവവേല പൂർത്തിയായതിന് നന്ദി അറിയിക്കാൻ ഞാൻ എഴുതുന്നു.

1964-ാം വർഷം മാനസാന്തരപ്പെട്ട് SIBS (ബംഗാരപെട്ട്) ബൈബിൾ കോളേജിൽ പഠിച്ച ഉടൻ തന്നെ സഭകളിൽ വേദപഠനം നടത്തുവാനും, കൺവെൻഷനുകളിൽ പ്രസംഗിക്കുവാനും, ആദിവാസികളുടെ ഇടയിൽ സുവിശേഷവേല ചെയ്യുവാനും ഓരോ മാസവും മുടങ്ങാതെ പോയിക്കൊണ്ടിരിക്കുന്നു, ഇപ്പോഴും പോയിക്കൊണ്ടിരിക്കുന്നു. 1976-ാം വർഷം എന്റെ ഡോക്ടർ ജോലിയെ രാജിവെച്ച് മുഴുവൻ നേരവും ദൈവവേലയിൽ ഇറങ്ങി. കേരളത്തിൽ മാർത്താമ്മോ, സി.എസ്.ഐ, ഇവാൻജലിക്കൽ, ലൂഥറൻ സഭകളിൽ എന്നെ ക്ഷണിച്ച് ഇത്ര കാലം ദൈവവേലയിൽ ഉപയോഗിച്ച ബിഷപ്പുമാർക്കും, പുരോഹിതന്മാർക്കും, സഭാഭാരവാഹികൾക്കും ഈ സമയത്ത് നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ദൈവവേല തുടങ്ങി 50വർഷം പൂർത്തിയായി. 51-ാം വർഷം തുടർന്ന് ദൈവവേല ചെയ്യുവാൻ ദൈവം എനിക്ക് കൃപ നൽകി. എന്റെ വയസ്സ് 74. ദൈവം എനിക്ക് ശരീരത്തിൽ ഉപ്പ്, പഞ്ചസാര (പ്രമേഹം) ഇങ്ങനെയുള്ള അസുഖങ്ങൾ ഒന്നും ഇല്ലാതെ എന്നെ ആരോഗ്യത്തോടെ വെച്ചിരിക്കുന്നത് ദൈവം എനിക്ക് നൽകിയ കൃപയാകുന്നു.

ദൈവം എനിക്ക് പ്രത്യേക ദൗത്യം നൽകി. 'ജാമക്കാരൻ'(കാവൽക്കാരൻ) എന്റെ മാസിക വഴിയായി തെറ്റായ ഉപദേശങ്ങളെ ചെയ്യുന്ന ദൈവവേലക്കാരെ, പണം തട്ടിപ്പ് നടത്തുന്ന ബിഷപ്പുമാരെയും, സഭയിലുള്ള അഴിമതികളെയും എന്റെ വായനക്കാർക്ക് ചൂണ്ടിക്കാണിച്ച് അവർക്ക് മുന്നറിയിപ്പ് നൽകി. ഇതുകൊണ്ട് പല ബിഷപ്പുമാരും, പാസ്റ്റർമാരും,സഭക്കാരും എന്നെ വെറുക്കാൻ തുടങ്ങി. എന്റെ കൈയിൽ കർത്താവ് കൊടുത്ത ഈ ദൗത്യത്തെ എന്റെ ആരോഗ്യം ഉള്ളടത്തോളം ഞാൻ ഇത് നിറവേറ്റും. കഴിഞ്ഞ 50 വർഷങ്ങളായി പ്രാർത്ഥനയിലും, പണം അയച്ചും ഈ ദൈവവേലയെ താങ്ങിയ കേരളത്തിലുള്ള എല്ലാ സഭയിലുമുള്ള ക്രിസ്തുവിശ്വാസികൾക്കും, ജാമക്കാരൻ വായനക്കാർ കുടുംബക്കാർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. എന്റെ മാസികയായ ജാമക്കാരന് വരിസംഖ്യ ഇല്ല. മാസികയും എന്റെ മലയാളം സി.ഡിയും ആവശ്യപ്പെടുന്നവർ പ്രാർത്ഥനാകുറിപ്പും,വചനസംശയങ്ങളും ചോദിച്ചറിയുവാനും കുടുംബപ്രശ്നങ്ങൾക്ക് ആലോചന ആവശ്യപ്പെടുന്നവരും ബന്ധപ്പെടുവാൻ.



2014

SEPTEMBER 2014

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at Priya Pathipagam,197.LIC Colony, Salem-636 004
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.